PROCEEDINGS

of

THE TRAVANCORE REPRESENTATIVE BODY

(OFFICIAL REPORT)

SECOND MEETING

Wednesday, the 14th April 1948/2nd Medam 1123.

The Representative Body met in the Legislative Chamber, Trivandrum, at eleven of the clock on Wednesday, the 14th April 1948/2nd Medam 1123, the President (the Honourable Mr. A. J. John) in the Chair.

RULES OF PROCEDURE OF THE REPRESENTATIVE BODY (*Contd.*)

MR. PRESIDENT : രാമ നമ്പർ—മി. കെ. പി. നീലകണ്ഠപ്പിള്ള യുടെ അമൻറ്മെൻറിനെപ്പറ്റി സംസാരിക്കാം.

MR. G. CHANDRASEKHARA PILLAI (*Neyyattinkara II—General*) : ഈ ഭേഗേതിയെ ഞാൻ എതിക്കുന്നു. ഈ ഭേഗേതി അവതരിപ്പിച്ചു കൊണ്ടു് ഇതിനു് ഉപോൽബലകമായി ഉന്നയിച്ച അതിപ്രധാനമായ വാദം, ഇൻഡ്യൻ കാണസംബ്ളിയിൽ തയാറാക്കിയിട്ടുള്ള ഭരണ ഘടനാവ്യവസ്ഥയിൽ മൗലികാവകാശസംരക്ഷണവും ന്യൂനപക്ഷ സംരക്ഷണവ്യവസ്ഥയും ഉൾപ്പെട്ടിട്ടുണ്ടെന്നും മൗലികാവകാശത്തെ പ്പറ്റിയും ന്യൂനപക്ഷങ്ങളെപ്പറ്റിയും ഉള്ള വ്യവസ്ഥ ഇൻഡ്യൻ യൂണി യൻറെ എല്ലാ ഘടകങ്ങളേയും ഒരുപോലെ ബാധിക്കുന്നതാണെന്നും അതിനാൽ ഇവിടെ അതിനെപ്പറ്റി റിപ്പോർട്ട് ചെയ്യുന്നതിനു ഒരു അഡൈ്വസറികമ്മിറ്റി ആവശ്യമില്ലെന്നും ആണു്. എനിക്കു പറയു വാനുള്ളതു, അതു് ഒരു കരട് ഭരണഘടനയാണു് എന്നും അതു് ഏതു ഘട്ടത്തിലും ഭേഗേതി ചെയ്യുവാൻ സാദ്ധ്യതയുണ്ടെന്നും ആണു്. ഒരു പക്ഷേ അതിൻറെ അവസാന ഘട്ടത്തിൽ ഈ മൗലികാവകാശത്തെ പ്പറ്റിയുള്ള വ്യവസ്ഥ നാട്ടുരാജ്യങ്ങളെ ബന്ധിക്കുന്നതല്ലെന്നുവരാനും സാദ്ധ്യതയുണ്ടാകാമെന്നാണു്. ആ സ്ഥിതിക്കു് ഇവിടെ ഒരു അഡൈ്വസറി

LIBRARY ARCHIVES Kerala Legislative Assembly

[Mr. G. Chandrasekhara Pillai]

കമ്മിറ്റി ഉണ്ടാക്കുന്നതിൽ യാതൊരു ദോഷവും വരാൻപോകുന്നില്ല. രണ്ടാമതായി ഈ കരടു ഭരണഘടനയിൽ കാണിച്ചിട്ടുള്ള വ്യവസ്ഥ കൾക്കു് ആവശ്യമെന്നു തോന്നുന്നപക്ഷം ദ്രുതഗതി വരുത്തുന്നതിനും എന്തെങ്കിലും കൂട്ടലായി എഴുതി ചേർക്കാമെന്നുള്ളതാണു്. മൂന്നാമതായി, ഈ കരടു് ഭരണഘടനയിൽ ഷെഡ്യൂൾഡ് കാസ്റ്റ്, മുസ്ലീംസ്, ഇൻഡ്യൻ ക്രിസ്ത്യാനി സമുദായം എന്നീ മൂന്നു ന്യൂനപക്ഷങ്ങളെപ്പറ്റി മാത്രമേ വിവരിച്ചിട്ടുള്ളൂ. ഇവിടെ അതിൽ കൂട്ടലായി ന്യൂന പക്ഷങ്ങൾ ഉണ്ടു്. അവരുടെ സംരക്ഷണവ്യവസ്ഥയും ഉൾക്കൊള്ളേണ്ടതു് അത്യന്താപേക്ഷിതമാണു്.

സർ, എനിക്കു പറയുവാനുള്ളതു് ന്യായം നടത്തിയാൽപോരാ, ന്യായം നടത്തുന്നു എന്നു് ഒരു ബോദ്ധ്യം ഉണ്ടാക്കുകയുംകൂടി വേണം. ന്യൂനപക്ഷങ്ങൾക്കു് അവരുടെ സംരക്ഷണം ആവശ്യമാണെന്നും ഇങ്ങനെ ഒരു അഡൈ്വസറികമ്മിറ്റിമുഖേന അവരുടെ സംരക്ഷണവ്യവസ്ഥ യുണ്ടാകുമെന്നും ആണു് വിശ്വാസം. അങ്ങനെയുള്ള ഒരു വ്യവസ്ഥ ഇവിടെയുള്ളതു് ഇതിൽനിന്നും എടുത്തുകളഞ്ഞാൽ അതു് അവർക്കു വിപരീതമായി ഉണ്ടാക്കാൻപോകുന്ന എന്തോ ഒരു ഏർപ്പാടാണെന്നു് അവർ സംശയിക്കാൻ ഇടയുണ്ടു്. അവർക്കു് അങ്ങനെ സംശയം കൊടുക്കുന്നതു ശരിയല്ലായെന്നും അവരുടെ താല്പര്യങ്ങൾക്കുവേണ്ടി ഈ കമ്മിറ്റി ആവശ്യമാണെന്നും എനിക്കു തോന്നുന്നു.

MR. K. P. NILAKANTA PILLAI (*Chirayinkil V—General*) : ഫസ്റ്റ് വകുപ്പനുസരിച്ചു് പ്രതിനിധിസമിതി മുഴുവൻ അംഗങ്ങളും ഉൾപ്പെട്ട ഒരു കമ്മിറ്റിയായി പിരിയാമെന്നും അങ്ങിനെയായാൽ ഈ ഹൗസു മുഴുവൻകാര്യങ്ങളും ചർച്ച ചെയ്യും എന്നും മെമ്പർക്കറിയാമോ ?

MR. G. CHANDRASEKHARA PILLAI : അറിയാം. എങ്കിലും ഒരു ചെറിയ കമ്മിറ്റി ചെയ്യുന്നതാണു് കൂടുതൽ കാര്യക്ഷമമാകുന്നതു്. അതിനാൽ നമ്മുടെ രൂപം അതുപോലെ പാസ്സാക്കണമെന്നും ന്യൂനപക്ഷങ്ങൾക്കു് തകരാറു വരുമെന്നു് സംശയിക്കാൻ ഇടകൊടുക്കരുതെന്നുമാണു് എനിക്കു പറയുവാനുള്ളതു്.

MR. K. R. ELANKATH (*Trivandrum IV—General*) : ന്യൂനപക്ഷ സംരക്ഷണം വേണ്ടാ എന്നു് അഭിപ്രായം ഉണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly.

MR. G. CHANDRASEKHARA PILLAI: ഇങ്ങനെ ഒരു അഡ്വൈസറി കമ്മിറ്റി വേണമെന്ന് ഈ റൂംസിൽ ഉള്ള സ്ഥിതിക്ക് ന്യൂനപക്ഷങ്ങളുടെ സംരക്ഷണവ്യവസ്ഥ വേണമെങ്കിൽ കൂടുതലായി ഉണ്ടാക്കാൻ കൂടി ആ കമ്മിറ്റി പ്രയോജനപ്പെടും. അതിനാൽ അവക്ക് എന്തെങ്കിലും സംരക്ഷണവ്യവസ്ഥ കൂടുതലായി ഉണ്ടാക്കാൻ സാധിക്കുമെങ്കിൽ അതിനുള്ള സാദ്ധ്യതയുംകൂടി ഇരിക്കട്ടെ. ഈ റൂംസിൽ ഈ വകുപ്പുള്ളതുകൊണ്ട് യാതൊരു ദോഷവും വരാനില്ല. അതിനാൽ ബഹുമാനപ്പെട്ട മെംബറന്മാരോടു് പറയാനുള്ളതു് ഈ വകുപ്പു് അതേപടി പാസ്സാക്കണമെന്നും, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതിയെ എടുകണ്ണുമായി തിരസ്കരിക്കണമെന്നുമാണു്.

MR. D. PONNIAH (*Agasteeswaram—Paraya reserved*): கனம் தலைவர் அவர்களே ! சிறுபான்மையோர் பாதுகாப்பு விஷயமாகக் கொண்டுவந்திருக்கும் திருத்தப் பிரேரணையை எதிர்க்கிறேன் என் என்றால் சிறுபான்மையோரின் பாதுகாப்புவிஷயமும், அவர்கள் முன்னேற்றத்திற்குள்ள நடவடிக்கைகளையும் இக்கமிற்றி தானே தீர்மானித்து அதன் விபரத்தை சபையில் தெரிவித்தால் மிகவும் நலமாயிருக்கும். ஏன் என்றால், இக்கமிற்றி இல்லாமல் சிறு பான்மையோரின் விஷயங்களை நேரிலே இச்சபையில் கொண்டு வந்தால் சில கஷ்டங்கள் உண்டாகும். அதோடுகூட இந்திய யூனியனிலும் சிறுபான்மையோரின் விஷயத்தை கவனிக்கும் பொருட்டும், அவர்கள்முன்னேற்றத்தைக் கருதியே இந்திய யூனியன் அரசியலிலும் இதைப்போல் சிறு பான்மையோர் கமிற்றி நியமித்திருக்கிறார்கள்.

வங்காளத்தில் இந்து முஸ்லீம் சர்ச்சைகள் ஏற்பட்டுபெரும் கலவரம் நிலவிருக்கும்போதுகூட உலகம் போற்றும் உத்தமர் மஹாத்மா காந்தியடிகள் நவகாளி என்னுமிடத்திற்குச் சென்று சமாதானத்தை நிறுவி, சிறுபான்மையோர் வசிக்குமிடத்தில் வசித்துவந்தார். சிறு பான்மையோரின் கஷ்டநஷ்டங்களைத் தீர்க்கும் பொருட்டும் அந்த இடத்திலே இருந்தும் சிறுபான்மையோருக்காக வேண்டி கமிற்றி ஏற்படுத்தியும், அவர்களுக்கு தைரியமும், ஊக்கமும் உண்டாக அங்கேயே பாடுபட்டார். நம் அண்ணல் காந்தியடிகள் சமாதானபோது, சிறுபான்மையோரின் நலனுக்காகப்பாடுபட்டதல்லாமல் அவர்களுடைய நன்மைக்காகத்தன்உடல், பொருள், ஆவி மூன்றையுமே தத்தம் செய்தார். அதுவுமல்லாமல் சிறுபான்மையோரின் கஷ்டநஷ்டங்களை மாகாத்மஜி நடத்திவந்த ஹரிஜன் பத்திரிகையிலும் உலகத்திற்கு விளக்கிக்காட்டினார். அதன் பலனாக இந்தியாவிலே பல பாகங்களிலும் வேலை செய்யத்துடங்கி சிறு பான்மையோருக்கு கொஞ்சம் விடுதலை கிடைத்திருக்கிறது. அப்படியிருக்க நம் நாட்டிலும் சில மேதாவிகள் சிறுபான்மையோருக்கென்று உழைத்தார்கள். சிறு பான்மையோருக்காக காருண்ணிய கவர்மெண்டாரும் ஏராளமான பணத்தையும் கொடுத்து சில ஆட்களையும்வைத்து நடத்திவருகிறார்கள். ஆனால் சிலர் பணங்களை அபகரித்துவிட்டு அவர்களை துர்காயத்தில் : பறக்கவிட்டு விட்டார்கள். அவர்க

LIBRARY ARCHIVES Kerala Legislative Assembly

[Mr. D. Ponniah]

ளும் பழைய கறுப்பன், கறுப்பனே என்ற நிலையில் தானிருக்கிறார்கள். இப்படியிருக்க உலகமே நன் கறிந்த சில மெம்பர்கள், கனம் K. P. நீல கண்டப்பிள்ளை, கனம் N. P. வற்கீஸ், கனம் பொன்னற ஸ்ரீதர், கனம் P. S. நடராஜபிள்ளை, கனம் உதயபானு இவர்கள் மேற் குறிப்பிட்ட கமிற்றிவேண்டாமென்று சொல்வது வருந்தத்தக்கதே. ஆகையால் சிறு பான்மையோர் நன்மையின் பொருட்டு கொண்டுவரப்பட்டிருக்கும் பிரேரணையை ஆமோதிக்கும்படி இச்சபையை வேண்டிக் கொள்ளுகிறேன்.

MR. R. SANKAR (*Quilon IV—General*): ഞാൻ ഈ ഭേഗതിയെ എതിക്കുന്നു. ഇപ്രകാരം ഒരു ഭേഗതി അവതരിപ്പിക്കാൻതന്നെ ഇടയായതു് സ്ഥിരാഗ്യകരമായിപ്പോയി എന്നാണു് എന്റെ അഭിപ്രായം. ഇവിടെ ഈ വകുപ്പു എടുത്തുകളയുന്നതിനു് പറഞ്ഞ ന്യായങ്ങളുടെ കൂട്ടത്തിൽ മുഖ്യമായി കണ്ടതു് ഇൻഡ്യൻ കാണസംബ്ളിയിൽ ഈ വിഷയത്തെപ്പറ്റി പര്യാലോചിക്കുന്നതിനു് ഒരു കമ്മിറ്റിയെ ഏർപ്പെടുത്തുകയും ആ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ സാരാംശം ഡ്രാഫ്റ്റു് കാൺസ്റ്റിട്ടൂഷനിൽ സ്വീകരിക്കുകയും ചെയ്ത സ്ഥിതിക്കു് ആ ഡ്രാഫ്റ്റു് കാൺസ്റ്റിട്ടൂഷനിലുള്ള വ്യവസ്ഥ ഇൻഡ്യൻ യൂണിയന്റെ ഘടകമായ ഈ സംസ്ഥാനവും സ്വീകരിക്കാൻ ബാദ്ധ്യസ്ഥമായതുകൊണ്ടു് ഇവിടത്തെ ഭരണഘടനയിൽ ഇപ്രകാരം ഒരു പ്രത്യേക കമ്മിറ്റി ആവശ്യമില്ലാ എന്നുള്ളതാണു്. മൗലികാവകാശത്തെ സംബന്ധിച്ചിടത്തോളം, ഇന്ഡ്യൻ കാണസംബ്ളിയിലെ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ തത്വത്തിനു വിപരീതമായി എന്തെങ്കിലും പറയാൻ തിരുവിതാംകൂറിലെ അസംബ്ളിക്കു് അധികാരം ഇല്ലായെന്നാണു ഞാനും പറയുന്നതു. എന്നാൽ അതിന്റെ വ്യവസ്ഥയോടു് യോജിക്കുന്നതും, ഇവിടത്തെ പ്രത്യേക പരിതഃസ്ഥിതിയിൽ ആവശ്യമെന്നു തോന്നാവുന്നതുമായ എന്തെങ്കിലും പുതിയ വ്യവസ്ഥകൂടി ഇതിൽ ചേർക്കണമെന്നു് വന്നാൽ, അതിനു് ഈ സഭക്കു് അധികാരമുള്ളതാണു്. അതുകൊണ്ടു് മൗലികാവകാശങ്ങളെ സംബന്ധിച്ചിടത്തോളം ഈ സഭയിൽനിന്നും നായകത്വമാകുന്ന സബ്കമ്മിറ്റിക്കു് ഈ രാജ്യത്തെ പ്രത്യേക പരിതഃസ്ഥിതിയിൽ, എന്തെങ്കിലും കൂടുതൽ ചേർക്കണമെന്നു് ഉണ്ടെങ്കിൽ അതിനുള്ള അവസരം ഈ വകുപ്പു് ഇരിക്കുന്നതുമൂലം ഉണ്ടായി ലഭിക്കുകയും ഭേഗതി സ്വീകരിക്കുന്നപക്ഷം അതില്ലാതെയാകുകയും ചെയ്യുന്നു.

MR. K. P. NILAKANTA PILLAI: ഇതിനു് ഒരുദാഹരണം പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. R. SANKAR : ഉദാഹരണം പറയുന്നില്ല. ഞാൻ പറയുന്നതു മുഴുവൻ കേൾക്കണം. അവസാനം സംശയമുണ്ടെങ്കിൽ ചോദിക്കണം. ന്യൂനപക്ഷങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ആവശ്യമായ വ്യവസ്ഥകളെപ്പറ്റി റിപ്പോർട്ട് സമർപ്പിക്കുകയാണ് ഈ കമ്മിറ്റിയുടെ മറ്റൊരു ജോലി. തിരുവിതാംകൂറിൽ, ഇൻഡ്യൻ യൂണിയനിൽ ഉള്ളതിനെക്കാൾ, കൂടുതൽ ന്യൂനപക്ഷങ്ങൾ ഉണ്ട്, എന്നുള്ളതു കേവലം പരമാർത്ഥമാണ്. പല രാജ്യത്തിലും ഭൂരിപക്ഷത്തിന്റെ ഭരണം സുഗമമായി മുന്നോട്ടു പോകുന്നതു്, ന്യൂനപക്ഷത്തിന്റെ ആത്മാർത്ഥമായ സഹകരണവും വിശ്വാസവുംകൊണ്ടാണെന്ന് അടുത്തകാലത്തെ ലോകചരിത്രം തെളിയിച്ചിട്ടുണ്ട്. ഭൂരിപക്ഷത്തിന്റെ വിജയം, ന്യൂനപക്ഷത്തിന്റെ പരിപൂർണ്ണസഹകരണവും വിശ്വാസവും സമ്പാദിക്കുക എന്നുള്ളതിനെ ആശ്രയിച്ചാണിരിക്കുന്നതു്. ഇവിടെ ഒരു സബ് കമ്മിറ്റിയുടെ കാര്യം ഈ ഡ്രാഫ്റ്റിംഗ് റൂമിൽ ചേർത്തതിനുശേഷം ആ റൂം എടുത്തു കളയുന്നതു് ആശാസ്യമല്ല. ഈ സഭയിൽത്തന്നെ ന്യൂനപക്ഷങ്ങൾക്ക് വേണ്ടത്ര പ്രാതിനിധ്യം ലഭിച്ചിട്ടുണ്ട് എന്നും ഈ സഭതന്നെ കമ്മിറ്റിയായിരിക്കുവാൻ വ്യവസ്ഥയുള്ളതുകൊണ്ട്, പ്രത്യേകമായ ഒരു കമ്മിറ്റിയുടെ ആവശ്യമില്ലെന്നും ഉള്ള വാദം ഉന്നയിക്കുന്നതു കേട്ടു.

MR. K. P. NILAKANTA PILLAI : ഒരു പ്രത്യേക ന്യൂനപക്ഷത്തിന്റെ അവകാശം സംരക്ഷിക്കാൻവേണ്ടിയുള്ള വ്യവസ്ഥയെ സംബന്ധിച്ച ഒരു ഉദാഹരണം പറയാമോ ?

MR. R. SANKAR : ന്യൂനപക്ഷങ്ങളുടെ അവകാശത്തെപ്പറ്റി ഒരു പ്രസംഗം നടത്താനല്ല ഞാൻ ഇപ്പോൾ നില്ക്കുന്നതു്. ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക താല്പര്യങ്ങൾ ഉണ്ടെന്നും താല്പര്യസംരക്ഷണത്തിന് അവക്ക് ആശങ്കയുണ്ടെന്നും ഈ രാജ്യത്തു് രാഷ്ട്രീയമായ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ള സകലരും സമ്മതിച്ചിട്ടുണ്ട്. തിരുവിതാംകൂറിലെ ഏറ്റവും വലിയ രാഷ്ട്രീയപാർട്ടിയായ സ്റ്റേറ്റ് കോൺഗ്രസ് പോലും അതിന്റെ വിശ്വാസപ്രമാണത്തിൽ ഉൾപ്പെടുത്തി ന്യൂനപക്ഷങ്ങളുടെ പ്രധാനമായ എല്ലാ താല്പര്യങ്ങളും സംരക്ഷിക്കുന്നതാണെന്ന് ഒരു വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഏതായാലും എല്ലാ ന്യൂനപക്ഷങ്ങൾക്കും ഇവിടെ പ്രാതിനിധ്യം ശരിയായി ലഭിച്ചിട്ടില്ലെന്നും ഇനിയും ചില ന്യൂനപക്ഷങ്ങൾക്ക് പ്രാതിനിധ്യം ലഭിക്കാനുണ്ടെന്നും അവർക്ക് അതിൽ

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Sankar]

സങ്കടമുണ്ടെന്നുള്ള വസ്തുതയും നമുക്കെല്ലാവർക്കും അറിയാം. ഈ സഭയിലുള്ള അംഗങ്ങളും എല്ലാവരുംകൂടിയിരുന്ന് ഈ ന്യൂനപക്ഷങ്ങളുടെ ആവശ്യങ്ങളും എന്തെല്ലാമാണെന്ന് തീരുമാനിക്കുന്നതിനെക്കാളും നല്ലത് ഒരു സബ് കമ്മിറ്റിതന്നെ ആ ജോലി ചെയ്യുന്നതാണ്. ഒരു സബ് കമ്മിറ്റിയായാൽ അത്യാവശ്യമാണെന്നു കാണുന്നപക്ഷം പല സ്ഥലങ്ങളിലുംപോയി അന്വേഷണങ്ങളും നടത്തുന്നതിനും സൗകര്യം ലഭിക്കും. അതിനാൽ ഈ വകുപ്പു ഇതിൽനിന്നും എടുത്തുകളയരുതെന്നും, ഈ ഭേദഗതി സ്വീകരിക്കാൻ പാടില്ലെന്നുമാണ് എന്റെ അഭിപ്രായം.

MR. ABDUL AZIZ (*Trivandrum II—Muslim Reserved*) : ഇങ്ങനെയുള്ള ഭേദഗതികളും ഈ സഭയിൽ രണ്ടു മൂന്നു ബഹുമാനപ്പെട്ട മെമ്പറന്മാർ ഹാജരാക്കാൻ ഇടയായതു് വളരെ നിർഭാഗ്യകരമായിപ്പോയി എന്നാണ് എനിക്കു പറയുവാനുള്ളതു്. ഈ സഭ അതിന്റെ ആരംഭംമുതൽ ഇതുവരെ ഏർപ്പെട്ടിരുന്ന ജോലികളുടെ അവസാനത്തെപ്പറ്റി നമ്മെ പ്രതിനിധികളായി തിരഞ്ഞെടുത്തയച്ചിട്ടുള്ള ബഹുലക്ഷം ജനങ്ങളും വളരെ ഉൽക്കണ്ഠയോടുകൂടി പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഭേദഗതിയെപ്പറ്റി പറയുകയാണെങ്കിൽ രണ്ടു വാദമുഖത്തിലാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നതു് എന്നു കാണാം. ഒന്നാമതായി ഈ വകുപ്പിനെ സംബന്ധിച്ച സംരക്ഷണവ്യവസ്ഥകളൊന്നും വേണ്ട എന്നും. രണ്ടാമതായി അതിലേക്കു പ്രത്യേകം ഒരു കമ്മിറ്റിതന്നെ ആവശ്യമില്ലാ എന്നും, ന്യൂനപക്ഷ താൽപ്പര്യങ്ങളെപ്പറ്റി കേവലം ഉദാസീനമായ ഒരു നയം കൈയ്യാളുന്നു എന്നുള്ളതിന്റെ സൂചനയാവാം ഒരുപക്ഷേ ഈ വാദം.

MR. G. P. NILAKANTA PILLAI (*Karunagapalli I—General*) : അങ്ങനെയുള്ള സൂചനകളൊന്നും ഉണ്ടായിട്ടില്ലെന്നും, ഇതു് മെമ്പറന്മാരുടെ ഉദ്ദേശശുദ്ധിയേപ്പറ്റി ചോദ്യംചെയ്യുന്നതിനാൽ പാർലമെന്ററിയല്ലെന്നും ബഹു. മെമ്പർ മനസ്സിലാക്കിയാൽകൊള്ളാം.

MR. ABDUL AZIZ: അങ്ങനെയുള്ള ഒരുദ്ദേശം ആർക്കെങ്കിലും ഉണ്ടെന്നു ഞാൻ പറഞ്ഞില്ല. ഈ വാദം ആകെക്കൂടി നോക്കുമ്പോൾ ഇവിടെ ന്യൂനപക്ഷപ്രശ്നമേ ഇല്ലെന്നു തോന്നിപ്പോകും.

നാം ഒരു ഭരണഘടനാ നിയമം എഴുതിയുണ്ടാക്കാനാണ് വന്നിരിക്കുന്നതു്. ഈ ഭരണഘടന ഈ നാട്ടിലെ വിവിധ താൽപര്യങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

മുൻനിറുത്തി നിമ്മിക്കേണ്ടതാണ്. ഈ നാട്ടിലെ ഓരോ പൌരനും, ആ പൌരൻ ഭൂരിപക്ഷത്തിലോ ന്യൂനപക്ഷത്തിലോ ഉൾപ്പെടട്ടെ, ഈ നാട്ടിലെ പൌരനാണെന്നുള്ള സ്ഥിതിക്ക് സംരക്ഷണവ്യവസ്ഥ കെട്ടുന്നതിന് അവകാശമുണ്ടെന്നാണ് എനിക്കു പറയുവാനുള്ളത്. ഇതിനെ സംബന്ധിച്ചു ഒരു വിശദീകരണത്തിന് ഇടംകൊടുക്കാതെ ഇടംപ്രഥമമായി ചെയ്യേണ്ടകർത്തവ്യം ഓരോ പൌരന്റെയും മൌലികാവകാശങ്ങളേയും, ഈ നാട്ടിലെ ന്യൂനപക്ഷങ്ങളുടെ താല്പര്യങ്ങളേയുംപറ്റി ചിന്തിക്കുകയെന്നുള്ളതാണ്. അതിലേക്ക് ഒരു ഉപദേശകകമ്മിറ്റി വേണമെന്നുള്ളതിനു മൂന്നിക്കാണിച്ചിട്ടുള്ള കാരണങ്ങൾ വിചിത്രമാണ്. ഒരു മെമ്പർ പറഞ്ഞു—ഈ സഭയെ മുഴുവൻ ഒരു കമ്മിറ്റിയായി രൂപാന്തരപ്പെടുത്തി ചർച്ചചെയ്യാമെന്നു; മറൊരു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഇൻഡ്യൻ കാൺഅസംബ്ലിയിലെ Draft Constitution എഴുതി ഉണ്ടാക്കിയിരിക്കുന്നത് . ആ സഭയിൽ പാസ്സായിക്കഴിയുമ്പോൾ അതു നമ്മേയും സ്പർശിക്കുന്നതാണെന്നും അതുകൊണ്ട് ഇവിടെ ഒരു കമ്മിറ്റി അസംഗതമാണെന്നുമാണ്. മി. ഉദയഭാനു പറയുകയുണ്ടായി ന. ർ-ാംവകുപ്പ് ബ്രിട്ടീഷുകാർ ഇൻഡ്യയെ വിട്ടുപോയപ്പോൾ ഇൻഡ്യാക്കാരുടെ കാലുകളിൽ ഇട്ടിട്ടുപോയ ചങ്ങലയാണെന്ന്. അടിമത്വത്തിൽ കിടന്ന നമ്മുടെ ആളുകളുടെ ഹൃദയം മുരടിച്ചുപോയതുകൊണ്ട്, സ്വാതന്ത്ര്യവും അടിമത്വവും തമ്മിലുള്ള വ്യത്യാസംപോലും മനസ്സിലാക്കാൻ കെല്പില്ലാതെ പോയിരിക്കുന്നു. ഈ കമ്മിറ്റിയുടെ ചർച്ചയ്ക്ക് വിഷയീഭവിച്ചിരിക്കുന്ന കാര്യത്തെപ്പറ്റി കാൺസ്റ്റിട്ടുവൻറ് അസംബ്ളിയിൽ ഗോവിന്ദവല്ലഭപൻറ് ചെയ്ത പ്രസംഗംതന്നെ ഞാൻ പ്രസിഡൻറിന്റെ അനുമതിയോടുകൂടി ഇവിടെ വായിക്കാം.

"The question of minorities everywhere looms large in constitutional discussions. Many a constitution has foundered on this Rock. A satisfactory solution of questions pertaining to minorities will ensure the health, vitality and strength of the free State of India that will come into existence as a result of our discussions here. The question of minorities cannot possibly be overrated. It has been used so far for creating strife, distrust and cleavage between the different sections of the Indian nation. Imperialism thrives on such strife. It is interested in fomenting such tendencies. So far, the minorities have been incited and have been influenced in a manner which has hampered the growth of cohesion and unity. But now it is necessary that a new chapter should start and we should all realise our responsibility. Unless the minorities are

LIBRARY ARCHIVES Kerala Legislative Assembly

[Mr. Abdul Aziz]

fully satisfied, we cannot make any progress; we cannot even maintain peace in an undisturbed manner. So all that can possibly be done should be done. *We should have, in fact, proposed a Committee of this type even if there had been no mention of it in the Statement of May 16th*".

ഇതിലെ അവസാനവാചകം മി. ഉദയഭാനുവിന്റെ പ്രത്യേക ശ്രദ്ധയ്ക്ക് വിഷയീഭവിക്കേണ്ടതാണ്.

ഈ വിധത്തിലാണ ഇൻഡ്യൻ കാൺഅസംബ്ളിയിലെ ചർച്ച കൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നത്. ഈ വിധത്തിൽ അവിടെ നടക്കു മ്പോൾ ഈ നാട്ടിലും വിവിധ സമുദായങ്ങൾക്കും, പലതരത്തിലുള്ള ന്യൂനപക്ഷങ്ങൾക്കും സംരക്ഷണവ്യവസ്ഥകൾ ചെയ്യേണ്ടതാണ്. ഈ വ്യവസ്ഥകളെല്ലാം ഭൂരിപക്ഷതാല്പര്യങ്ങളുടെ തണലിൽനിന്നും കിട്ടുന്ന താണെന്ന വിശ്വസിച്ചുകൊണ്ട് പോകാനുള്ള തീരുമാനമാണ് ഭേദ ഗതിമൂലം ഉണ്ടാകാൻ പോകുന്നതെങ്കിൽ അത് ഏറ്റവും നിർഭാഗ്യ കരമായിരിക്കും. ന്യൂനപക്ഷസമുദായങ്ങളുടെ ഇന്നത്തെ പരിതാപകര മായ നിലയെപ്പറ്റി അന്വേഷിച്ച് മനസ്സിലാക്കുന്നതിന് നാട്ടിന്റെ നാനാഭാഗങ്ങളിലും ന്യൂനപക്ഷങ്ങളുടെ ഇടയിലും സഞ്ചരിച്ച് അവ രുടെ വിഷമതകൾ നല്ലവണ്ണം മനസ്സിലാക്കണം. ഈ നാട്ടിലെ ഭരണ ഘടനയിൻകീഴിൽ ഈ നാട്ടിലെ ഏതൊരു പൌരനും മറ്റാരേയും പോലെ തുല്യാവകാശവും തുല്യസന്ദർഭവും ലഭിക്കേണ്ടതാണ്. അത് ഈ നാട്ടിലെ ന്യൂനപക്ഷങ്ങളുടെ താല്പര്യങ്ങൾക്കും ഈ നാട്ടിൽ സം ജാതമായിട്ടുള്ള വിവിധ സമുദായങ്ങളുടെ മൈത്രിക്കും ആവശ്യമാണെ ന്നാണ് എനിക്കു ബഹുമാനപ്പെട്ട മെമ്പറന്മാരോട് പറയുവാനുള്ളത്. അതുകൊണ്ട് ഈ ഭേദഗതി അവതരിപ്പിച്ച മെമ്പർ അതു പിൻവലി ക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

MR. S. NILAKANTA AIYAR (*Trivandrum I—General*): സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഒരു കാൺസ്റ്റിട്ടൂഷൻ എഴു തിയുണ്ടാക്കുമ്പോൾ ആദ്യമായി ചെയ്യേണ്ടത് Fundmental rights-നെ പ്പറ്റിയുള്ള അദ്ധ്യായത്തിനു പ്രഥമസ്ഥാനം കൊടുക്കുകയെന്നുള്ള താണ്. ഈ ഭേദഗതി കൊണ്ടുവന്നവരെല്ലാം അതിലേക്കു പറഞ്ഞ വാദങ്ങളിൽ പറഞ്ഞത് ഇൻഡ്യൻ കാൺസ്റ്റിട്ടുവൻറ് അസംബ്ളി യിൽ ഡ്രാഫ്റ്റു കാൺസ്റ്റിട്ടൂഷൻ എഴുതിയുണ്ടാക്കിയിട്ടുള്ളതുകൊണ്ട് നമുക്കു അതു പകർത്തിയാൽ മതിയെന്നും അതു നമ്മേയും ബന്ധി ക്കുന്നതുമാണെന്നുമാണ്. എന്നാൽ എനിക്കു പറയുവാനുള്ളത്,

LIBRARY ARCHIVES Kerala Legislative Assembly

അത് നമ്മേയും ബന്ധിക്കുമെന്നുള്ളതു ശരിയല്ലെന്നാണ്. ഇൻഡ്യൻ Draft കാൺസ്റ്റിട്ടൂഷനിൽ കുറെയാളുകൾ മൌലികാവകാശങ്ങളെപ്പറ്റി പറഞ്ഞിട്ടുണ്ട്. അതിൽകുറവായോ അതിനു വിപരീതമായോ ഇന്ത്യൻ യൂണിയനിൽ ചേർന്നിട്ടുള്ള രാജ്യങ്ങൾ എഴുതിയുണ്ടാക്കാൻ പാടില്ലാ എന്നു് അതിൽ പറഞ്ഞിട്ടുണ്ട്. ഇതിൽ നിന്നും വ്യക്തമാകുന്നതു് ഏതൊരു സ്റ്റേറിനും കാൺസ്റ്റിട്ടൂഷൻ എഴുതിയുണ്ടാക്കുമ്പോൾ മൌലികാവകാശങ്ങളെപ്പറ്റി എഴുതിയുണ്ടാക്കുന്നതിനു സൌകര്യം കൊടുത്തിരിക്കുന്നുവെന്നാണ്. ഇൻഡ്യയിൽ അതുകൊണ്ടാടെ പന്ത്രണ്ടോളം മേജർ സ്റ്റേറുകളുണ്ട്. ഇതിനെല്ലാം മി. വി. പി. മേനോനാണ് കാൺസ്റ്റിട്ടൂഷൻ സെക്രട്ടറിസ്ഥാനം വഹിക്കുന്നതു്. ഈ ഘടകങ്ങളോടുള്ളവരെല്ലാം പ്രത്യേകം പ്രത്യേകം കാൺസ്റ്റിട്ടൂഷൻ ഉണ്ടാക്കണമെന്നു് അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. ഇൻഡ്യൻ കാൺസ്റ്റിട്ടൂഷൻ എഴുതിയുണ്ടാക്കിയപ്പോൾ സ്റ്റേറുകൾക്കും പ്രത്യേകം constitutional rights കൊടുത്തിട്ടുണ്ട്. അങ്ങനെയെങ്കിൽ സ്റ്റേറുകൾക്കു് അതിനു വിപരീതമായ മൌലികാവകാശങ്ങളും എഴുതിയുണ്ടാക്കാൻ പാടില്ല അതിനുപുറമേ അവർ കൊടുത്തിരിക്കുന്ന മൌലികാവകാശങ്ങൾക്കു കുറവായും യാതൊരു സ്റ്റേറിനും എഴുതിയുണ്ടാക്കുവാൻ പാടില്ല. ഇതിൽനിന്നും അനുമാനിക്കാനുള്ളതു് തിരുവിതാംകൂറിൽ മൌലികാവകാശങ്ങളും എഴുതിയുണ്ടാക്കാനവകാശമുണ്ടെന്നാണ്. എന്നാൽ ഇൻഡ്യൻയൂണിനു വ്യത്യസ്തമായോ, കൂടുതലായോ ഉണ്ടാക്കാൻ പാടില്ലന്നേ പറഞ്ഞിട്ടുള്ളൂ. ഒരു കാൺസ്റ്റിട്ടൂഷൻ എഴുതിയുണ്ടാക്കണമെങ്കിൽ തന്നെ ഒരു കമ്മിറ്റി കൂടിയേ മതിയാവൂ. ഇവിടത്തെ പരിതഃസ്ഥിതിയിൽ എന്തെല്ലാം എഴുതിയുണ്ടാക്കണമെന്നാലോചിക്കുന്നതിനും ഒരു കമ്മിറ്റി വേണ്ടതാണ്. ഇവിടെ നടന്ന വാദങ്ങളിൽ കമ്മിറ്റി വേണ്ട എന്നു പറയുന്നതു് ശരിയല്ല. ഇതിനും പുറമേ ഇൻഡ്യൻ കാൺസംബ്ലിയിലെ കാൺസ്റ്റിട്ടൂഷനിൽ പറഞ്ഞിരിക്കുന്നതു് എന്തെങ്കിലും തർക്കമുണ്ടായാൽ അതിനു തീരുമാനമുണ്ടാക്കേണ്ടതു് സുപ്രീം കോർട്ട് ആണെന്നാണ്. തിരുവിതാംകൂറിനു് അങ്ങനെ സുപ്രീം കോർട്ടിനെ ആശ്രയിക്കാൻ സാധ്യമല്ല. അതിനാൽ നമുക്കു പ്രത്യേകമായ മൌലികാവകാശങ്ങളും വേണമെന്നും കാൺസ്റ്റിട്ടൂഷനിൽ അതിനു പ്രൊവിഷൻസ് ഉണ്ടാക്കണമെന്നുമാണു എനിക്കു പറയുവാനുള്ളതു്. ഒരു കാൺസ്റ്റിട്ടൂഷൻ എഴുതിയുണ്ടാക്കുമ്പോൾ ആദ്യമായി ശ്രദ്ധിക്കേണ്ടതു് മൌലികാവകാശങ്ങളെപ്പറ്റിയാണ്. മൌലികാവകാശങ്ങളെന്നു പറയുന്നതു ഇംഗ്ലീഷിൽ പറയുന്ന Four freedoms ആണ്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. S. Nilakanta Aiyar.]

ഒരു കാൺസ്റ്റിട്ടൂഷൻ എഴുതി ഉണ്ടാക്കുമ്പോൾ, ആദ്യമായി ചെയ്യേണ്ടതു് ഫണ്ടമെൻറൽ റയിറ്റ്സിനെപ്പറ്റി ആലോചിക്കുകയാണു്. ഫണ്ടമെൻറൽ റയിറ്റ്സ് എന്നു പറഞ്ഞാൽ (freedom of speech "England-four-freedoms") അതായതു്, സ്വാതന്ത്ര്യമായി സംസാരിക്കുവാനുള്ള അവകാശം, വസ്തു ഉടമകൾ സ്വന്തമായി വച്ചുകൊണ്ടിരിക്കുവാനുള്ള അവകാശം, നിയമവിരുദ്ധമായി അറസ്റ്റ് ചെയ്യാതിരിക്കുവാനുള്ള അവകാശം മുതലായവയാണു്. കമ്മിറ്റികൾ സകല ചർച്ചകളും എവിഡൻസ് എടുത്തു ചെയ്യേണ്ടതാണു്. ക്യാബിനറ്റ് മിഷനെക്കുറിച്ചു എന്റെ മാന്യസ്നേഹിതൻ മി. അസീസ് ഇവിടെ വിവരിച്ചു പറഞ്ഞു കഴിഞ്ഞു. ഇൻഡ്യൻ ക്യാബിനറ്റ് മിഷനു് വളരെ മുൻപു തന്നെ മൈനാറിട്ടീസിന്റെ മൗലികാവകാശങ്ങളെപ്പറ്റിയും മറ്റും ഇൻഡ്യൻ നാഷണൽ കാൺഗ്രസിൽനിന്നും ഫൻഡമെൻറൽ ഡിക്ലറേഷൻ പാസാക്കിയിട്ടുണ്ടു്. കൂടാതെ കാൺഗ്രസിന്റെ പാളിസിയും അനുസരിച്ചാണു് ഫണ്ടമെൻറൽ റയിറ്റ്സ് കമ്മിറ്റി ഏർപ്പെടുത്തിയതു്. വേറൊരുവാദം ഇവിടെ ഉന്നയിച്ചതു് എന്താണെന്നാൽ, മൈസൂറിനെക്കുറിച്ചാണു പറഞ്ഞതു്. അവിടെ ഫണ്ടമെൻറൽറയിറ്റ്സ് ആവശ്യമില്ലെന്നു് പറഞ്ഞതായി പറഞ്ഞു. അവിടെ കാൺസ്റ്റിട്ടൂവൻറ് അസംബ്ളി തുടങ്ങിയിട്ടേ ഉള്ളു. മൈസൂറിന് ഒരു മാഡൽ കാൺസ്റ്റിട്ടൂഷൻ എഴുതി ഉണ്ടാക്കണമെന്നാണു് അവർ പറഞ്ഞതു്. അല്ലാതെ ഫണ്ടമെൻറൽ റയിറ്റ്സു വേണ്ടെന്നല്ലാ. ഞാൻ പറയുന്നതു് തിരുവിതാംകൂറിലെ കാൺസിറ്റിട്ടൂഷൻ മറ്റുള്ള സകല സ്റ്റേറ്റുകളെയും അപേക്ഷിച്ചു് ഒരു മാഡൽ കാൺസ്റ്റിട്ടൂഷൻ ആയിരിക്കണമെന്നാണു്. ഇൻഡ്യൻ കാൺസ്റ്റിറ്റൂവൻറ് അസംബ്ളിയിൽ, ഈയിടയ്ക്കു മാഡൽ കാൺസ്റ്റിട്ടൂഷൻ സ്റ്റേറ്റുകൾക്കു ഉണ്ടാകാത്തതു എന്തുകൊണ്ടാണു് എന്നൊരു ചോദ്യമുണ്ടായി. മാഡൽ കാൺസ്റ്റിട്ടൂഷന്റെ ആവശ്യമില്ല അതായതു്, സ്റ്റേറ്റുകൾ ഉണ്ടാക്കിക്കൊള്ളും എന്നാണു് അവിടെയുള്ള നെഹ്റു മുതലായ മെംബറന്മാർ പറഞ്ഞതു്. അതുകൊണ്ടു സ്റ്റേറ്റുകൾക്കു ഫണ്ടമെൻറൽ റയിറ്റ്സ് ഉൾപ്പെടുത്തി കാൺസ്റ്റിട്ടൂഷൻ ഉണ്ടാക്കാമെന്നു വെളിപ്പെടുന്നതാണു്. ലോകത്തുള്ള സകല കാൺസ്റ്റിട്ടൂഷനുകളിലും ഫണ്ടമെൻറൽ റയിറ്റ്സിനെപ്പറ്റി പല വകുപ്പുകളുമുണ്ടു്. വളരെ ആരാഞ്ഞതിനുശേഷമാണു് പല സ്ഥലത്തും കമ്മിറ്റികളും മാറ്റും നിയമിച്ചു മറ്റുമാണു അവ ഉണ്ടാക്കിയിട്ടുള്ളതു്

LIBRARY ARCHIVES Kerala Legislative Assembly

അതുപോലുള്ള സ്ഥലങ്ങളിലെയും അതായത് രാജ്യങ്ങളിലെയും പരിതഃസ്ഥിതികൾ നോക്കി ഉണ്ടാക്കിയിട്ടുള്ളതാണ്. ഇനി അടുത്തതായി പറയുന്നത് minorities-നെ പറ്റിയാണ്. തിരുവിതാംകൂറിൽ ക്രിസ്ത്യൻ, ഹിന്ദു, മുസ്ലീം ഇതിൽ മൂന്നിലും പല വിഭാഗങ്ങളുണ്ട്. ക്രിസ്ത്യൻ, ഹിന്ദു കമ്മ്യൂണിറ്റീസിൽ തന്നെ പല വിഭാഗങ്ങളുണ്ട്. നാൽപതിനുമേൽ കമ്മ്യൂണിറ്റീസ് ഹിന്ദു കമ്മ്യൂണിറ്റിയിലുണ്ട്. ഇവരിൽ അനേകം പേരുണ്ട്. ഇവർക്ക് എല്ലാവക്കും ഈ കാൺസ്റ്റിറ്റ്യുവൻറ് അസംബ്ളിയിൽ റെപ്രസന്റേഷൻ ഉണ്ടോ എന്ന സംശയമാണ്.

സെൻസസ് റിപ്പോർട്ടിൽ നിന്നും കാണുന്നത്:—

അമ്പലവാസികൾ	വ, ി ന്യ
അരയന്മാർ	ന്മ, ു ർ ി
ബ്രാഹ്മണർ	ി ന്യ, വ്യ ു ർ
ചക്കരവർ	ന, ി ൻ ി
ചക്കിലിയർ	ന്യ, ി ം ി
ചെട്ടി	ച്ച ി, ർ വ്യ ു

MR. PRESIDENT: അതു മിസ്റ്റർ മുഴുവൻ വായിക്കണമെന്നില്ല.

MR. PONNARA G. SREEDHAR (*Nedumangad II—General*): അദ്ദേഹം പറയുന്നതൊന്നും കേൾക്കാൻ നിവൃത്തിയില്ല.

MR. PRESIDENT: അതിനു ഒരു പ്രത്യേക വ്യവസ്ഥയൊന്നും ചെയ്യാൻ നിവൃത്തിയില്ല. ഇതിനെപ്പറ്റി പല പ്രാവശ്യവും പറഞ്ഞു കഴിഞ്ഞു. ഇനിയെങ്കിലും മെംബറന്മാർ കഴിയുന്നതും ഉച്ചത്തിൽ സംസാരിക്കാൻ ശ്രമിക്കണം.

MR. PONNARA G. SREEDHAR: ഉറച്ചു സംസാരിക്കാൻ നിവൃത്തിയില്ലാത്ത മെംബറന്മാർ കഴിയുന്നതും കുറച്ചുസംസാരിക്കാൻ ശ്രമിക്കണം.

MR. K. R. ELANKATH: ഇങ്ങനെയൊരു കമ്മിറ്റി ഉണ്ടാക്കിയാൽ എല്ലാവക്കും പ്രാതിനിധ്യം കൊടുക്കാമെന്നാണോ മെംബർ പറയുന്നത്?

MR. S. NILAKANTA AIYAR: ബ്രിട്ടിഷ് ഇൻഡ്യയിൽ പാർസി അര പെർസന്റേജാണ്. ആംഗ്ലോ ഇൻഡ്യൻ അര പെർസന്റേജാണ്. അതുകൊണ്ടു മൈനാറിട്ടീസ് നമ്പർ അനുസരിച്ചല്ലാ അവക്ക് സേഫ് ഗാർഡ്സ് വേണോ വേണ്ടയോ എന്നു നിശ്ചയിക്കേണ്ടത്. അതുകൊണ്ടു ഞാൻ പറയുന്നത് മുഖ്യകാവകാശങ്ങളെയും ന്യൂനപക്ഷസംരക്ഷണ വ്യവസ്ഥകളേയുംപറ്റി പര്യാലോചിച്ചു റിപ്പോർട്ടുചെയ്യുവാൻ ഒരു

LIBRARY ARCHIVES Kerala Legislative Assembly

[Mr. S. Nilakanta Aiyar.]

കമ്മിറ്റി ഉണ്ടാക്കണമെന്നും കമ്മിറ്റി മുഖാന്തിരം തീരുമാനം ചെയ്യണമെന്നുമാണ്. മൈനാറിട്ടീസിനു സേഫ് ഗാർഡ്സും ഫണ്ടമെൻറൽ റയിറ്റ്സ് വ്യവസ്ഥയും വേണമെന്നുള്ളതിനെപ്പറ്റി ആരെല്ലാം അഭിപ്രായപ്പെട്ടുവോ അവരെല്ലാം ചേർന്ന് ഐകകണ്ഠ്യേന ഈ ഭേദഗതിയെ എതിർത്തു തള്ളിക്കളയണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

MR. JOSEPH MALIECKAL (*Thodupuzha I-General*): I oppose the amendment. I very strongly feel that it was unfortunate that an amendment of this kind has ever been moved. In the world of today the great powers are trying to establish peace among nations. Every nation wants to establish human rights and principles.

MR. PRESIDENT : കഴിയുമെങ്കിൽ മലയാളത്തിൽ സംസാരിക്കുന്നതു കൂടുതൽ സൗകര്യപ്രദമായിരിക്കും.

MR. JOSEPH MALIECKAL: Sir, my main purpose is to answer certain questions of law raised by the movers and it depends on the interpretation of the Indian constitutional Act. As my points relate to the Constitutional rules I would be better able to express them if I speak in English.

MR. MANNATHU PADMANABHA PILLAI (*Pathanamthitta II-General*): പോയിൻറ് ഓഫ് ഓർഡർ. ഒരു മെംബർക്കുതന്നെ കാലത്തു മലയാളത്തിലും വൈകുന്നേരം ഇംഗ്ലീഷിലും സംസാരിക്കാമോ? ഒന്നുകിൽ മലയാളത്തിൽ അല്ലെങ്കിൽ ഇംഗ്ലീഷിൽ സംസാരിക്കണം എന്നുള്ള വ്യവസ്ഥചെയ്യണം.

MR. PRESIDENT : മലയാളത്തിലും, തമിഴിലും, ഇംഗ്ലീഷിലും സംസാരിക്കാമെന്നാണു നാം അംഗീകരിച്ചിട്ടുള്ള നിയമം. പക്ഷേ, സൗകര്യമുണ്ടെന്നു വരുകിൽ മെംബർമാർ മലയാളത്തിലോ, തമിഴിലോമാത്രം പ്രസംഗിച്ചാൽ കൊള്ളാമെന്നാണ് എൻെറ അഭിപ്രായം.

MR. JOSEPH MALIECKAL: I have submitted my reasons and I proceed in English. If the amendment is accepted, it will take away this clause and with it the provision for the protection of human rights and liberties. It is very necessary that our fundamental rights must be protected and they must not be denied.

Secondly, Sir, it is equally unfortunate that some members of the State Congress who have sworn to the protection of fundamental rights and rights of minorities have dared to raise this amendment.

Sir, the main impression produced by our friends is that some of the clauses of the draft constitution have denied to the States the rights to introduce in their constitution anything against the provisions contained in it. Sir, the law is

LIBRARY ARCHIVES Kerala Legislative Assembly

not that Everyone should have his own rights. Rule 27 was relied on. But I beg your permission to read Clause 27.

"Notwithstanding anything elsewhere contained in this Constitution Parliament shall have, and the legislature of a State for the time being specified in Part I or Part III of the First Schedule shall not have, power to make laws—

(a) with respect to any of the matters which under this part are required to be provided for by legislation by Parliament....."

There the expression is different from what is explained here in this House. Every member present here knows what legislature is. I am sure that we are not assembled here in a legislature. We are assembled here as a Representative Body. Therefore it is not the legislature. Therefore Article 27 does not apply here. In the Act, clause 8 reads thus.

"The State shall not make any law which takes away or abridges the rights conferred by this part and any law made in contravention of this clause shall, to the extent of the contravention be void....."

The definition of "State" is in Article 7. State is defined as.

"The State includes the Government and Parliament of India and the Government and the legislature of each of the States and all local or other authorities within the territory of India."

Thus the expression used is "Government" and the 'Legislature". That also does not include Constitutional Body. My submission is that the interpretation given here is wrong.

MR. K. P. NEELAKANTA PILLAI: Article 27 is like this.
"Law includes any ordinance....."

Constitution is not included in the definition of law, and therefore the prohibition relied on does not cover the rules that are to be made or the law to be enacted by a representative Body. Therefore the clause does not prohibit us from framing rules in contravention to this Section.

MR. K. R. ELANKATH: I wish the draft constitution of India is free. We have to frame our own rules.

MR. P. S. NATARAJA PILLAI (*Trivandrum V-General*): Has the Representative Body any right to enact the Constitutional Act of Travancore?

MR. JOSEPH MALIECKAL: The question is an argument and not an enquiry. My answer is that we are making a Constitution; we are directed by His Highness the Maharaja and our Constitution will be the Constitution of the State. Even if we rely on the provisions of the Dominon draft, the maximum effect is that the States shall not take away or abridge the fundamental rights now granted by the Dominon draft; it does not mean that we cannot improve or add to it. Therefore it is groundless to move such an amendment and I oppose the amendment.

LIBRARY ARCHIVES Kerala Legislative Assembly

MR. S. KUTTAN (*Neyyattinkara I—General*) സർ, ഈ ദൃളിന്റെ നേർ–ാവകുപ്പിനെ ഞാൻ ശക്തിയായി എതിർക്കുന്നു. ജാതി നാമാദികളുടെ പേരിൽ നമ്മുടെ രാജ്യത്തു് ഒരുവിശേഷമായ പരിതഃസ്ഥിതിയാണുള്ളതെന്നു് നാം എപ്പോഴും ഓർക്കേണ്ടതാണു്. മനുഷ്യന്റെ മൗലികാവകാശങ്ങളെ പാടെ നിഹനിക്കുന്ന യാതൊരു നിബന്ധനയും നമുക്കു് ഇവിടെ അംഗീകരിക്കാൻ പാടുള്ളതല്ല. അതായതു് ന്യൂനപക്ഷ താൽപര്യങ്ങളെ വേണ്ടതുപോലെ പരിഗണിക്കുന്നതിനു യാതൊരു വ്യവസ്ഥയും ഈ വകുപ്പിൽ ഞാൻ കാണുന്നില്ല. ലോകം പുരോഗമനോന്മുഖമായ പരിവർത്തനത്തിലേക്കു് ത്വരിതപ്രയാണം ചെയ്തുകൊണ്ടിരിക്കയാണു്. എന്നാൽ നമ്മുടെ നാട്ടിലാകട്ടെ, ജാതിനാമാദികളിൽ വച്ചു പുലർത്തുന്ന പഴയ ആചാരനടപടികൾ ഇന്നും തുടർന്നുകൊണ്ടുതന്നെയിരിക്കുന്നു. സർ, ഞാൻ അതിനെ ഒന്നുകൂടി വ്യക്തീകരിക്കാം. ഈ രാജ്യത്തുള്ള പട്ടണങ്ങളിലാകട്ടെ അല്ലെങ്കിൽ മറ്റു ഭാഗങ്ങളിലാകട്ടെ, താണസമുദായത്തിൽപെട്ട ഒരു വ്യക്തിക്കു് ഹോട്ടലിലോ ചായക്കടകളിലോ ബാർബർഷാപ്പുകളിലോ പ്രവേശനം അനുവദിക്കുന്നില്ല. ചോദിച്ചാൽ വെള്ളംതന്നെയും കൊടുക്കുന്നതു് ചിരട്ടകളിലോ അല്ലെങ്കിൽ ഈ ക്ഷുദ്രക്കായി പ്രത്യേകം വച്ചിരിക്കുന്ന തകരപ്പാണികളിലോ ആണു്. ഇങ്ങനെയാണു് തിരുവിതാംകൂറിൽ അധിവസിക്കുന്ന ജനങ്ങൾക്കു് അവശ്യം മൗലികാവകാശങ്ങളോടു് കാണിക്കുന്ന ന്യായം. ജാതീയമായ മനസ്ഥിതിവിട്ടു് എല്ലാപേരും ഏകോപിച്ചു തോളോടുതോൾ ചേർന്നുനിന്നു സഹകരിക്കണമെന്നും മറ്റുമുള്ള പ്രസംഗങ്ങളും പ്രസംഗധോരണികളും കൊണ്ടു് പലരും അന്തരീക്ഷത്തെ വീർപ്പുമുട്ടിക്കുന്നുണ്ടു്. എന്നാൽ ഈ വകുപ്പുകൾ പ്രായോഗികമാക്കാനോ അല്ലെങ്കിൽ എത്രത്തോളം പ്രായോഗികമാകുമെന്നു് അറിയുന്നതിനോ വേണ്ടി യാതൊരു പ്രചരണവും അവർ ചെയ്യുന്നില്ല.

MR. K. R. ELANKATH: സർ, മി: കുട്ടൻ ഇറെലവൻറായിട്ടു് സംസാരിക്കുന്നു. ന്യൂനപക്ഷങ്ങൾക്കുള്ള രക്ഷാവ്യവസ്ഥ ഈ വകുപ്പിൽ ഇല്ലെന്നും അവരുടെ ആവശ്യങ്ങളെ നിഷേധിക്കുന്നു എന്നും പറയുന്നു. ഇവിടത്തെ പ്രശ്നം അതല്ല. ഇവിടെ ഒരു സബ്കമ്മിറ്റി നിയമിക്കേണ്ട ആവശ്യമുണ്ടോ, അതോ ഇല്ലയോ എന്നതാണു് വാദവിഷയം. അതുപോലെ ആവശ്യമില്ലാത്ത പ്രസംഗങ്ങൾകൊണ്ടു സമയം പാഴാക്കുന്നതു് ഈ സഭയ്ക്കുതന്നെ ഒരു നഷ്ടമാണു്.

LIBRARY ARCHIVES Kerala Legislative Assembly

MR. S. KUTTAN : നിശ്ചയമായിട്ടും ഒരു സബ്കമ്മിറ്റിയുടെ ആവശ്യമുണ്ട്. തിരുവിതാംകൂർ നിവാസികളായ ന്യൂനപക്ഷങ്ങളുടെ മൗലികാവകാശങ്ങളേയും താൽപര്യങ്ങളേയും സംരക്ഷിക്കപ്പെടുന്നതിനു് ഈ രാജ്യം ഉള്ളിടത്തോളം കാലം അതു് അത്യാവശ്യമാണെന്നാണു് ഞാൻ പറയുന്നതു്. ആ കാര്യം ഈ സഭയുടെ സവിശേഷമായ ഒരു ചർച്ചക്കുശേഷം തീരുമാനിച്ചാൽ മതിയാകുന്നതുമാണു്. വിശേഷിച്ചും നാം ഇവിടെ കൂടിയിരിക്കുന്നതു് പൊതുജന നന്മയ്ക്കുവേണ്ടിയുള്ള ഒരു ഭരണഘടനാനിർമ്മാണത്തിനാണല്ലോ. അതുകൊണ്ടു് ഇതിലേക്കു് ഒരു സബ്കമ്മിറ്റിയുടെ ആവശ്യം അത്യന്താപേക്ഷിതമാണു്. പക്ഷെ, അങ്ങിനെയുള്ള ഒരു സബ്കമ്മിറ്റി ഈ വക കാര്യങ്ങളെപ്പറ്റി നല്ലപോലെ ചിന്തിച്ചു് ഒരു തീരുമാനമുണ്ടാക്കണമെന്നേ ഞാൻ പറയുന്നുള്ളൂ. അതല്ലാതെ ന്യൂനപക്ഷ താൽപര്യങ്ങളെ സംരക്ഷിക്കാൻവേണ്ടി നിയമിച്ചിട്ടുള്ള സബ്കമ്മിറ്റി അവയെ ഹനിക്കുന്നതുപോലെ ഒരു വ്യവസ്ഥ ഉണ്ടാക്കരുതെന്നേ എനിക്കു് അഭിപ്രായമുള്ളൂ. മാത്രമല്ല ന്യൂനപക്ഷ താൽപര്യങ്ങളെ സംരക്ഷിക്കാനുള്ള കടപ്പാടുകൂടി നമുക്കുണ്ടെന്നു് ഓർക്കേണ്ടതാണു്. സർ, ഒരു കാര്യം ഞാൻ അങ്ങയുടെ ദൃഷ്ടിയിൽ കൊണ്ടുവന്നുകൊള്ളട്ടെ. ഇടയിടെ എന്റെ ഒരു സ്നേഹിതനു് പെട്ടെന്നു് ഒരു സ്ഥലത്തുപോകേണ്ട ആവശ്യം നേരിടുകയും, ഷേവിംഗിനുവേണ്ടി ഒരു ബാർബറെ വിളിച്ചുകൊണ്ടു വരുന്നതിനു് തന്റെ വേലക്കാരനെ പറഞ്ഞയയ്ക്കുകയും ചെയ്തു. വേലക്കാരൻ ബാർബർഷാപ്പിൽ ചെന്നു് കാര്യം പറഞ്ഞപ്പോൾ ഉയർന്നജാതിയല്ലെന്നുള്ള കാരണത്താൽ ബാർബർ വിസമ്മതിക്കയാണുണ്ടായതു്. ഇതാണു് ഇന്നു് നിലവിലിരിക്കുന്ന മൗലികാവകാശസംരക്ഷണം.

HON'BLE MR. A. THANU PILLAI (*Trivandrum II—General*): ഡ്രാഫ്റ്റിംഗ് കമ്മിറ്റിയിൽത്തന്നെ ഈ വക കാര്യങ്ങൾക്കു് വേണ്ട വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നു് മെംബർക്കു് അറിഞ്ഞുകൂടെ?

MR. S. KUTTAN : അതു് എനിക്കു് നല്ലതുപോലെ അറിവുള്ളതുകൊണ്ടാണു് ഞാൻ ഇതെല്ലാം പറഞ്ഞുപോയതു്. അതുകൊണ്ടു് എത്രയും വേഗം ഒരു സബ്കമ്മിറ്റി നിയമിച്ചു് വേണ്ടതു് ചെയ്യണമെന്നു് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. K. A. MATHEW: (*Thiruvallah IV—General*) മിസ്റ്റർ പ്രസിഡണ്ട് സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേഗതിയെ ഞാൻ ശക്തിയായി എതിർക്കുന്നു. എന്റെ സ്നേഹിതൻ ശ്രീ ഉദയഭാനു ഇവിടെ ഉന്നയിച്ച ചില വമുഖങ്ങളും ബാഹ്യശവും അയഥാർത്ഥവുമാണെന്നു പറയേണ്ടി വന്നതിൽ വ്യസനിക്കുന്നു. Fundamental Rights നെപറ്റി ആരായുന്നതിന് ഒരു അഡൈ്വസറി കമ്മറിയെ നിയമിക്കണമെന്ന് അനുശാസിക്കുന്ന ഈ നിർദ്ദേശം എടുത്തുകളയണമെന്നുള്ള അദ്ദേഹത്തിന്റെ വാദം സാധൂകരിക്കുന്നതിന് ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂവെൻറ് അസംബ്ലി ഇപ്രകാരം ഒരു വ്യവസ്ഥ സ്വീകരിച്ചതു് ക്യാബിനറ്റ് മിഷൻ അതു് അവരുടെ മേൽ "അടിച്ചേല്പിച്ച"തുകൊണ്ടാണെന്നും അതുകൊണ്ടു് നാം അതു് ഇവിടെ സ്വീകരിക്കേണ്ടതില്ലെന്നും മറും അദ്ദേഹം പ്രസ്താവിക്കയുണ്ടായി. ഇതു് യഥാർത്ഥമല്ല. ക്യാബിനറ്റ് മിഷന്റെ നിർബന്ധംമൂലമല്ല മൌലികാവകാശങ്ങളെ സംബന്ധിച്ചുള്ള വ്യവസ്ഥ അതിന്റെ ചട്ടങ്ങളിൽ ചേർക്കുന്നതിന് ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂവെൻറ് അസംബ്ലി തയ്യാറായതു്.

MR. A. P. UDAYABHANU (*Karunagapally III—General*) ഞാൻ അങ്ങിനെ അല്ല പറഞ്ഞതു്. ക്യാബിനറ്റുമിഷന്റെ അഡൈ്വസറി കമ്മിറ്റിയെ അടിച്ചേല്പിക്കയാണു് ചെയ്തതു് എന്നാണു് പറഞ്ഞതു്.

MR. K. A. MATHEW: ബഹു: മെംബറിന്റെ വാദഗതിയിൽ നിന്നും മനസ്സിലായതു് അപ്രകാരമല്ല. ക്യാബിനറ്റുമിഷന്റെ ശുപാർശയെ അദ്ദേഹം ശരിയായിട്ടു് മനസ്സിലാക്കിയിട്ടില്ലെന്നാണു് ഞാൻ വിശ്വസിക്കുന്നതു്.

MR. A. P. UDAYABHANU: അങ്ങനെയല്ലെങ്കിൽ ആ വിശ്വാസം നിങ്ങളെ രക്ഷിക്കട്ടെ.

MR. K. A. MATHEW: എന്റെ സ്നേഹിതൻ കൂടുതൽ വിശ്വാസം പ്രദർശിപ്പിക്കുമെങ്കിൽ അദ്ദേഹത്തെയും രക്ഷിക്കും. സർ, ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂവെൻറ് അസംബ്ലിയിൽ നടന്ന വാദപ്രതിവാദങ്ങളിൽ പ്രസ്തുത മൌലികാവകാശകമ്മിറ്റിയുടെ നിയമനം ക്യാബിനറ്റ് മിഷന്റെ ഭീഷണികൊണ്ടാണെന്നോ ഏതാദൃശമായ ഒരു ഉപദേശക്കമ്മിറ്റി ആവശ്യമില്ലെന്നോ യാതൊരു പ്രതിനിധിയും പ്രസ്താവിച്ചതായി അറി

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. A. Mathew.]

യുന്നില്ല.പാർലിമെന്റ് അവതരിപ്പിച്ച ഇൻഡ്യൻ ഭരണഘടനയുടെ ലക്ഷ്യത്തെ പ്രഖ്യാപിക്കുന്ന declaration of objectives എന്ന ചരിത്രപ്രസിദ്ധമായ പ്രമേയത്തിൽ പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്. Wherein shall be guaranteed and secured to all the people of India justice social- economic and political; equality of status, of opportunity and before the law; freedom of thought, expression, belief, faith, worship, vocation, association and action, subject to law and public morality and wherein adequate safeguards shall be provided for minorities; backward and tribal areas, and depressed and other backward classes" സർ, ഈ പ്രഖ്യാപനത്തിൽ നിന്നും മൌലികാവകാശവിഷയം വളരെ പ്രധാനമാണെന്നുള്ള ബോദ്ധ്യം ഭാരതീയ നേതാക്കന്മാർക്ക് ആരുടേയും പ്രേരണ കൂടാതെ തന്നെ ഉണ്ടായിരുന്നുവെന്ന് വ്യക്തമാണ്.

സർ, ഈ ജനപ്രതിനിധിസഭ വിളിച്ചുകൂട്ടിയിരിക്കുന്നത് തിരുവിതാംകൂറിലെ ജനങ്ങളുടെ ക്ഷേമത്തിനു് ആവശ്യമായ ഒരു ഭരണഘടന നിർമ്മിക്കുന്നതിനാണ്. നാം ഉണ്ടാക്കുന്ന ഭരണഘടനയിൽ ജനങ്ങളുടെ മൌലികമായ പൌരാവകാശങ്ങളെയും ന്യൂനപക്ഷങ്ങളുടെ താല്പര്യങ്ങളെയും സുരക്ഷിതമാക്കുന്ന വ്യവസ്ഥകൾ അപരിത്യാജ്യങ്ങളാണ്. അവ ഇല്ലെങ്കിൽ നമ്മുടെ ഭരണഘടന തികച്ചും അപൂർണ്ണമായിരിക്കും. ഹാരോൾഡ് ലാസ്കി (Harold Laski) പറയുന്നത് "Rights are the groundwork of the state; they are the quality which gives to the exercise of its power a moral character", അതായത്, സ്റ്റേറ്റിന്റെ അടിസ്ഥാനം പ്രജകളുടെ അവകാശങ്ങളാണ്. സ്റ്റേറ്റിന്റെ അധികാരവിനിയോഗത്തിനു് ധാർമ്മികമായ സ്വഭാവം നൽകുന്നത് മൌലികമായ പ്രസ്തുത അവകാശങ്ങളുടെ പരിരക്ഷണമത്രെ. മൌലികാവകാശങ്ങൾ എന്നു പറയുന്നത് സാമൂഹ്യവും, സാമ്പത്തികവും, രാഷ്ട്രീയവുമായ നീതി, നിയമത്തിന്റെ മുമ്പിൽ എല്ലാവർക്കുമുള്ള തുല്യാവസ്ഥ, തുല്യാവസരങ്ങൾ, ചിന്താസ്വാതന്ത്ര്യം, വിശ്വാസസ്വാതന്ത്ര്യം, ആരാധനാസ്വാതന്ത്ര്യം, തൊഴിൽസ്വാതന്ത്ര്യം, സംഘടനാസ്വാതന്ത്ര്യം, പ്രസംഗസ്വാതന്ത്ര്യം ആദിയായവ ആണ്. ന്യൂനപക്ഷങ്ങൾക്കും പിന്നോക്കസമുദായങ്ങൾക്കും വർഗ്ഗങ്ങൾക്കും മതിയായ രക്ഷാവ്യവസ്ഥകൾ ഉണ്ടായിരിക്കണം. പൌരത്വത്തിനുള്ള അവകാശങ്ങൾ, പ്രായപൂർത്തിവോട്ടവകാശം, ഫോബിയസ കോർപ്പസ മുതലായവയും ഈ മൌലികാവകാശങ്ങളിൽ ഉൾപ്പെടുന്നു. ഇവയെല്ലാം തിരു

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. A. Mathew.]

വിതാംകൂറിലും പരിരക്ഷിക്കപ്പെടേണ്ടതാണ്. അവയിൽ പലതും നീതിന്യായകോടതികൾവഴി പരിപാലിക്കപ്പെടേണ്ടവയും നടപ്പിൽ വരുത്തേണ്ടവയും ആണ്. അതു സാധിക്കണമെങ്കിൽ, നമ്മുടെ സംസ്ഥാനത്തു് ഉടലെടുക്കുവാൻ പോകുന്ന ഭരണഘടനയുടെ അവിഭാജ്യഘടകമായിട്ടു് മൌലികാവകാശപ്രഖ്യാപനം തീരേണ്ടതാണു്. മൌലികമായ ഈ അവകാശങ്ങൾ എന്തെല്ലാമാണെന്നു് പഠിച്ചു് ഈ ജനപ്രതിനിധിസഭയിൽ ഗ്രൂപ്പാർ പൊട്ടുന്നതിനായിട്ടു് അസൈഡ്സറി കമ്മിറ്റിയെ വേണമെന്നു് ആവശ്യപ്പെട്ടിട്ടുള്ളതു്. വേർതിരിവുള്ള മിക്കവാറും എല്ലാ പ്രജാതന്ത്രഭരണഘടനകളിലും മൌലികാവകാശങ്ങളെ സുരക്ഷിതമാക്കുന്ന വ്യവസ്ഥകൾ ഉണ്ടു്. ഫർസ്റ്റ് ഫ്രാൻസിൽ കൂടിയ കോൺസറിറ്റ്യൂവെൻറ് അസംബ്ലി നിശ്ചിച്ച പുതിയ ഫ്രെഞ്ചു് കോൺസ്റ്റിട്ടൂഷന്റെ ഭാഗമായി പൌരാവകാശപ്രഖ്യാപനം ചേർത്തിട്ടുണ്ടു്. ഇംഗ്ലണ്ടിൽ എല്ലാ മൌലികാവകാശങ്ങളെയും പ്രത്യേകം എഴുതിവെച്ചിട്ടുള്ള ഒരു രേഖ അല്ലെങ്കിൽ document ഇല്ലെങ്കിലും അവയെ സംരക്ഷിക്കുന്ന constitutional guarantees അനേകമുണ്ടു്. ജർമ്മനി ഉണ്ടാക്കിയ വീമർ ഭരണഘടനയിൽ പൌരന്മാരുടെ മൌലികാവകാശങ്ങളെ പരാമർശിച്ചിട്ടുള്ള പല അദ്ധ്യായങ്ങളും ഉണ്ടു്. അതുപോലെ അമേരിക്കയിലെ U. S. A. ഭരണഘടനയിലും പല വ്യവസ്ഥകളും കാണുന്നുണ്ടു്. അതുകൊണ്ടു് നാം നിർമ്മിക്കുന്നതിനു സമീപിക്കുന്ന ഭരണഘടനയിൽ മൌലികാവകാശങ്ങളെ പ്രതിപാദിക്കുന്ന വ്യവസ്ഥകളും ഉണ്ടായിരിക്കേണ്ടതിനെപ്പറ്റി രണ്ടു പക്ഷത്തിനു അഭിപ്രായമില്ല. അസൈഡ്സറി കമ്മിറ്റിയിലേക്കു് ആറു് അംഗങ്ങളെ കൂടുതലായി നോമിനേറ ചെയ്യുന്നതിനുള്ള അധികാരം പ്രസിഡണ്ടിനു് നൽകിയിട്ടുണ്ടു്. ഇതിനെപ്പറ്റി ചില ബഹു: മെംബറന്മാർ ഭിന്നാഭിപ്രായം പ്രകടിപ്പിക്കുകയുണ്ടായി. ന്യൂനപക്ഷസമുദായങ്ങൾക്കും താല്പര്യങ്ങൾക്കും വേണ്ടത്ര പ്രാതിനിധ്യം തിരഞ്ഞെടുപ്പിലൂടെ സിദ്ധിക്കാത്തപക്ഷം അതിനെ പരിഹരിക്കുന്നതിനു് പ്രസിഡണ്ടിനു് നൽകിയിരിക്കുന്ന ഈ അധികാരംമൂലം പ്രസ്തുത സമുദായങ്ങൾക്കു് അവരുടെ അവശ്യങ്ങളും അവകാശങ്ങളും പ്രതിബിംബിപ്പിക്കുന്നതിനുള്ള സൌകര്യം സാധിതപ്രായമാകുന്നു. ഇതു് അഭിലഷണീയമാണു്. നമ്മ-ംവകുപ്പു് നിരാകരിക്കുകയാണെങ്കിൽ ഈ ഉദ്ദേശം സാധിക്കാതെ വരുന്നു. പ്രസിഡണ്ടിനു് നോമിനേഷനധികാരം നൽകിയാൽ അതു ദുരുപയോഗപ്പെടുത്താൻ ഇടയുണ്ടെന്നുള്ള ആശങ്ക ചിലർക്കു് ഉണ്ടെന്നു തോന്നുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. NILAKANTA PILLAI: അങ്ങിനെയുള്ള ഉദ്ദേശം ഒന്നും ഞങ്ങളുടെ ഗതി അവതരിപ്പിച്ചു കഴിഞ്ഞാൽ ഇല്ലായിരുന്നുവെന്നറിയാമോ?

MR. K. A. MATHEW: ഇല്ലായിരിക്കാം. എന്നാൽ അപ്രകാരം ഒരു യോഗം ചിലരുടെ പ്രസംഗങ്ങളിൽ പ്രകടമായിരുന്നുവെന്ന് എനിക്കു തോന്നുന്നു. ഏതായാലും അഡ്വൈസറികമ്മിറ്റി വേണ്ടെന്നു വെയ്ക്കുന്നതു് ഈ സമിതിയുടെ കാര്യനിർവ്വഹണത്തിന് സഹായകമായിരിക്കുകയില്ല.

MR. P. S. NATARAJA PILLAI: ലെജിസ്ലേറ്റീവ് കൗൺസിൽ അങ്ങനെ വേണമെന്നുള്ളതിനാൽ ഇവിടെയും അതു് വേണമെന്നാണോ അഭിപ്രായം?

MR. K. A. MATHEW: വളരെ സ്വതന്ത്രപ്രതിനിധിസഭയായ ലെജിസ്ലേറ്റീവ് കൗൺസിലിന്റെ സ്ഥിതിക്ക് അവരുടെ കാര്യങ്ങൾ ഈ സ്വതന്ത്രപ്രതിനിധിസഭയുടെ കാര്യങ്ങളിൽ ഉപദേശകകമ്മിറ്റി ഉണ്ടായിരിക്കണമെന്നു പറയുന്നതിൽ യാതൊരു അസാംഗത്യവുമില്ലെന്നാണ് എന്റെ അഭിപ്രായം. അസംബ്ലി മുഴുവൻ ഒരു കമ്മിറ്റിയായി ഈ കാര്യങ്ങളെ രൂപാന്തരപ്പെടുത്തുക എന്ന അഭിപ്രായം കുറ്റമറ്റതായും പറയിയതായിരിക്കുകയില്ല. അതിനാൽ ഈ റൂൾ അനുപാലനീയമായി സ്വീകരിച്ചു ഭേദഗതി തിരസ്കരിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

MR. S. AMBROSE (*Agasteeswaram—Latin Catholic—Reserved*): *മാന്യരായ അവർകളേ!*

ഞാൻ ഇന്നത്തെ തിരുത്തപ്പെട്ട പ്രമേയത്തെ എതിർക്കുന്നു.

കണ്ടവർ K. P. നീലകണ്ഠപിള്ളയവർകൾ, ഇന്ത്യൻ യൂണിയനിൽ ഇരുക്കിറതു പോല തിരുവിതാങ്കൂരിൽ ഒരു പാർലമെന്റ് എന്നിരുന്നാൽ നന്റ സൊന്നാർകൾ. ഏതുൻ അവർകൾ തിരുവിതാങ്കൂർ ഗവർന്മെന്റ് ചരിത്രം നിജമാക പടിത്തു സൊന്നാർകളോ അല്ലതു പടിക്കാമൽ സൊന്നാർകളോ തെരിയവില്ലൈ. മേലും തിരുവിതാങ്കൂരും ഇന്ത്യ യൂണിയനിൻ ഒരു ഭാഗമെന്റ പതൈയും ഗ്രഹിപ്പിത്തുകിറേൻ. ഇന്നും ഇന്ത പാർലമെന്റിലും മത്ത അപ്പടൈയിലും താൻ പ്രതിനിധിത്വം സെയ്പ്പട്ടുവരുകിറതു. സൊല്ലാമലും ഇന്നും പല നിറുപാൻമൈ വരുപ്പുക്കൾ ഉണ്ടു എന്റ പതൈ ഗ്രഹിത്തുമുടിത്തിരുക്കിറേൻ. ഉതാരണമാക, വേടർ, ക്രിസ്ത്തവർ, ചെക്കിയർ, വാണിയർ, ചെട്ടിയാർ, പണിയർ, ഇന്നും പല നിറ പാർലമെന്റ വരുപ്പുക്കൾ ഉണ്ടെന്പതൈയും ഇന്ത സഭൈക്കു ഗ്രഹിത്തുമുടിത്തിരുക്കിറേൻ. മേലും ഇന്ത ഇടുക്കും അരചാങ്കമും നാമി അപ്പടൈയിൽ താൻ

LIBRARY ARCHIVES Kerala Legislative Assembly

[Mr. S.Ambrose]

நிறுவப்பட்டிருக்கிறது. இந்த நிலையில் பெரும்பான்மையோராக இருக்கக் கூடிய சில பேர்களுடைய சௌகரியத்தை உத்தேசித்து சிறு பான்மையோரின் சக்தியை கெடுப்பது சரியல்ல.

ஒரு சாம்ராஜ்யத்தில் பெரும் பான்மையாக ஒன்றே அல்லது இரண்டோ ஜன சமூகம் மாத்திரம் இருக்குமானால் ஒன்றே இரண்டோ சமூகத்திற்காக சிறு பான்மையாய் இருக்கும் பல சமூகங்களுடைய அறிவையும், வளர்ச்சியையும் கெடுத்து பெரும் பான்மையோர் மாத்திரம் வாழ்வதென்பது இக்காலத்தில் தகுந்ததல்லவென்பதையும் இந்த சபைக்கு தெரிவித்துக் கொள்ளுகிறேன். மேலும் உதாரணமாக பல இலைகள் சேர்ந்தது தான் ஒரு விருக்ஷமாகும். அந்த மரத்தை ஒட்டிக்கொண்டிருக்கும் இலைகளுக்கும் சம உரிமை உண்டு. அதுபோல பல சிறு பான்மையோர்களும் சேர்ந்தே ஒரு சாம்ராஜ்யம். அந்த சாம்ராஜ்யத்தில் சிறுபான்மை பிரதிநிதித்துவம் வேண்டுமென்பதை நான் பின்தாங்கி, Mr. K. P. நீலகண்ட பிள்ளை அவர்களுடைய திருத்த பிரேரணையை எதிர்க்கிறேன்.

MR. PRESIDENT: ഇതുവരെ ഫ ഒ പേർ ഇതിനു് അനുകൂലമായും പ്രതികൂലമായും സംസാരിച്ചു കഴിഞ്ഞു. അതുകൊണ്ടു് വാദപ്രതിവാദം അവസാനിപ്പിക്കണമെന്നാണു് സഭയുടെ അഭിപ്രായമെങ്കിൽ അങ്ങിനെ ചെയ്യാം. അതല്ല, വാദപ്രതിവാദം തുടരണമെങ്കിൽ—

MR. K. A. GANGADHARA MENON: Sir, I move for closure.

MR. PRESIDENT: ക്ലോസർ മോഷനെ അനുകൂലിക്കുന്നവർ കൈയ് പൊക്കണം. (സഭ)

MR. PRESIDENT: പ്രതികൂലിക്കുന്നവർ. (സഭ)

അതുകൊണ്ടു് ക്ലോഷർമോഷൻ പാസ്സായിരിക്കുന്നു.

MR. K. P. NILAKANTA PILLAI: സർ, ഈ പ്രമേയത്തിനു് അവതരിപ്പിച്ചിട്ടുള്ള ഭേഗതിയെപ്പറ്റി ഉണ്ടായിട്ടുള്ള വാദപ്രതിവാദത്തിനു് ഒരു മറുപടി പറയുന്നതു് വളരെ വിഷമമാണു്. സർ, ഇതിനെപ്പറ്റി ശരിയായി പഠിച്ചു ചെയ്തിട്ടുള്ള ഒരൊറ പ്രസംഗം പോലും ഇവിടെ എനിക്കു കേൾക്കാൻ സാധിച്ചിട്ടില്ലെന്നുള്ളതു് സങ്കടകരമാണു്. എന്റെ ഭേഗതി ഇവിടെ എന്തിനു് അവതരിപ്പിച്ചു എന്നു് അവർ മനസ്സിലാക്കിയാൽ കൊള്ളാമായിരുന്നു.

Fundamental rights–നേയും, മൈനോറിട്ടീസിന്റെ അവകാശ സംരക്ഷണത്തേയും പറ്റി ആലോചിക്കുന്നതിനു (പ്രോപ്പോർഷ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K.P. Nilakanta Pillai]

നേറ്റ് റെപ്രസന്റേഷൻ) പ്രാതിനിധ്യമനുസരിച്ചുള്ള ഒരു കമ്മിറ്റി വേണമെന്നാണ് പ്രമേയം. അതു വേണ്ടെന്നു ഭേദഗതി.

MR. PRESIDENT: പ്രപ്പോർഷനെപ്പറ്റി രൂളിലില്ല.

MR. K. P. NILAKANTA PILLAI: അടുത്ത രൂളിൽ അതുണ്ട്. ഇതാണു ഭേദഗതി. ലോകത്തിലുള്ള കോൺസ്റ്റിറ്റ്യൂഷനിൽ എല്ലാംതന്നെ fundamental rights നേയും മൈനോറിട്ടിസിന്റെ രക്ഷാവ്യവസ്ഥകളേയും സേഫ്ഗാർഡ് ചെയ്തുകൊണ്ടാണ് constitution ഉണ്ടായിട്ടുള്ളതു്. അതു ഇവിടെ ഇല്ലാതാക്കാനാണ് ഈ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതെന്ന്, ഇവിടത്തെ വാദഗതികളും കേട്ടാൽ തോന്നിപ്പോകും. ആദ്യമായി എനിക്കു പറയുവാനുള്ളതു ഈ fundamental rights നേയും മൈനോറട്ടീസിന്റെ രക്ഷാവ്യവസ്ഥകളേയും സംബന്ധിച്ചുള്ള നിയമം അത്യാവശ്യമാണെന്നും എന്നാൽ എന്റെ ഭേദഗതിമൂലം അതിനു് യാതൊരു വിധത്തിലുള്ള പ്രതിബന്ധവും ഉണ്ടാകുന്നില്ലെന്നുമുള്ളതാണ്.

MR. P. K. KUNJU (*Karunagapalli II—Muslim Reserved*): One question please.

MR. K. P. NILAKANTA PILLAI: I can easily say "I don't yield," when I put some pertinent and relevant questions, honourable members refused to answer them. Decorum and decency demand that such questions are answered in a debate. However I don't refuse to answer them.

MR. PRESIDENT: ചോദ്യത്തിന് ഉത്തരം പറയാമെങ്കിൽ പറഞ്ഞു കൊള്ളാം.

MR. K. P. NILAKANTA PILLAI: I can answer any number of questions. Sir, I want this protection. Honourable members must have more consideration for me in that they should put a question after I complete a sentence. (*Laughter*)

MR. P. K. KUNJU: ന്ര-ന്ര ഈ വാക്കുപുകളില്ലാതെ മൈനോറട്ടീസിന്റെ അവകാശങ്ങൾ സേഫ്ഗാഡ്ഡ് ചെയ്യാമെന്നു വിചാരിക്കുന്നുണ്ടോ?

MR. K. P. NILAKANTA PILLAI: ബഹുമാനപ്പെട്ട മെമ്പർ തെറ്റിദ്ധരിക്കരുതു്. കോൺസ്റ്റിറ്റ്യൂഷണലായിട്ടു അങ്ങനെ യാതൊന്നും ഈ രൂളിലില്ല. അതെല്ലാം ഇഷ്ടംപോലെ ഈ സഭയ്ക്കു് ചെയ്യാവുന്നതാണ്. ഈ സഭയ്ക്കു വേണമെങ്കിൽ ഫ്ര പേരുള്ള ഒരു കമ്മിറ്റിയോ മുപ്പതോ അൻപതോ പേരുള്ള ഒരു കമ്മിറ്റിയോ, വേണമെങ്കിൽ ഈ സഭയേ മുഴുവൻതന്നെ ഒരുകമ്മിറ്റിയായിട്ടോ നിയമിക്കാൻ അവകാശമുള്ളതാണ്. ജർമ്മൻ കോൺസ്റ്റിറ്റ്യൂഷനായാലുംശരി ഇംഗ്ലീഷ് കോൺസ്റ്റിറ്റ്യൂഷനായാ

LIBRARY ARCHIVES Kerala Legislative Assembly

ലുംശരി അമേരിക്കൻ മാഡലായാലുംശരി എവിടെയും ഫണ്ടമെൻറൽ റൈട്ട്സും മൈനോറിറ്റീസിന്റെ അവകാശസംരക്ഷണവും സേഫ്ഗാർഡു ചെയ്യാനുള്ള ചട്ടങ്ങൾ ഉണ്ടു. ഇവിടെയാണെങ്കിൽ ഫണ്ടമെൻറൽ റൈറ്റ്സിനും മൈനോറിറ്റീസിന്റെ അവകാശസംരക്ഷണത്തിനും പ്രതിബന്ധമായി യാതൊരുവിധത്തിലും നിൽക്കുന്നില്ല ഈ ഭേദഗതി എന്നു ഞാൻ ആദ്യമേതന്നെ പറഞ്ഞുകൊള്ളുന്നു. പക്ഷേ അതിന് ഇങ്ങനെ ഒരു കമ്മിറ്റി ഉണ്ടാക്കേണ്ട ആവശ്യമില്ലെന്നു മാത്രമേ എന്റെ ഭേദഗതി കൊണ്ടു വരുന്നുള്ളൂ.

MR. P. C. ADICKAN (*Kunnathur II—Kurava Reserved*): ഇങ്ങനെ ഒരു കമ്മിറ്റി ഇല്ലെങ്കിൽ ന്യൂനപക്ഷങ്ങളുടെ കാര്യങ്ങൾ പറയുന്നതിനു അവസരം എങ്ങനെ ഉണ്ടാകും.

MR. K. P. NILAKANTA PILLAI: അതാണ് ഞാൻ ഭേദഗതി അവതരിപ്പിച്ച അവസരത്തിൽ തന്നെ ഈ ഡ്രാഫ്റ്റിങ് കമ്മിറ്റിയിലുള്ള വക്കീലന്മാരിലേക്ക് മെമ്പറന്മാരുടെ ശ്രദ്ധയെ ആകർഷിച്ചത്. എന്തിനു ആകർഷിക്കുന്നു. വായിക്കുന്നില്ലേ. വേണമെങ്കിൽ, ഈ സഭ മുഴുവൻ ഒന്നായിട്ടുതന്നെ ഒരു കമ്മിറ്റിയായി പിരിയാവുന്നതാണെന്ന് ഇതിലെ പതിനാറാം ചട്ടത്തിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. അങ്ങനെയാണെങ്കിൽ ഇരുപതോ നാൽപ്പതോ പ്രാതിനിദ്ധ്യം ഉള്ള ആളുകളെ എടുത്തു് അവരുംകൂടി ആലോചിച്ചു കാര്യങ്ങൾ തീരുമാനിക്കുന്നതിനു ഈ സഭയ്ക്കു് അംഗീകാരം ഉണ്ടായിരിക്കെ എന്തിനു് ഇരുപത്തൊന്നു് എന്നു് ക്ലിപ്പപ്പെടുത്തണം.

MR. K. S. JOSEPH (*Thiruvella VI—General*): മൗലികാവകാശസ്ഥാപനം സംബന്ധിച്ചും മൈനാറിറ്റീസിന്റെ റൈറ്റ്സിനെ സംബന്ധിച്ചും കാര്യക്ഷമമായി ആലോചിക്കുന്നതിനു് ഒരു ചെറിയ കമ്മിറ്റി ഉണ്ടാക്കുന്നതു് നല്ലതല്ലെന്നാണോ മെമ്പറിന്റെ അഭിപ്രായം?

MR. K. P. NILAKANTA PILLAI: മുൻപറഞ്ഞ ഉത്തരങ്ങളിൽനിന്നും അതല്ല എന്റെ അഭിപ്രായമെന്നു് വ്യക്തമാണു്. ഇതു് ഇരുപത്തൊന്നു പേരടങ്ങിയ ഒരു അഡൈ്വസറി കമ്മിറ്റിയായിരിക്കുമെന്നല്ലാതെ മറ്റു യാതൊരു വിശേഷവുമില്ല. വെറുതെ ഒരു ബഹളം ഉണ്ടാക്കുക. അതും സെൻറിമെൻറലായിട്ടു മാത്രം. തേയിലക്കപ്പലിൽ ഒരു ഈച്ച വീണു ഒച്ചപ്പാടുണ്ടാക്കി എന്നു പറയുന്നതുപോലെ ഒരു ബഹളം ഉണ്ടാക്കുക എന്നല്ലാതെ മറ്റൊന്നുമല്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. K. S. JOSEPH : ഇങ്ങനെ ഒരു കമ്മിറ്റിയെ നിയമിക്കാതെ തന്നെ എല്ലാ മൈനോറിട്ടീസിനും റെപ്രസന്റേഷൻ കിട്ടുമെന്നാണോ മെമ്പറിന്റെ നിർദ്ദേശം.

MR. K. P. NILAKANTA PILLAI : അതൊരു തെറ്റിദ്ധാരണ മാത്രമാണു. ബഹുമാനപ്പെട്ട മെമ്പറന്മാർ ഉന്നയിച്ച വാദങ്ങൾക്ക് മറുപടി ഞാൻ നേരത്തെതന്നെ പറഞ്ഞു കഴിഞ്ഞു. മി. നീലകണ്ഠയ്യർ പറഞ്ഞു, ഇവിടെ എണ്ണായിരം ചെട്ടികളുണ്ട്, നാലായിരം നമ്പൂട്ടന്മാരുണ്ട്, മൂവായിരം മാരവരുണ്ട്, അവക്കെല്ലാം പ്രാതിനിദ്ധ്യം കൊടുത്തിട്ടുണ്ടോ എന്ന്. രാഷ്ട്രീയമായ കാര്യങ്ങളെപ്പറ്റി പ്രതിപാദിക്കുമ്പോൾ ഇതുമാതിരിയുള്ള പ്രാതിനിദ്ധ്യം കൊടുക്കുവാൻ സാധിക്കുകയില്ല. ബ്രിട്ടീഷിൻഡ്യയിൽ അര ശതമാനമുള്ള സമുദായങ്ങൾക്ക് പ്രാതിനിദ്ധ്യം കൊടുത്തിട്ടുണ്ടെന്ന് മറ്റു മെമ്പർ പറഞ്ഞു. ഞാൻ പറയുന്നു, അതു തെറ്റാണെന്നു്. ഒന്നര ശതമാനം സംഖ്യയുള്ള സമുദായങ്ങൾക്കാണ് അവിടെയും പ്രാതിനിദ്ധ്യം കൊടുത്തിട്ടുള്ളതു്; അതും, ലെജിസ്ലേറ്റീവു് അസംബ്ലിയിലാണ്, ഇതുമാതിരിയുള്ള സഭയിലല്ല.

MR. K. S. JOSEPH : ഞാൻ ചോദിച്ചതു് പ്രാതിനിദ്ധ്യം കിട്ടിയിട്ടില്ലാത്ത ന്യൂനപക്ഷസമുദായങ്ങൾക്ക് അവരുടെ കാര്യങ്ങൾ പ്രതിപാദിക്കുന്നതിന് പിന്നെ എപ്പോൾ അവസരം ലഭിക്കും?

MR. K. P. NILAKANTA PILLAI : എന്റെ അഭിപ്രായത്തിൽ ഇരുപതോ പേർ കൂടി ആലോചിച്ചു തീരുമാനങ്ങൾ ചെയ്യുന്ന ഒരു കാൺസ്റ്റിട്ടൂഷനിൽ ഫണ്ടമെന്റൽ റൈറ്റ്സിനും മൈനോറിട്ടീസിന്റെ സേഫ്ഗാർഡിനും സഹായകമായി ഒന്നും ചെയ്യാൻ സാധിക്കുന്നില്ലെങ്കിൽ അതു് ഇരുപത്തിയൊന്നു പേരടങ്ങിയ ഒരു കമ്മിറ്റിയിൽ സാധിക്കുമെന്നാണോ വിചാരിക്കുന്നതു്?

MR. K. S. JOSEPH : അവകാശം പറയുക, തീരുമാനിക്കുക ഇതു് രണ്ടു, രണ്ടാണ്. ഇതു തീരുമാനിക്കുന്നതു് അസംബ്ലിയിലാണു. അവരുടെ കാര്യം അവർ എങ്ങനെ പറയും?

MR. K. P. NILAKANTA PILLAI : അങ്ങനെ ആണെങ്കിൽ അതു് അനേപക്ഷിച്ചു് ഇവിടെ വന്നു പറയുവാൻ മെയ്ക്ക് അവകാശമുണ്ടല്ലോ. സർ, ഞാൻ പറഞ്ഞുവന്നതു് പ്രമേയകർത്താവോ ആ പ്രമേയത്തെ അനുകൂലിച്ചു സംസാരിക്കുന്നവരോ ഈ കാര്യങ്ങളെപ്പറ്റി ശരിയായി ആലോചിച്ചില്ല പ്രസംഗിച്ചതെന്നാണ്. ഒന്നുകൂടി വ്യക്തമായ ഭാഷയിൽ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Nilakanta Pillai]

പറയുകയാണെങ്കിൽ ഈ മൈനാറ്റി സംരക്ഷണവും മെഡിക്കാവകാശ സ്ഥാപനവും ആരും വേണ്ടെന്ന പറഞ്ഞിട്ടില്ല. അത് വേണമെന്നുള്ളതിനു രണ്ടു പക്ഷമില്ല. എന്നാൽ നാം ഇവിടെ ആലോചിക്കുവാനുള്ളത്; അതിനായി ഒരു പ്രത്യേകമായ കമ്മിറ്റി വേണോ വേണ്ടയോ എന്നുള്ളതാണ്. അതാണ് ഈ സഭയുടെ മുൻപാകെ ഉള്ള പ്രശ്നം. മാന്യസ്നേഹിതൻ മി. മാളിയേക്കലും, അദ്ദേഹത്തെ അനുകൂലിച്ചു പ്രസംഗിച്ച ബഹുമാനപ്പെട്ട മറ്റു രണ്ടു മെമ്പറന്മാരും ചില ലാപ്പായൻറുകളെപ്പറ്റി ഇവിടെ പ്രസംഗിച്ചു. അതിനെപ്പറ്റി എനിക്ക് പറയുവാനുള്ളത്, അതിനെപ്പറ്റി പ്രസംഗിച്ച ബഹുമാനപ്പെട്ട മെമ്പറന്മാർക്ക് ഒരു ലെജിസ്ലേച്ചറിന്റെ പ്രത്യേഴ്സ് മുതലായവയെപ്പറ്റി വിപുലമായ പരിജ്ഞാനമില്ലെന്നാണ്. ആദ്യമായി ആലോചിക്കുവാനുള്ളത് ഈ കോൺസ്റ്റിറ്റ്യൂവൻറ് അസംബ്ളിയുടെ പ്രധാനകർത്തവ്യം മഹാരാജാവു തിരുമനസ്സിൽനിന്നു ജനങ്ങളിലേയ്ക്ക് അധികാരം പകർത്തുന്നതിനും അത് ഏതെല്ലാം വിധത്തിലാണ് പകർത്തുന്നത് എന്ന് ആലോചിക്കുന്നതിനുമാണ്. അല്ലാതെ മറ്റു കാര്യങ്ങളെക്കുറിച്ചാലോചിക്കുന്നതിനല്ലെന്ന് ബഹുമാനപ്പെട്ട മെമ്പറന്മാർ മനസ്സിലാക്കിയാൽ കൊള്ളാം.

MR. JOSEPH MALIECKAL : Does the honourable member know that this is not a legislature and therefore I want a separate provision made for it ?

MR. K. P. NILAKANTA PILLAI: It can function according to the constitution made by H. H. The Maharaja.

MR. A. NESAMONY (*Vilavancode S. I. U. C.– Reserved*): Does the honourable member know that according to provisos to Sec. 225 of the Indian Draft Constitution there is provision for legislature in the States ?

MR. K. P. NILAKANTA PILLAI: Sir, I do not quite follow any of these questions.

MR. A. NESAMONY: There is a proviso to Sec. 225 of the Indian Draft Constitution which empowers the State to enact rules for legislature. Has the honourable member come across that provision?

MR. K. P. NILAKANTA PILLAI: There are schedules provided for the different sections of the Draft Constitution and I am aware of all that.

MR. K. R. ELANKATH: Does the honourable member know that what was stated by Mr. Nesamony is subject to revision according to agreements to be entered into?

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. NILAKANTA PILLAI : മി. മാളിയേക്കലിന്റെ വാദം മൌലികാവകാശത്തെപ്പറ്റിയും ന്യൂനപക്ഷസംരക്ഷണത്തെപ്പറ്റിയും അതുപോലുള്ള മറ്റു കാര്യങ്ങളെപ്പറ്റിയും ഇൻഡ്യൻ കാൺസ്റ്റിട്ടൂവൻറ് അസംബ്ളിയേക്കാൾ സ്റ്റേറ്റ് ലെജിസ്ലേച്ചറിന് കൂടുതൽ അധികാരം ഉണ്ടെന്നും അതുകൊണ്ട് ഇവിടെ ഒരു അഡൈവസറി കമ്മറ്റി ആവശ്യമാണെന്നും ആണ്. സ്റ്റേറ്റ് ലെജിസ്ലേച്ചറിന് എന്തെല്ലാം അധികാരമുണ്ടായിരുന്നാലും അതു ഏറെക്കുറെ ഇൻഡ്യൻ അസംബ്ളിയുടെ തീരുമാനത്തിനു വിധേയമായിരിക്കുമെന്നുള്ളതിനെപ്പറ്റി ഇൻഡ്യൻ കാൺസ്റ്റിട്ടൂവൻറ് അസംബ്ളി തയാറാക്കിയ ഡ്രാഫ്റ്റ് കാൺസ്റ്റിട്ടൂഷനിലെ പ വ്യാം വകുപ്പ് ഞാൻ അദ്ദേഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി. എന്നാൽ അദ്ദേഹത്തിന്റെ ശ്രദ്ധ ആ വകുപ്പിൽ പതിഞ്ഞതായില്ല. അതിൽ പറയുന്നതെന്തെന്നാൽ, ഒരു ലെജിസ്ലേച്ചറിന്റെ ഫംഗ്ഷനും കാൺസ്റ്റിട്ടൂവൻറ് അസംബ്ളിയുടെ ഫംഗ്ഷനും തമ്മിൽ വ്യത്യാസമുണ്ട്. എന്നാൽ ഇവിടെപ്പറയുന്ന അഡൈവസറിക്കമ്മറ്റിയുടെ ആലോചനാവിഷയങ്ങളെല്ലാം ലെജിസ്ലേച്ചറിന്റെ ആലോചനാവിഷയമാക്കാവുന്നതേയുള്ളൂ. ഇതറിയാതെയാണ് മി. മാളിയേക്കൽ ഇതിൽ കുഴപ്പമുണ്ടെന്ന് പറയുന്നതു്. ഇൻഡ്യൻ കാൺസ്റ്റിട്ടൂവൻറ് അസംബ്ളിയുടെ ഡ്രാഫ്റ്റ് കാൺസ്റ്റിട്ടൂഷനിൽ ഈ സംഗതി പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ട്.

MR. K. RAMAKRISHNA ACHARI (*Nedumangad II—Kammala Reserved*) : സർ, ഒരു പോയിൻറ് ആഫ ഓർഡർ. ഇൻഡ്യൻ കാൺസ്റ്റിട്ടൂവൻറ് അസംബ്ളി അംഗീകരിച്ചിട്ടില്ലാത്ത കരട് നിയമങ്ങളെപ്പറ്റി ഈ സഭയിൽ ഒരു അതോറിട്ടിയായി പറയാനൊക്കുമോ?

MR. PRESIDENT. അവർ ഇപ്പോൾ തയാറാക്കിയിരിക്കുന്ന റിപ്പോട്ട് അധികൃതമായ റിപ്പോർട്ടാണ്. അതിനെ റെഫർ ചെയ്യുന്നതിൽ തെറ്റില്ല.

HONOURABLE MR. A. THANU PILLAI : ഈ സഭ ലെജിസ്ലേച്ചറല്ല എന്നു മെമ്പർക്ക് അറിയാമോ? ഈ സമിതിയിൽനിന്ന് ഏതുവിധത്തിലുള്ള ഒരു നിയമഘടന ഉണ്ടാക്കിയാലും അതു് മഹാരാജാവുതിരുമനസ്സുകൊണ്ട് നിയമമാക്കി പ്രഖ്യാപനം ചെയ്യുന്നതുവരെ ഇപ്പോൾ നിലവിലിരിക്കുന്ന നിയമത്തെ അടിസ്ഥാനമാക്കി നിയസഭക്ക് കാര്യങ്ങൾ നടത്തിക്കൊണ്ടു പോകുവാനേ ഒക്കുകയുള്ളുവെന്ന് മെമ്പർക്കറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. NILAKANTA PILLAI : ഈ പ്രതിനിധിസഭ തീരുമാനിക്കുന്ന നിയമങ്ങളും നിയമസഭയെ എത്രത്തോളം ബാധിക്കുമെന്നുള്ളതല്ലല്ലോ ഇവിടത്തെ പ്രശ്നം. മഹാരാജാവുതിരുമനസ്സുകൊണ്ടു പാസ്സാക്കുന്ന നിയമങ്ങളൊക്കെ നമ്മളെ ബാധിക്കുന്നതുതന്നെ. എന്നാൽ നിയമസഭയിൽ ന്യൂനപക്ഷസംരക്ഷണത്തെപ്പറ്റിയും തീരുമാനിക്കാവുന്നതേയുള്ളു എന്നാണു് ഞാൻ പറഞ്ഞതു്. ന്യൂനപക്ഷസമുദായങ്ങളുടെ അഭിപ്രായങ്ങളും താല്പര്യങ്ങളും നമ്മുടെ ജനങ്ങളുടെ അഭിലാഷങ്ങളും എന്താണെന്നു പരസ്പരം അറിയാനും മനസ്സിലാക്കാനും അതിനെപ്പറ്റി വേണ്ട ചർച്ചകൾ നടത്തുവാനും നിയമസഭയിൽ ധാരാളം സൗകര്യം കിട്ടും. പിന്നെന്തിനാണു് ഒരഡൈ്വസറി കമ്മറ്റി?

എന്റെ സ്നേഹിതൻ മി. ആർ. ശങ്കർ പ്രസംഗിച്ചപ്പോൾ ഞാൻ രണ്ടു ചോദ്യം ചോദിച്ചു. രണ്ടിനും അദ്ദേഹം മറുപടി പറഞ്ഞില്ല. ഇൻഡ്യൻ കാൺസ്റ്റിട്യൂവൻറ് അസംബ്ളിയിൽ തീരുമാനിക്കുന്നതിനേക്കാൾ എന്തെങ്കിലും കൂടുതലായ മൌലികാവകാശങ്ങൾ നമുക്കിവിടെയുണ്ടോ എന്നായിരുന്നു എന്റെ ഒന്നാമത്തെ ചോദ്യം. അതിനു മറുപടി പറഞ്ഞില്ല. രണ്ടാമതു് മൈനാറ്റി സംരക്ഷണത്തിനു് ഇവിടെയുണ്ടാക്കിയിട്ടുള്ളതിൽ കൂടുതലായി എന്തെങ്കിലും വ്യവസ്ഥകൾ ഇവിടെ ഉണ്ടാക്കേണ്ടതാണെന്നു് കാണിക്കത്തക്ക ഒരൊറ്റ ഉദാഹരണം പറയുവാൻ കഴിയുമോ എന്നു ഞാൻ ചോദിച്ചു. ഉദാഹരണം അദ്ദേഹത്തിനില്ലെന്നു പറഞ്ഞു.

MR. A. NESAMONY : Does the honorable member know that we have no freedom of religion in the State ?

MR. K. P. NILAKANTA PILLAI : I deny it.

MR. A. NESAMONY : Does the honorable member know that we have no freedom of religion to act in the State ?

MR. K. P. NILAKANTA PILLAI : I deny it. My friend Mr. Nesamony will understand because he is a lawyer; all these are beside the point.

MR. A. NESAMONY : That is the fundamental right.

MR. P. T. CHACKO (*Kottayam II—General*): ഇൻഡ്യൻ കാൺസ്റ്റിട്യൂവൻറ് അസംബ്ളി ന്യൂനപക്ഷസംരക്ഷണത്തെപ്പറ്റി ചെയ്യുന്ന വ്യവസ്ഥകളെക്കാൾ കൂടുതൽ എന്തെങ്കിലും വ്യവസ്ഥകൾ നമുക്ക് ഇവിടെ ചെയ്യേണ്ടതായി ഉണ്ടോ എന്നു് ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചു. ചോദ്യത്തിനു് മി ശങ്കർ ഉത്തരം പറഞ്ഞില്ല എന്നു് ഇവിടെ പറയുക

LIBRARY ARCHIVES Kerala Legislative Assembly

യുണ്ടായി. ഡ്രാഫ്റ്റ് കാൺസിറ്റ്യൂഷൻ കാൺസ്റ്റിറ്റ്യൂവൻറ് അസംബ്ളിക്ക യച്ചുകൊടുത്തുകൊണ്ട് അഡൈ്വസറിക്കമ്മറ്റിയിലെ ഒരു മെമ്പറായ ഡാക്ടർ അംബത്കർ കൊടുത്തിരിക്കുന്ന എഴുത്ത് ബഹുമാനപ്പെട്ട മെമ്പർ ദയവുചെയ്തു ഒന്നു വായിച്ചു നോക്കുമോ?

MR. K. P. NILAKANTA PILLAI: I rise to a point of order. The hon'ble member is not entitled to give me information and I am not concerned with the extent of information which the hon'ble member usually possesses.

MR. PRESIDENT: പ്രസംഗിച്ചുകൊണ്ടിരിക്കുന്ന മെമ്പർക്ക് ഒരറിവു കൊടുത്തുവെന്നേയുള്ളൂ. പക്ഷേ അങ്ങോട്ടറിവു പറഞ്ഞുകൊടുക്കുക എന്നതു് പ്രസംഗമദ്ധ്യേ ചെയ്യുന്നതു് എപ്പോഴും ശരിയായിരിക്കയില്ല.

MR. ABDUL AZIZ: ഒരു മെമ്പർ പറയുന്നതു് അബദ്ധമാണെങ്കിൽ ശരിയായ അറിവു് ആ മെമ്പർക്കു് കൊടുക്കേണ്ടതു് ആവശ്യമായി വരികയല്ലേ?

MR. PRESIDENT: അതു് ചോദ്യരൂപത്തിൽ ആയിരിക്കേണ്ടതാണു്.

MR. K. P. NILAKANTA PILLAI: ബഹുമാനപ്പെട്ട മെമ്പർ മി. അബ്ദുൽ അസീസ് പണ്ഡിറ്റ് പാൻറിൻെറ അഭിപ്രായം ഇവിടെ കോട്ടു ചെയ്യുകയുണ്ടായി. നമ്മുടെ വാദവിഷയത്തിനു ഈ ഹേത്വാൻെറ ആ അഭിപ്രായവുമായി അത്രവളരെ പ്രസക്തിയുണ്ടെന്നു തോന്നുന്നില്ല.

ബഹുമാനപ്പെട്ട മെമ്പറന്മാർ ഒരു കാര്യം പ്രധാനമായി ധരിക്കേണ്ടതുണ്ടു്. ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂവൻറ് അസംബ്ളിയിലെ മൈനാറിട്ടി പ്രശ്നവും മെഴുലികാവകാശപ്രശ്നവും നമ്മുടെ പ്രശ്നങ്ങളും തമ്മിൽ വ്യത്യാസമില്ല. നാം ഒരു ഭരണഘടന നിർമ്മിക്കുമ്പോൾ ഈ രണ്ടു കാര്യങ്ങളെക്കുറിച്ചു് വേണ്ടവണ്ണം ചിന്തിച്ചശേഷം ചെയ്യുന്ന വ്യവസ്ഥകൾ ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂവൻറ് അസംബ്ളിയിൽ ഉണ്ടാക്കുന്ന വ്യവസ്ഥകൾക്കു പ്രതിബന്ധമായി നിൽക്കുമോ എന്നാലോചിക്കേണ്ടതാണു്. ഒരഡൈ്വസറിക്കമ്മറ്റി വേണ്ട എന്നു പറഞ്ഞാൽ നാമുണ്ടാക്കുന്ന ഭരണഘടനയും സൂനപക്ഷസംരക്ഷണത്തെപ്പറ്റിയും മെഴുലികാവകാശത്തെപ്പറ്റിയുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുകയേ ഇല്ല എന്നു ഭയപ്പെടുവാൻ അവകാശമുണ്ടോ? ഒരു കമ്മറ്റിയെ നിയമിക്കേണ്ട എന്നു പറഞ്ഞാൽ മൈനാറിട്ടികൾ കുഴങ്ങിപ്പോകുമെന്നു് ചില മെമ്പറന്മാർ ധരിച്ചിരിക്കുന്നതുപോലെ തോന്നുന്നു. മൈനാറിട്ടി സംരക്ഷണവും മെഴുലികാവകാശവും—ഇതു രണ്ടും വളരെ അത്യാവശ്യമാണു്. ഇതിലേയ്ക്കു

LIBRARY ARCHIVES Kerala Legislative Assembly

[Mr K. P. Nilakanta Pillai.]

ഫസ്റ്റ്-ാംവകുപ്പിൽ പറഞ്ഞിരിക്കുന്നതുപോലെ ഈ സഭതന്നെ മുഴുവനായി ഒരു കമ്മറ്റിയായി രൂപാന്തരപ്പെട്ട് ആലോചനകൾ നടത്താം. പോരെങ്കിൽ ഇതുപോലുള്ള ഗൗരവമേറിയ കാര്യങ്ങളെപ്പറ്റി ആലോചിച്ചു വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിന് ഏതു കമ്മറ്റികളേയും സബ കമ്മറ്റികളേയും നിയമിക്കുന്നതിനുള്ള അധികാരം ഈ സഭയ്ക്ക് ഫർ-ാംവകുപ്പനുസരിച്ചുണ്ട്. ഈ വകുപ്പുകളെല്ലാം നാം പാസ്സാക്കി കഴിഞ്ഞിരിക്കുന്നു. ആ നിലക്ക് ഒരഡ്വൈസറിക്കമ്മറ്റി ഉണ്ടാകുന്നില്ലെങ്കിൽ കാര്യക്ഷമതയുണ്ടാകുമെന്ന് ഞാൻ ചോദിക്കുന്നു. ഫൈവ് പേർക്കുടി ഒരുമിച്ചിരുന്നാലോചിച്ചാൽ കാര്യക്ഷമതയില്ലാതെ പോകുമെന്ന് ഒരു ക്വട്ടർ വാദിക്കുന്നു. വെളിയിൽനിന്നും ആളുകളെ നാമിനേറ്റുചെയ്ത് ഉണ്ടാക്കുന്ന കമ്മറ്റിക്കാണ് ക്വട്ടതൽ കാര്യക്ഷമത എന്ന് വേറൊരു ക്വട്ടർ വാദിക്കുന്നു. എനിക്കിതൊന്നും മനസ്സിലാകുന്നില്ല. ഫൈവ് പേർ ക്വടിച്ചേർന്നാൽ കാര്യക്ഷമത ഉണ്ടാകുന്നില്ലെങ്കിൽ വെളിയിൽനിന്നും ആളുകളെയെടുത്ത് കാര്യക്ഷമതയുണ്ടാക്കുകയില്ല എന്ന് എനിക്കും പറയാം. അതല്ല, അനേകം പേരെക്കുടി വെളിയിൽനിന്നും എടുത്ത ആലോചന നടത്തുകയാണ് കാര്യക്ഷമത എന്നും പറയുകയാണെങ്കിൽ ഈ സഭയിലുള്ള എല്ലാവരും ക്വടി ഒരുമിച്ചുചേർന്ന് ആലോചന നടത്തുന്നതു ക്വട്ടതൽ കാര്യക്ഷമതയാകുകയില്ലേ എന്നും ചോദിക്കാം. പക്ഷേ ഇവിടെ ആലോചിക്കാനുള്ളതു ഇതൊന്നുമല്ല; ഈ അഡ്വൈസറിക്കമ്മറ്റിയെക്കുടാതെ തന്നെ അതിൽ പുറഞ്ഞിരിക്കുന്ന രണ്ടു കാര്യങ്ങളെപ്പറ്റിയും കാര്യക്ഷമമാകുംവണ്ണം നമുക്കു ആലോചിക്കുവാൻ കഴിയുകയില്ലേ എന്നാണു നമുക്കു നോക്കേണ്ടതു. ഞാൻ മുമ്പു പറഞ്ഞതുപോലെ ഫർ-ാംവകുപ്പും, ഫസ്റ്റ്-ാംവകുപ്പുമനുസരിച്ചു നമുക്കു പലതരത്തിലുള്ള കമ്മറ്റികളും ഉണ്ടാക്കാൻ കഴിയും. ക്വടാതെ സെ-ാം വകുപ്പുപ്രകാരം ഫൈവ് പേർ അടങ്ങിയ മറ്റൊരു കമ്മറ്റിയേയും നിയമിക്കാവുന്നതാണ്. ഈ അധികാരങ്ങളെല്ലാം നമുക്കു തന്നിരിക്കുമ്പോൾ എന്തിനാണ് പിന്നെ ഒരു അഡ്വൈസറിക്കമ്മറ്റിയുടെ ആവശ്യം എന്നു ഞാൻ ചോദിക്കുന്നു.

MR. G. RAMACHANDRAN (*Neyyattinkara III—General*): സെ-ാം വകുപ്പും എടുത്തുകളയണമെന്ന ഒരു ഭേദഗതിയും ഇവിടെ അവതരിപ്പിച്ചിട്ടുണ്ടല്ലോ. ആ നിലക്ക് ആ ഭേദഗതി പാസ്സാകുന്നപക്ഷം ഫൈവ് പേർ അടങ്ങിയ ഒരു കമ്മറ്റിയെ നമുക്ക് എങ്ങനെ നിയമിക്കുവാൻ കഴിയും?

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. NILAKANTA PILLAI : ന.ര.-ാംവകുപ്പിനെപ്പറ്റിയാണല്ലോ നാമിപ്പോൾ ആലോചന നടത്തുന്നത്. ന.ഒ-ാംവകുപ്പിനെപ്പറ്റി ആലോചിക്കുമ്പോൾ അതിനെപ്പറ്റി പറയാം.

MR. A. CHIDAMBARANATHA NADAR : *(Kalkulam II—Hindu Nadar Reserved)* : Mr. K. P. Nilakanta Pillai when he first began his speech, was willing to answer the questions of members. Secondly he was saying that he was not going to yield. Thirdly he was yielding. So my honourable friend is becoming more and more a problem. So I request the honourable member to solve the problem.

MR. K. P. NILAKANTA PILLAI : Sir, I am standing here to answer questions.

MR. PRESIDENT : He is raising a point of order. What is your point of order ?

MR. A. CHIDAMBARANATHA NADAR : When the honourable member began his deliberations he said that he was quite ready to answer the questions of any honourable member in this House. Secondly he said that he was not yielding. Now he is prepared to answer the questions of the honourable members, whereby I see that he is becoming more and more a problem.

MR. K. P. NILAKANTA PILLAI: I request the Chair to ask the member to withdraw the word (problem.)

MR. PRESIDENT : The honourable member will kindly withdraw the word 'problem'.

MR. A. CHIDAMBARANATHA NADAR : I withdraw the word.

MR. PRESIDENT: No member has the right to dictate to another member to answer a question.

MR. K. P. NILAKANTA PILLAI : ഞാൻ എന്റെ പ്രസംഗം തുടർന്നു കൊണ്ടുപോകുമ്പോൾ ഒരു മെമ്പർ ഒരു ചോദ്യം ചോദിച്ചാൽ, ആ ചോദ്യത്തിന്റെ ഉദ്ദേശം എനിക്കു കൂടുതൽ അറിവു തരുന്നതിനായാലും ശരി, അല്ലാത്തപക്ഷം എന്റെ വാദമുഖത്തെ ശിഥിലപ്പെടുത്തുന്നതിനായാലും ശരി ഉത്തരം പറയേണ്ടതു് എന്റെ ഡ്യൂട്ടിയാണ്.

MR. PRESIDENT : ഇതേപ്പറ്റി മെമ്പർ കൂടുതലായി പറയണമെന്നില്ല. ഭേദഗതിയെപ്പറ്റിയുള്ള പ്രസംഗം തുടരാം.

MR. T. A. ABDULLA : ഒരു മെമ്പർ ഈൽഡ് ചെയ്യുന്നില്ല എന്നു പറഞ്ഞാൽ പിന്നെ ആ മെമ്പറിനോടു സംശയം ചോദിക്കാമോ?

MR. PRESIDENT : ആർക്കും സംശയങ്ങൾ ചോദിക്കാം. മനസ്സുണ്ടെങ്കിൽ ഉത്തരം പറഞ്ഞാൽ മതി.

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. NILAKANTA PILLAI : സർ, ബഹുമാനപ്പെട്ട മെമ്പർ മി. ആർ. ശങ്കറിനോട് ഞാൻ ചോദിച്ച രണ്ടു ചോദ്യങ്ങൾക്ക് എനിക്ക് ഉത്തരം കിട്ടിയില്ലെന്ന ഞാൻ പറഞ്ഞു. ഇൻഡ്യൻ കാൺസ്റ്റിട്ട്യൂവൻറ് അസംബ്ളിയിൽനിന്ന തയാറാക്കിയ ഡ്രാഫ്റ്റ് ചട്ടത്തിൽ ഉന്നയിക്കപ്പെട്ടിട്ടില്ലാത്ത മൈനാറിട്ടി സംരക്ഷണമോ മെഴലികാവകാശമോ നമുക്കുണ്ടോ. അവിടെ ചെയ്യുന്നതിൽ കൂടുതലായ വ്യവസ്ഥകൾ എന്തെങ്കിലും നമുക്കിവിടെ ചെയ്യേണ്ടതായുണ്ടോ? ഈ രണ്ടു ചോദ്യങ്ങൾക്കും മി. ശങ്കർ ഉത്തരം തന്നില്ല. പ്രാതിനിധ്യം കൂടിയ സമുദായമായാലും പ്രാതിനിധ്യം കുറഞ്ഞ സമുദായമായാലും എൻറെ മാന്യസ്നേഹിതൻ മി. നേശമണി ചൂണ്ടിക്കാണിച്ചതുപോലെ പ്രസംഗിക്കാനുള്ള സ്വാതന്ത്ര്യം, സംഘടിക്കാനുള്ള സ്വാതന്ത്ര്യം, കൂട്ടംചേരാനുള്ള സ്വാതന്ത്ര്യം ആരാധിക്കുവാനുള്ള സ്വാതന്ത്ര്യം, പത്രം നടത്താനുള്ള സ്വാതന്ത്ര്യം, ശുദ്ധവായു ശ്വസിക്കുവാനുള്ള സ്വാതന്ത്ര്യം, ശുദ്ധജലം കുടിക്കുവാനുള്ള സ്വാതന്ത്ര്യം ഇങ്ങനെയുള്ള സ്വാതന്ത്ര്യങ്ങളെല്ലാം മൈനാറിട്ടി ആയാലും ശരി മെജാറിട്ടി ആയാലും ശരി എല്ലാവർക്കും ഒരുപോലെ ഉണ്ടായിരിക്കേണ്ടതാണ്. ഇതിൽ ഏതെങ്കിലും ഒന്നിൽ സ്വാതന്ത്ര്യമില്ലാതിരിക്കുന്നതു് ന്യൂനപക്ഷത്തിന് ദുഃഖമായിരിക്കും ഭൂരിപക്ഷത്തിന് ഗുണമായിരിക്കുമെന്നു് വിചാരിക്കാൻ തരമില്ല. അതുപോലെ മെഴലികാവകാശത്തെപ്പറ്റി പറയുമ്പോൾ ന്യൂനപക്ഷത്തേയും ഭൂരിപക്ഷത്തേയും നോക്കേണ്ട ആവശ്യമില്ല.

ഇവിടെ യഥാർത്ഥത്തിൽ ഒരു മൈനാറിട്ടി പ്രശ്നമായി എടുക്കേണ്ടതുണ്ടെങ്കിൽ പബ്ളിക്കുസർവീസിലെ പ്രാതിനിധ്യത്തെ സംബന്ധിച്ചും നിയമസഭാപ്രാതിനിധ്യത്തെ സംബന്ധിച്ചും മാത്രമാണ്. വേറെ ചില ചില്ലറ കാര്യങ്ങളും കണ്ടേക്കാം. ഇത്തരം കാര്യങ്ങൾ ഈ കാൺസ്റ്റിട്ട്യൂവൻറ് അസംബ്ളിയാണോ ആലോചിക്കേണ്ടതു്. നിയമസഭയാണോ എന്നു ഞാൻ ചോദിക്കുന്നു. ഈ വക കാര്യങ്ങൾ എല്ലാം നിയമസഭയിൽ ആലോചിച്ചു് തീരുമാനിക്കാവുന്നതേയുള്ളൂ. അദ്ധ്യക്ഷൻറെ അനുമതിയോടുകൂടി ഇൻഡ്യൻ കാൺസ്റ്റിട്ട്യൂവൻറ് അസംബ്ളി റിപ്പോർട്ടിൽ ഫുട്നോട്ടുപേജിലുള്ള നോട്ടുപാരഗ്രാഫുകൾ ഞാൻ വായിക്കാം. ഡാക്ടർ അംബേദ്കരുടെ റിപ്പോർട്ടിൽ നിന്നാണു് ഞാൻ വായിച്ചതു്. മൈനാറിട്ടികളുടെ സംരക്ഷണവ്യവസ്ഥകളെപ്പറ്റി പ്രതിപാദിച്ചുകൊണ്ടു ഡാക്ടർ അംബത്കർ പറയുന്നതു നിയമസഭാപ്രാതിനിധ്യം, സർക്കാർ സർവീസിലേയ്ക്കുള്ള പ്രാതിനിധ്യം, ഇവയെല്ലാം അതാതു സ്റ്റേറ്റുകളിലുള്ള നിയമസഭകളാണു് തീരുമാനിക്കേ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടതെന്നും അല്ലാതെ അതു് കാൺസ്റ്റിട്ട്യൂവൻറ് അസംബ്ളിയുടെ ഫങ്ക്ഷൻ അല്ലെന്നുമാണ്. ക്രടാതെ അതേ റിപ്പോർട്ടിൽ ഫൻ-ാം പാരായിൽ പറയുന്നതു് ,ഇവിടെ ന്യൂനപക്ഷസംരക്ഷണത്തിനുവേണ്ടി ചില വ്യവസ്ഥകളെല്ലാം ചെയ്തിട്ടുണ്ടു്. ആ വ്യവസ്ഥകൾ സകല സ്റ്റേറുകളും സ്വീകരിക്കണമെന്നു് ഞാൻ ഉന്നിപ്പറയുന്നു" എന്നു്. ഈ വിഷയം ഇൻഡ്യൻ കാണ്സ്റ്റിട്ട്യൂവൻറ് അസംബ്ളിയുടെ ശ്രദ്ധയിലും കൊണ്ടുവരണമെന്നു പറഞ്ഞിരിക്കുന്നു. അപ്പോൾ രാഷ്ട്രീയമായും മറ്റുമുള്ള പ്രാതിനിധ്യത്തെ സംബന്ധിച്ചും മറ്റും ചർച്ച ചെയ്തു തീരുമാനിക്കുവാനുള്ള അധികാരം ഈ കമ്മിറ്റിയുടെ പരിധിയിൽ വരുന്നില്ലെന്നും അതാതു സ്റ്റേറുകളിലുള്ള നിയമസഭകളാണു ഇതുസംബന്ധിച്ചു തീരുമാനം ചെയ്യേണ്ടതെന്നും വ്യക്തമാണ്. മൈനാറിട്ടിയുടെ സംരക്ഷണത്തിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ മിക്കവാറും എല്ലാ ഇൻഡ്യൻ സ്റ്റേറുകളിലും സ്വീകരിക്കപ്പെടുമെന്നു ഞാൻ വിശ്വസിക്കുന്നു, എന്നും അദ്ദേഹം തുടർന്നു പറഞ്ഞിരിക്കുന്നു. അതുകൊണ്ടു തിരുവിതാംകൂർ ഇൻഡ്യൻ യൂണിയനിൽ ഒരു ഘടകമായിരിക്കുന്നിടത്തോളം കാലം ഇൻഡ്യൻ കാൺസ്റ്റിട്ട്യൂവൻറ് അസംബ്ളി തിരുമാനിക്കുന്ന ചട്ടങ്ങളെല്ലാം സ്വീകരിക്കുവാൻ സ്റ്റേറുകളും നിർബന്ധിതരായിത്തീരുമെന്നു ഞാൻ പറയുമ്പോൾ അതൊക്കെ അവിടെ കിടക്കും നമുക്കു സ്വതന്ത്രമായി ഒരു അഡ്വൈസറിക്കമ്മിറ്റിയെ നിയമിക്കാമെന്നു പറയുന്നവരോടു എന്തു സമാധാനമാണു പറയേണ്ടതെന്നു നിശ്ചയമില്ല. സ്വതന്ത്രതിരുവിതാംകൂറിനെപ്പറ്റി വിചാരിച്ചുകൊണ്ടിരുന്ന ആളുകൾക്കു് അതും അതിലപ്പുറവും തോന്നും. ഇൻഡ്യൻ കാൺസ്റ്റിട്ട്യൂവൻറ് അസംബ്ലിയുടെ തീരുമാനത്തിനപ്പുറം നമുക്കു പോകാമെന്നു് വിചാരിക്കുന്നതുതന്നെ ബുദ്ധിപൂർവമായ ഒരു വിചാരഗതിയാണോ എന്നു ഞാൻ സംശയിക്കുന്നു. മൗലികാവകാശങ്ങളെല്ലാം നമുക്കും വേണം. അതു നമുക്കവിടെ ഉണ്ടാക്കാം. ചെറിയ കമ്മറ്റിയായാലും വലിയ കമ്മറ്റിയായാലും അതിനപ്പുറം ആലോചിക്കുകയും ചെയ്യും. അതുപോലെ മൈനാറിട്ടി സംരക്ഷണത്തിനുള്ള വ്യവസ്ഥയും ഇവിടെ ഉണ്ടാകും. ഇൻഡ്യൻ കാൺസ്റ്റിട്ട്യൂവൻറ് അസംബ്ളിയുടെ മൈനാറിട്ടി സംരക്ഷണത്തിനുള്ള വ്യവസ്ഥകൾ നമ്മെയും ബാധിക്കുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. അതിൽ കൃത്രമമായി അല്ലെങ്കിൽ അതിനു വിപരീതമായി യാതൊരു ചട്ടവും നമുക്കുണ്ടാക്കുവാനും നിവൃത്തിയില്ല.

MR. JOSEPH MALIECKAL: Sir, May I know whether this is the Constituent Assembly or the Representative Body.

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT: At present it is only a Representative Body.

MR. K. P. NILAKANTA PILLAI : ചുരുക്കം എനിക്കു പറയാനുള്ളതു ഇതാണ്. മൈനാറിട്ടി സംരക്ഷണവ്യവസ്ഥ നിർബന്ധമായും നിയമത്തെ ബാധിക്കുന്നതാണ്.

MR P. T. CHACKO : ഒരു ചോദ്യം. ഇൻഡ്യൻ കാണസംബ്ലിയിൽ അവതരിക്കപ്പെടുന്ന ചട്ടങ്ങളിൽ മൈനാറിട്ടി വ്യവസ്ഥ ഇല്ലെന്നല്ലേ പറഞ്ഞതു?

"Subject to the provisions of article 244 of this Constitution and of any law made by Parliament, trade, commerce and intercourse through-out the territory of India shall be free"

എന്നാണ് ഇൻഡ്യൻ കാണസംബ്ലി ഭരണഘടനാംവകുപ്പ്.

MR. K. P. NILAKANTA PILLAI : അതു തെറ്റായ വാദമാണ്. എന്റെ സ്നേഹിതൻ ഏതാണു ചോദിക്കുന്നതെന്നറിഞ്ഞുകൂടാ. ഇതിൽ കൂടുതൽ ഇതിനെപ്പറ്റി എനിക്കു പറയാനില്ല. പ്രമേയത്തെ എതിർത്തു ബഹുമാനപ്പെട്ട പല മെമ്പറന്മാരും പ്രസംഗിച്ചു. എന്നാൽ ഇതിനെ സംബന്ധിച്ച് യാതൊരു ഭയത്തിനും അവകാശമില്ലെന്നും, ഈ കമ്മറ്റി ഇല്ലാതെതന്നെ ന്യൂനപക്ഷങ്ങൾക്കാവശ്യമായ ചട്ടങ്ങൾ പാസ്സാക്കാൻ സാധിക്കുമെന്നും, ഈ വകുപ്പു എടുത്തുകളഞ്ഞാൽ മതപരിവർത്തനസ്വാതന്ത്ര്യം ഉണ്ടാകാനിടയില്ലെന്നുള്ള ധാരണ തെറ്റാണെന്നും, അതു അവരോടുള്ള അവജ്ഞയാണെന്നുള്ള ഭയത്തിനു അവകാശമില്ലെന്നും അതിനാൽ കമ്മറ്റി അതിപ്രധാനമാണെന്നുള്ളവാദം തെറ്റാണെന്നും, കമ്മറ്റികൊണ്ടുള്ള ഉദ്ദേശം കമ്മറ്റി ഇല്ലാതെതന്നെ സാധിക്കുന്നതാണെന്നും ബഹുമാനപ്പെട്ട മെമ്പറന്മാർ ധരിക്കുമെന്നു വിശ്വസിക്കുന്നു.

MRS. DEVAKI GOPIDAS (*Kottayam I—General*) : ഇങ്ങനെ ഒരു അഡ്വൈസറിക്കമ്മറ്റി ഉണ്ടായാലുള്ള ദോഷം എന്താണെന്നു ബഹുമാനപ്പെട്ട മെമ്പർ വിവരിച്ചുൾകൊള്ളാം.

MR. K. P. NILAKANTA PILLAI : ഈ കമ്മറ്റികൊണ്ടു യാതൊരു ഗുണവും ഇല്ലെന്നുള്ളതുതന്നെ.

MR. P. NANOO (*Chirayinkil II—General*) : ന്യൂനപക്ഷവകുപ്പു എടുത്തുകളഞ്ഞാലുള്ള ഗുണം എന്താണ്?

MR. K. P. NILAKANTA PILLAI : ഈ ചോദ്യത്തിന്റെ ഉത്തരവും ഇപ്പോൾ പറഞ്ഞതുതന്നെ.

LIBRARY ARCHIVES Kerala Legislative Assembly

MR. R. SANKAR : എന്റെ നേരെ പ്രയോഗിച്ച രണ്ടു ചോദ്യശരങ്ങൾക്കു അപ്പോൾതന്നെ പ്രത്യുത്തരം പ്രയോഗിച്ചില്ലാ എന്നു് എന്റെ പേരിൽ ഒരു കുറ്റമായി ഇവിടെ പറഞ്ഞു. രണ്ടാമത്തെ ചോദ്യത്തിനു അപ്പോൾതന്നെ ഉത്തരം പറഞ്ഞു. മൗലികാവകാശം സംബന്ധിച്ചും ബ്രിട്ടീഷ് ഇൻഡ്യയിൽ ഉള്ളതിൽ കൂടുതൽ മൈനാറിട്ടിസ് ഇവിടെ ഉണ്ടോ എന്നുള്ളതിനെപ്പറ്റിയും ചോദ്യം ഉണ്ടായി. കൂടുതലായി എന്തു മൗലിക അവകാശങ്ങൾ ഉണ്ടായിരിക്കണമെന്നു നിശ്ചയിച്ചു റിപ്പോർട്ടു ചെയ്യേണ്ടതു് കമ്മറ്റിയാണു. ന്യൂനപക്ഷങ്ങൾക്കു ആവശ്യമായ രക്ഷാ വ്യവസ്ഥകളെന്തെന്നു പറയേണ്ടതു് ആ ന്യൂനപക്ഷങ്ങൾ തന്നെയാണു്. ഈ വിഷയത്തെപ്പറ്റി ചിലതെല്ലാം എന്റെ മനസ്സിലുള്ളതു് പറയാൻ കുറെ സമയം വേണ്ടിവരും. അവ ഇപ്പോൾ സംഗതമല്ല. സമയം കിട്ടിയാൽ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം പറയാൻ എനിക്കു മടിയില്ല. വെറുതെ എന്തെങ്കിലും മറുപടി പറയണം എന്ന അഭിപ്രായം എനിക്കില്ല.

MR. K. P. NILAKANTA PILLAI : I have nothing more to say.

MR. R. SANKAR : കാര്യത്തിൽ വളരെ ഒന്നുമില്ലാതെ കേവലം ശബ്ദാഡംബരമായ എന്തെങ്കിലും ഉത്തരം പറയണമെന്നു ഞാൻ ആഗ്രഹിക്കാത്തതുകൊണ്ടു് ഉത്തരം പറയുന്നില്ല.

The Amendment of Mr. K. P. Nilakanta Pillai was put to vote and lost.

MR. PRESIDENT: I shall now put Rule 34 to the vote of the House. It reads thus:—

> "An Advisory Committee shall be set up to initiate and consider proposals and to report to the Representative Body upon fundamental rights and safeguards for the protection of minorities; and the decision of the Representative Body upon such report shall be incorporated in the appropriate part of the Constitution."

The motion was put and carried.

MR. ABDUL AZIZ : പോൾ എടുത്താൽ കൊള്ളാം.

HON'BLE MR. A. THANU PILLAI : പോയിന്റ് ഓഫ് ഓർഡർ. ഒരു പ്രമേയം വന്നു് അഭിപ്രായപ്രകടനങ്ങൾ കഴിഞ്ഞു് വോട്ടിനിട്ടാൽ അനുകൂലമായ തീരുമാനം ഉണ്ടായഭാഗത്തുനിന്നും പോൾ എടുക്കണമെന്നു ആവശ്യപ്പെടുവാൻ അവകാശമുണ്ടോ? അതിന്റെ റൂളിംഗ് എങ്ങനെയാണു്?

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT : അതിനെപ്പറ്റി രൂപം നോക്കിയാലേ തീർച്ച പറയാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ വലിയ ഭൂരിപക്ഷത്തോടുകൂടി തള്ളപ്പെട്ടിരിക്കുന്നതിനാൽ പോരാ എടുക്കേണ്ട ആവശ്യം ഈ സന്ദർഭത്തിലില്ല.

RULE 35

MR. K. P. NILAKANTA PILLAI : 35-ാമത്തെ രൂപം ഡെലിറ്റുചെയ്യണമെന്നു മൂവുചെയ്യുന്നു.

MR. PRESIDENT : ഈ രൂപം അനുസരിച്ച് നാമിനേഷൻ പ്രതിനിധിസഭയാണോ, പ്രസിഡൻറാണോ നടത്തേണ്ടതു് എന്നതിനെ സംബന്ധിച്ചു ഭേദഗതി അവതരിപ്പിക്കാൻ മി. നടരാജപിള്ളയെ ക്ഷണിക്കുന്നു.

MR. P. S. NATARAJA PILLAI : I move that in Rule 35, omit the last sentence "The President may at any one time or at different times nominate members to the Committee not exceeding six" and substitute the following. "The Representative Body may at one time or at different times elect six persons who are not members of the Representative Body to the Advisory Committee in accordance with the principle of proportional representation by means of the single transferable vote."

As it now stands the President is given the right to nominate at one time or at different times members to the Committee not exceeding six. Sir, in the debate in this House on Rule 34 much was said about the safeguards for the protection of minorities. This clause also refers to the committee on the fundamental rights and safeguards for the protection of minorities. I had occasion to say that fundamental rights have been enunciated and included in the draft Constitution. Then a point was raised that "safeguards for the protection of minorities" has not been included in the draft Constitution which is made applicable to the States as a whole. But I may also point out that the provisions referred to during the course of this debate-provisions 292, 294 and 295 of the draft Act provides for representation to the Legislature. This House is called upon to frame a Constitution. We have to decide what sort of Legislature we are going to have. Then we will have to decide about the delimitation of constituencies and method of election. But in this Rule we have only to deal with the committee which is to report on safeguards for the minorities. We want safeguards for the minorities. We want members in this Committee to represent and to protect the rights of the minorities. But it will be better to leave the function of selection to this House. The House can ask the President to take up the responsibility to decide which all interests are to be represented in the committee. Is that the way to handle this knotty question? Why should the Hon'ble

LIBRARY ARCHIVES Kerala Legislative Assembly

President be asked to take up this delicate, sometimes, thankless task? It will be better to leave the selection of the minorties to be represented there, to the representatives of the people as a whole. We are elected on adult franchise. If there are interests which have yet to be represented and if those interests happen to be minority interests, in order to statisfy them, it will be better that the members of this House take up that responsibility and elect them to the Advisory Committee. I do not know whether members, who are not members of this House but who are competent to advise on the question of minority rights, and fundamental rights, are eligible to be nominated to this Committee. That has not been so far explained.

Whether the co-opted Members have the right to vote is another matter which is not clear from the rule, as it stands. The honorable members who framed the rules ought to have explained the position whether persons who are not Members of this House are going to be neminated to that Committee, whether thay have equal right to vote in that Committee. The next point is whether experts are to be nominated to this Committee. Or is it only the minority interests that are going to be represented. A number of speeches were made during the debate on Rule 34 that minoritv interests have to be represented. Then it will be a matter for consideration whether the members to be co-opted or elected should be from the minority communities or those who can effectively represent minority interests. That is another matter for consideration. So at any rate when we are accepting this rule for Constituting a Committee and when there is so much doubt on that matter, I think it is better to leave the method of constituting it to the judgment of this House than to the judgment of a single individual however eminent he may be. The question whether members of minority communities are to be represented or persons who are capable of giving expert opinion on the fundamental rights and the methods for safeguarding the minority interest are to be included, are all matters which require deliberation and thought. Therefore, I move the amendment that the six members to be nominated may be elected by this House.

MR. K. A. GANGADHARA MENON :-In the amendment a proposed election is contemplated. I want to ask the Member whether he proposes that nominations be invited from the general public.

MR. P. S. NATARAJA PILLAI: It is confined to this House. The ordinary procedure of election of this House will be followed.

The previous sentence will make it clear. "It shall consist initially, besides the President, of fifteen members who shall be elected by and from the Representative Body in accordance with the principle of proportional representation by means of the single transferable vote." Having limited the election to fifteen we leave back six who may be from the House or may not be from the House. That is why I said an explanation was necessary and that the spokesman of the Committee did not explain what he had in mind.

LIBRARY ARCHIVES Kerala Legislative Assembly

MR. K. RAMACHANDRAN: *(Pathanamthitta I—Kammala Reserved.)* I am opposing the amendment moved by Mr. P. S. Nataraja Pillai. I am of the opinion that if the President be given the chance of this nomination it would always be in the interests of the minority communities, because if the election is going on, I am afraid, that many of the minority communities may not have the chance of being represented in the Advisory Committee. Our object is to safeguard the interests of the minority communities and, therefore, I suggest that the power to nominate the members be vested on the President so that if the minority communities are not represented in the Advisory Committee, the President may have the liberty to nominate members from the minority communities. I refer to Clause 219 of the Draft Constitution of India in which such nominations are allowed in respect of Anglo Indian Community. Section 293 states that in clear terms.

So I oppose the amendment that has been put forward by the Honourable Member Mr. P. S. Nataraja Pillai.

MR. G. RAMACHANDRAN : മി. നടരാജപിള്ള അവതരിപ്പിച്ച ഭേദഗതിയെ പിൻതാങ്ങുന്നതിനാണ ഞാൻ എഴുന്നേറ്റ നിൽക്കുന്നത്. ഉപദേശകക്കമ്മിറ്റികളിൽ ൧൭ പേരെ അസംബ്ളിയിൽ നിന്നു തന്നെ തെരഞ്ഞെടുക്കാമെന്ന ചട്ടത്തിൽ പറഞ്ഞിട്ടുണ്ട്. ഇപ്പോൾ പതിനഞ്ചുപേരെ കമ്മിറ്റിക്ക എടുത്തശേഷം, വേറെ ആരെയെങ്കിലും അംഗമായി എടുക്കണമെന്നുണ്ടെങ്കിൽ അത് മി. നടരാജപിള്ളയുടെ ഭേദഗതികൊണ്ട സാദ്ധ്യമാകുന്നതാണ്. കമ്മിറ്റി തീരുമാനിക്കേണ്ട കാര്യം എന്താണെന്ന് ഇതിനു മുൻപു നടന്ന ചർച്ചകളിൽനിന്നതന്നെ വിശദമായിട്ടുണ്ട്. ഇങ്ങനെയുള്ള കാര്യങ്ങൾക്ക് ൧൭ പേരെ അസംബ്ളിയിൽനിന്ന തെരഞ്ഞെടുക്കുകയും, ബാക്കി ൧൫ പേരെ വെളിയിൽ നിന്നും തെരഞ്ഞെടുക്കുന്നതിന് സഭയ്ക്കുതന്നെ അധികാരമുണ്ടായിരിക്കുന്നതും നല്ലതാണെന്നാണ് എനിക്ക തോന്നുന്നത്. കമ്മിറ്റിയുടെ കാര്യത്തെപ്പറ്റി പറയുകയാണെങ്കിൽ ൧൭ പേരെ ഭൂരിപക്ഷാഭിപ്രായത്തോടുകൂടി സഭയ്ക്ക തെരഞ്ഞെടുക്കുന്നതിന് സാധിക്കും. പിന്നെ കുറെ പേരെക്കൂടി വെളിയിൽനിന്നും എടുക്കുന്നതുകൊണ്ട എന്തു തകരാറാണ വരുന്നത്? വിദഗ്ധന്മാരുടെ ആവശ്യമുണ്ടെന്ന് തോന്നുമ്പോൾ ഇതു ഒരു നല്ല വഴിയാണെന്നാണ് എനിക്ക തോന്നുന്നത്. സഭയുടെ യാതൊരു അവകാശങ്ങളും, അധികാരങ്ങളും അതുകൊണ്ട് നിഷേധിക്കപ്പെടുന്നില്ല. ൧൭ പേരെ സഭയിൽനിന്നുതന്നെ തെരഞ്ഞെടുക്കും വെളിയിൽനിന്നും വേണ്ടുമെങ്കിൽ ൫ പേരെ കമ്മിറ്റിയിലേക്ക് എടുക്കാവുന്നതുമാണ്. മി. നടരാജപിള്ള ഇതിൽ പറയുന്നത്, ൫ പേരെ നാമനിർദ്ദേശം ചെയ്യുന്നത പ്രസിഡൻറിന്റെ യുക്തംപോലെ വെളിയിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നോ, അകത്തുനിന്നോ ആകാമെന്ന് വ്യക്തമാക്കിയിട്ടില്ലാ എന്നാണ്. ന്യ പേരെക്കൂടി വെളിയിൽനിന്നും എടുക്കണമെന്ന് സഭയ്ക്ക് അഭിപ്രായ മുണ്ടെങ്കിൽ സഭതന്നെയാണ് തെരഞ്ഞെടുക്കേണ്ടതെന്നും അദ്ദേഹം പറയുന്നു. അതു കൂടുതൽ പ്രയോജനകരമായിരിക്കുമെന്നുള്ളതുകൊണ്ട് ഞാൻ മി. നടരാജപിള്ളയുടെ ഭേദഗതിയെ പിൻതാങ്ങുന്നു.

MR. MANNATHU PADMANABHA PILLAI *(Pathanamthitta II—General)*: മി. രാമചന്ദ്രൻതന്ന വിശദീകരണത്തിന്റെ തണലിൽനിന്നുകൊണ്ട് മി. നടരാജപിള്ളയുടെ ഭേദഗതിയുടെ തത്വം മനസ്സിലാക്കി ഞാൻ എന്റെ ഭേദഗതി പിൻവലിക്കുന്നു.

MR. PRESIDENT: മി. മന്നത്തിന്റെ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടിരിക്കുന്നു.

MR. P. S. MUHAMMED *(Muvattupuzha I—Muslim Reserved)*: ഞാൻ മി. നടരാജപിള്ളയുടെ ഭേദഗതിയെ എതിർക്കുകയാണ് ചെയ്യുന്നത്. നാമിനേഷന്റെ ദോഷഫലങ്ങളും എന്റെ ദീർഘകാലത്തെ പരിചയത്തിൽനിന്നും ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. എന്നാൽ അന്നത്തേയും ഇന്നത്തേയും പരിതഃസ്ഥിതികളും തമ്മിൽ വ്യത്യാസമുണ്ട്. ഇന്ന് ഇവിടെ നാമിനേറ്റുചെയ്യാൻ ആരെ അധികാരപ്പെടുത്തുന്നുവോ, അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പ്രസിഡൻറാണ്. അതുകൊണ്ടു നാമിനേറ്റുചെയ്യുന്നതിനുള്ള അധികാരം നാം തെരഞ്ഞെടുത്തിട്ടുള്ള പ്രസിഡൻറിനെ ഏൽപിച്ചാൽ അദ്ദേഹം ദുരുപയോഗപ്പെടുത്തുകയില്ലെന്നാണ് ഞാൻ വിചാരിക്കുന്നത്.

MR. PRESIDENT: ഇതേപ്പറ്റി ഒരു പ്രസംഗത്തിന്റെ ആവശ്യമില്ല. അതിന്റെ തത്വത്തെപ്പറ്റി പറഞ്ഞാൽ മതി.

MR. P. S. MUHAMMED: കമ്മിറ്റിയിലേക്ക് അംഗങ്ങളെ നാമിനേറ്റു ചെയ്യുന്നതിനുള്ള അധികാരം പ്രസിഡൻറിനെ ഏൽപിക്കുന്നതു നാം തന്നെ ചെയ്യുന്നതിനു തുല്യമാണ്. അതുകൊണ്ടു ഫ ഭ പേരെ ഈ സഭയിൽനിന്നുതന്നെ എടുക്കുകയും, ന്യ പേരെ ന്യൂനപക്ഷത്താൽപ്പീഡ്യങ്ങൾക്കു വേണ്ടി നിലകൊള്ളുന്നവരിൽനിന്നും എടുക്കുകയും ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. അങ്ങനെ ചെയ്യുന്നതു ന്യൂനപക്ഷസമുദായങ്ങളുടെ വിഷമത പരിഹരിക്കുന്നതിനു സഹായകമായിരിക്കുമെന്നുള്ളതിനും പുറമെ, പ്രസിഡൻറിനു നാം കൊടുക്കുന്ന അധികാരം ശരിയായ വിധത്തിൽ വിനിയോഗിക്കുന്നതിനു സൗകര്യമായിരിക്കുകയും ചെയ്യും. അതുകൊണ്ട് ഈ അധികാരം പ്രസിഡൻറിനു തന്നെ കൊടുക്കുന്നതു നന്നായിരിക്കുമെന്നുള്ളതിനാൽ ഞാൻ ഭേദഗതിയെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. K. S. JOSEPH : ഞാൻ ഈ ഭേഗതിയെ എതിർക്കുന്നതു് രണ്ടു കാരണങ്ങളാലാണു്. ഒന്നാമതായി മി. നടരാജപിള്ളയുടെ ഭേഗതി അംഗീകരിക്കുന്നപക്ഷം ഇവിടെ ഇലക്ഷൻ ഒരു പുതിയ യന്ത്രം കണ്ടുപിടിക്കേണ്ടതായിട്ടാണിരിക്കുന്നതു്. അതിനെല്ലാം നാമിനേഷൻ പേപ്പർ കൊടുക്കാമെന്നും, നാമിനേഷനുള്ള കപ്പാളിഫിക്കേഷൻ എന്തെല്ലാമാണെന്നും, വോട്ടിംഗ് വ്യവസ്ഥകളെന്തെല്ലാമാണെന്നുമുള്ള വ്യവസ്ഥകളും വളരെ വിഷമമുണ്ടാക്കുന്നതായിരിക്കും.

MR. P. S. NATARAJA PILLAI : May I ask one question? Am I not right in the method of voting ? Will you please read that ?

MR. K. S. JOSEPH : നാമിനേഷന്റെ കാര്യമെല്ലാം പറയാമെന്നാണു് വിചാരിക്കുന്നതു്. തിരുവിതാംകൂറിന്റെ നാനാഭാഗത്തുനിന്നും ഇവിടെ പ്രതിനിധികരിച്ചിട്ടില്ലാത്ത ന്യൂനപക്ഷസമുദായങ്ങളിൽ വിദ്യാഭ്യാസം ഉള്ളവർതന്നെ നാമിനേഷൻപേപ്പർ സമർപ്പിക്കുമെന്നാണു തോന്നുന്നതു്. ഒരുപേരെ അങ്ങനെ തെരഞ്ഞെടുക്കണമെന്നുവച്ചാൽ നാമിനേഷൻ പേപ്പർ സമർപ്പിക്കുന്നവരുടെ ഇടയിൽ വലിയ ബഹളമുണ്ടാകും.

MR. MANNATHU PADMANABHA PILLAI : ൧൭ പേരുടെ കാര്യമാണെങ്കിലോ?

MR. K. S. JOSEPH : ൧൭ പേരെ സഭയിൽ നിന്നുതന്നെയാണു് തെരഞ്ഞെടുക്കുന്നതെന്നു മെംബർക്കു് മനസ്സിലായില്ലെന്നാണു് തോന്നുന്നതു്?

MR. MANNATHU PADMANABHA PILLAI : മനസ്സിലായി.

MR. K. S. JOSEPH : വെളിയിൽനിന്നും ൩ പേരെ എടുക്കണമെന്നാണു് പറയുന്നതു്. അങ്ങനെയാണെങ്കിൽ എലക്ഷൻ പേപ്പർ എവിടെ കൊടുക്കണമെന്നും, അതു സപ്പോർട്ടുചെയ്യണമെന്നും പറയണം. അതിനും പുറമെ അതിനു് കപ്പാളിഫിക്കേഷൻ എന്താണെന്നും നിശ്ചയിക്കേണ്ടിവരും.

MR. G. RAMACHANDRAN : ഇതുപോലെയുള്ള പ്രശ്നങ്ങൾ ഏതു തെരഞ്ഞെടുപ്പിലും ഉള്ളതാണല്ലോ.

MR. K. S. JOSEPH : ഈ തെരഞ്ഞെടുപ്പിനു് പ്രത്യേകം റൂൾസ് ഉണ്ടാകണം. അങ്ങനെ കമ്മിറ്റി റൂൾസ് ഉണ്ടാക്കി ചർച്ചചെയ്തശേഷം നാമിനേഷൻ പേപ്പർ സമർപ്പിച്ചതിൽ ഏതു എണ്ണം സ്വീകരിച്ചു എന്നു പരാതി ഉണ്ടാകും.

MR MANNATHU PADMANABHA PILLAI : അങ്ങനെ യാതൊരു നിശ്ചയവും ഈ നിയമങ്ങളുടെ പരിധിയിൽ ഇല്ലാത്തതുകൊണ്ടു് പ്രസിഡന്റിനു് ഇഷ്ടമുള്ളവരെ എടുക്കാമെന്നാണോ മെംബർ പറയുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

MR. K. S. JOSEPH : പ്രസിഡൻറിന്റെ കസേരയിൽ ഇരിക്കുന്നത് ആരുതന്നെയായാലും ഈ സഭയ്ക്ക് വിശ്വാസമുള്ള ആളിനെത്തന്നെയാണ തെരഞ്ഞെടുക്കുന്നത്. അതുകൊണ്ട് മനമൊറിട്ടി ആരെല്ലാമാണെന്ന് നിശ്ചയിക്കുന്നതിനുള്ള അധികാരം പ്രസിഡൻറിനാണ സഭയ്ക്കല്ല കൊടുക്കേണ്ടതെന്നും ഞാൻ പറയുന്നു. നാം ഒരു പ്രസിഡൻറിനെ തിരഞ്ഞെടുക്കുമ്പോൾ ആ വ്യക്തി ആരായിരുന്നാലും ആ വ്യക്തി ന്യായം ചെയ്യുമെന്ന വിചാരിച്ചാണ് തിരഞ്ഞെടുക്കുന്നത്. അതുകൊണ്ട് ആ ചോദ്യം അസംഗതമാണെന്ന് എനിക്കു തോന്നുന്നു.

MR. G. RAMACHANDRAN : ഭേദഗതി അവതരിപ്പിച്ച ആളിന് തെരഞ്ഞെടുക്കപ്പെട്ട പ്രസിഡൻറിന്റെ മേൽ വിശ്വാസമില്ലാത്തതുകൊണ്ടാണോ അങ്ങനെ അവതരിപ്പിച്ചത്?

MR. K. S. JOSEPH : അങ്ങനെ അദ്ദേഹത്തിന അവിശ്വാസമുണ്ടെന്ന് ഞാൻ വിചാരിക്കുന്നില്ല. അതിന് വിപരീതമായി മന്ത്രത്രുപത്തനാപുരം പിള്ള ചോദിച്ച. അതുകൊണ്ട മറുപടി പറഞ്ഞുവെന്നേയുള്ളൂ. ഈ ഭേദഗതി അംഗീകരിച്ചാൽ വളരെ പ്രയാസങ്ങളുണ്ടാകും.

MR. G. RAMACHANDRAN : അങ്ങനെ അവിശ്വാസമില്ലാത്തവരാണ് ഇവിടെ ഉള്ളതെന്ന് മനസ്സിലാക്കി സംസാരിക്കുന്നതല്ലേ നല്ലത്?

MR. K. S. JOSEPH : എന്നോട് ചോദിച്ച ചോദ്യത്തിന് മറുപടിയാണ് പറഞ്ഞതെന്ന് മി. രാമചന്ദ്രൻ മനസ്സിലാക്കിയാൽ കൊള്ളാം. ന്യൂ പേരെ നാമിനേറ്റുചെയ്യുന്നതിനുള്ള അധികാരം ജനപ്രതിനിധികൾക്കു കൊടുക്കാമോ, പ്രസിഡൻറിനായിരിക്കണമോ എന്നുള്ളതാണ് ഇവിടത്തെ വിഷയം. ഏതായാലും നാമിനേഷനു ഇവിടെ റെപ്രസന്റേഷനില്ലാത്ത വിഭാഗങ്ങളിൽനിന്ന് കൂടുതൽ അംഗങ്ങളുടെ ആവശ്യമുണ്ടാകുമ്പോൾ എടുക്കുന്നതിനുള്ള അധികാരം പ്രസിഡൻറിനു തന്നെ ഉണ്ടായിരിക്കണമെന്നാണ് ഞാൻ പറയുന്നത്.

MR. T. K. NARAYANA PILLAI *(Parur II—General)* : ആവശ്യമെന്നു തോന്നുന്നപക്ഷം കുറെപേരെ എടുക്കാമെന്ന് റൂൾസിന്റെ തർജ്ജിമയിൽ കാണുന്നില്ല.

MR. K. S. JOSEPH : അതു് ഒരു തീരുമാനത്തിന് വിട്ട കൊടുക്കണമെന്നാണ് പറയുന്നത്. അക്ഷരംപ്രതിയുള്ള തർജിമയല്ലെന്ന് എന്റെ സ്നേഹിതൻ മനസ്സിലാക്കിയിട്ടില്ല.

MR. R. SANKAR : തെരഞ്ഞെടുപ്പുമുഖേന പ്രാതിനിധ്യം കിട്ടാതിരിക്കുന്ന ന്യൂനപക്ഷസമുദായങ്ങളെ നാമിനേറ്റുചെയ്യുമെന്നുള്ള വല്ല വ്യവസ്ഥകളുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

MR. K. S. JOSEPH : ചട്ടങ്ങളിലെ സർ-ാംവകുപ്പു ഇതിനെ സംബന്ധിച്ചാണെന്ന് വിശ്വസിക്കുന്നു.

MR. K. R. ELANKATH : ഫണ്ടമെൻറൽ റൈറ്റ്സ് നാമനിഷേധനെ ഉദ്ദേശിച്ചാണോ പറഞ്ഞിരിക്കുന്നത്?

MR. K. S. JOSEPH : സർ-ാംവകുപ്പിൽ അങ്ങനെയാണു് നിർവചിച്ചിരിക്കുന്നത്. അതിനെപ്പറ്റി ആക്ഷേപമുണ്ടെങ്കിലും കൂടുതലായി അറിയേണ്ടതുണ്ടെങ്കിൽ അതിനു ഒരു വിശദീകരണം കൊടുക്കാം.

MR. K. M. KORAH (*Changanachery IV—General*) : അങ്ങനെ നിർബന്ധമുണ്ടെന്നു തോന്നുന്നില്ല.

MR. K. S. JOSEPH : ഇല്ല; @ പേരെയായാലും ശരി, സ പേരെയായാലുംശരി അവരെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം പ്രസിഡൻറിനാണു് വിട്ടുകൊടുക്കേണ്ടതു്. ഇത്രപേർ ആവശ്യമുണ്ടെന്നു നിശ്ചയിക്കേണ്ടതും പ്രസിഡൻറാണു്.

MR. P. K KUNJU : ഫ @ പേരെ തെരഞ്ഞെടുത്തു ഒരു കമ്മിറ്റി രൂപവൽക്കരിച്ചു് പ്രവർത്തനം ആരംഭിച്ചശേഷം ഏതെങ്കിലും താൽപര്യത്തെ പ്രതിനിധീകരിക്കുന്ന പ്രതിനിധികൾ ഇല്ലെന്നു് കാണുകയോ, ഏതെങ്കിലും വിഭാഗ്ലോഭിപ്രായം പ്രസിഡൻറിനോ, കമ്മിറ്റിക്കോ വേണമെന്നു് തോന്നുകയോ ചെയ്യുന്നപക്ഷം വീണ്ടും പ്രതിനിധിസഭ വിളിച്ചു കൂട്ടേണ്ടി വരികയില്ലയോ?

MR. K. S. JOSEPH : ആവശ്യമനുസരിച്ചു് അങ്ങനെ ആളുകളെ തെരഞ്ഞെടുക്കാവുന്നതാണു് എന്നാണു് ഞാൻ പറഞ്ഞതു്.

MR. P. K. KUNJU : പ്രസിഡൻറിനു് നാമനിർദ്ദേശം ചെയ്യാൻ അധികാരമില്ലെങ്കിൽ ആവശ്യമെന്നു തോന്നുന്നപക്ഷം വീണ്ടും കമ്മിറ്റി കൂടാവുന്നതല്ലേ?

MR. K. S. JOSEPH : അതേ; ഒരു മെംബറെ വേണമെന്നുവച്ചാൽ ഇലക്ഷൻ മിഷനറിയെ മൻപോട്ടു തള്ളിവിടേണ്ടിവരും. അപ്പോൾ സഭയെ ഇലക്ഷൻമിഷനറിയായി രൂപാന്തരപ്പെടുത്തുന്നതു് ശരിയല്ല. അതുകൊണ്ടു് അതിനുള്ള അധികാരം പ്രസിഡൻറിനു വിട്ടുകൊടുക്കുന്നതായിരിക്കും നല്ലതു്.

MR. G. RAMACHANDRAN : സർ, ഒരു പോയിൻറ് ആഫ് ഓർഡർ. ഈ പട്ടികയിൽ അവതരിപ്പിച്ച മെംബർ ഇവിടെ ഇല്ല. ഇതൊരു പ്രധാനകാര്യമായതുകൊണ്ടു് എന്തെങ്കിലും ചർച്ചചെയ്തശേഷം, പട്ടികയിൽ അവതരിപ്പിച്ച മെമ്പർ ഇവിടെ ഇല്ലാതിരിക്കുന്നതു ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT : അവതരിപ്പിച്ച മെംബർ ഇവിടെ ഇല്ലെങ്കിലും അതിനുപകരം ചുമതലപ്പെട്ട ആരെങ്കിലും ഉണ്ടായിരിക്കും.

MR. G. RAMACHANDRAN : ഇപ്പോഴെന്തെങ്കിലും ഒരു വിശദീകരണം ആവശ്യമായിരിക്കുന്നു. ആരാണ് മറുപടി പറയുന്നതിന് തയ്യാറായിരിക്കുന്നതെന്നറിഞ്ഞാൽ ഞാൻ ചോദ്യം ചോദിക്കുന്നതാണ്. ആറുപേരെ കൂടുതലായി എടുക്കണമെന്ന് പറയുന്നതു സഭയിലെ അംഗങ്ങളെ ഉദ്ദേശിച്ചാണോ, അതോ പുറത്തുനിന്നും എടുക്കണമെന്നുദ്ദേശിച്ചാണോ?

The House adjourned for lunch at 1-30 P. M. and met again at 2-30 P. M., the president the Honourable Mr. A. J John in the Chair

MR. K. S. JOSEPH : ഞാൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോഴും ഒരു മാന്യസ്നേഹിതൻ എന്നോടു ചോദിച്ചു ന്യൂനപക്ഷങ്ങളിൽനിന്നാണോ ഈ ആറുപേരെ നാമിനേറ്റു ചെയ്യാൻ പോകുന്നതെന്ന്. അതിന് എനിക്കു പറയുവാനുള്ളതു നമ്മുടെ വകുപ്പിൽ ന്യൂനപക്ഷങ്ങളുടെ താൽപര്യങ്ങളെ സംരക്ഷിക്കുന്നതിന് ഒരു കമ്മിറ്റിവേണമെന്നു പറഞ്ഞിരിക്കുന്നതിനാൽ ആ കമ്മിറ്റിയിൽ റിപ്രസന്റു ചെയ്തിട്ടില്ലാത്ത ന്യൂനപക്ഷങ്ങളിൽനിന്നും കൂടുതൽ ആറുപേരെ വേണം നാമിനേറ്റു ചെയ്യുവാനെന്നാണ്. ആ അധികാരം പ്രസിഡൻറിന് നൽകുകയാണ് നല്ലതു്. ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂവെൻറ് അസംബ്ളിയിൽ പ്രസിഡൻറിനു ഈ അധികാരം നൽകീട്ടുണ്ട്. അതുകൊണ്ടു കമ്മിറ്റിക്കു വേണ്ടി കൂടുതലായി വെളിയിൽനിന്നും ആറുപേരെ നാമിനേറ്റുചെയ്യാനുള്ള അധികാരം പ്രസിഡൻറിന്റെ യുക്തിക്കു വിട്ടുകൊടുക്കുന്നതു നന്നായിരിക്കും. ഇൻഡ്യൻ കാണസംബ്ളിയിലും ഈ നടപടിതന്നെയാണ് സ്വീകരിച്ചിരിക്കുന്നതും.

MR. MANNATHU PADMANABHA PILLAI : ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂവൻറ് അസംബ്ളിയുടെ അഭിപ്രായപ്രകാരമാണ് ആ അധികാരം പ്രസിഡൻറിനു കൊടുത്തിരിക്കുന്നതു് എന്ന് മെമ്പർക്ക് അറിയാമോ?

MR. K. S. JOSEPH : വളരെ നല്ലതുപോലെ അറിയാം. അവിടെ ഈ അധികാരം പ്രസിഡൻറിനു വിട്ടുകൊടുത്തതുകൊണ്ട് എന്തെങ്കിലും ദുഷ്യം ഉണ്ടായതായി എനിക്ക് അറിയാൻ പാടില്ല. നേരേമറിച്ച് ആ ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂവൻറ് അസംബ്ളിക്ക് സഹായകരമായിരുന്നു എന്നു പറയുന്നതിനും ന്യായമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

MR. MANNATHU PADMANABHA PILLAI : ഈ അധികാരം കമ്മിറ്റിക്കു കൊടുത്താൽ എന്താണു് തരക്കേട്?

MR. K. S. JOSEPH : തരക്കേട് ഉള്ളതുകൊണ്ടാണല്ലൊ ഞാൻ അങ്ങനെ പറഞ്ഞതു്. ആ അധികാരം പ്രസിഡൻറിനു വിട്ടുകൊടുക്കണമെന്നാണു് ഞാൻ പറയുന്നതു. അതുകൊണ്ടു ഞാൻ ഈ അമൻറുമെൻറിനെ ശക്തിയായി എതിർക്കുന്നു.

MR. P. C. ADICHAN : ഈ അസംബ്ലിയിൽനിന്നും തെരഞ്ഞെടുത്താൽ ശരിയായ പ്രാതിനിധ്യം കിട്ടുകയില്ലെന്നാണോ മെമ്പർ പറയുന്നതു്?

MR. K. S. JOSEPH : എന്നു ഞാൻ പറഞ്ഞില്ല. ഇവിടെനിന്നും തെരഞ്ഞെടുത്താൽ വേണ്ടിടത്തോളം പ്രാതിനിധ്യം കിട്ടുവാൻ എളുപ്പമില്ല എന്നാണു പറഞ്ഞതു്. അതുകൊണ്ടു് അതുപോലെ തെരഞ്ഞെടുക്കണമെന്നു് തീരുമാനിക്കുന്നതിനുള്ള അധികാരം പ്രസിഡൻറിനു കൊടുത്താൽ കാര്യങ്ങൾ കുറെക്കൂടി ഭംഗിയായി നടക്കും.

MR. N. KUNJURAMAN *(Chirayinkil IV—General)* : ഞാനും ഈ ഭേദഗതിയെ ശക്തിയായി എതിർക്കുന്നു. നമ്മുടെ ഭരണഘടനാനിർമ്മാണസഭ ഇപ്പോൾ ഈ സഭ സ്വീകരിച്ചു കഴിഞ്ഞിരിക്കുകയാണു്. ഫണ്ടമെൻറൽ റൈറ്റ്സിനെ സംബന്ധിച്ചും ന്യൂനപക്ഷങ്ങളുടെ താൽപര്യങ്ങളെ സംബന്ധിച്ചും അതൊപസറികമ്മിറ്റിയുടെ സഹായത്തോടുകൂടി മാത്രമാണു് എന്തെങ്കിലും തീരുമാനം ചെയ്യുവാൻ സാധിക്കുന്നതു്. നാം ഇന്നു് ആവശ്യപ്പെടുന്നതു്, ആറുപേരെ കൂടതലായിട്ടു പ്രസിഡൻറു് നാമിനേറു് ചെയ്യണമെന്നാണു്. ആ അവകാശം പ്രസിഡൻറിൻെറ യുക്തംപോലെ വിട്ടുകൊടുത്തു് അതുദ്ദേശത്തിൻെറ നാമിനേഷൻ സ്വീകരിക്കുകയാണെങ്കിൽ നമ്മുടെ ഭരണഘടനകൊണ്ടു നാം സ്വീകരിച്ചിരിക്കുന്ന തത്വം എളുപ്പത്തിൽ നടപ്പിൽ വരുത്തുവാൻ സാധിക്കും. അങ്ങനെ ഉണ്ടാകുന്ന അതൊപസറികമ്മിറ്റിയുടെ റിപ്പോർട്ടു് ഈ സഭയുടെ മുമ്പാകെ ആലോചനയ്ക്കും തീരുമാനത്തിനും അയച്ചുകൊണ്ടുവരും. അതിനാൽ നാമിനേഷനെ സംബന്ധിച്ചു എന്തെങ്കിലും ഭയപ്പാടു് മറ്റു മെമ്പറന്മാർക്കു് ഉണ്ടാകേണ്ട കാര്യമില്ല. ശ്രീമാൻ ജോസഫ് പറഞ്ഞ വിഷമങ്ങൾ ഒഴിവാക്കുവാനും ഇതുകൊണ്ടു് സാധിക്കും. അതിനാൽ ഈ ഭേദഗതിയെ നമ്മുടെ ഭരണഘടനയുടെ വെളിച്ചത്തിൽ തള്ളുകയും നമ്മുടെ കോൺസിറ്റിറ്റ്യൂഷനിൽ കിടക്കുന്നതുപോലെ അംഗീകരിക്കുകയും ചെയ്യണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. N. DANIEL JOSE: *(Neyyattinkara III—S. I. U. C. Reserved.)* Sir, the provision contained here may mean that adequate representation which has not been given to minority communities through proportional representation might come in. Also it may mean that discretion of the President could be used to have a constitutional expert included. I want to stress the argument which has already been advanced that it will be extremely difficult if election procedure is adopted, to get in persons from outside this Representative Body.

MR. G. RAMACHANDRAN: As regards the difficulty of getting members from outside may I point out this. Does not the member know that election of members are being made from the provincial Legislatures to the Constituent Assembly in Delhi *i. e.* taking members from outside without the slightest difficulty?

MR. N. DANIEL JOSE: Whatever that be, my point is that discretion may be allowed to the President because it will be a convenient arrangement. Another reason is, through proportional representation if members are elected there is all the possibility that certain minorities may not get representation at all. Proportional representation can guarantee seats only to minorities who are perceptible. Those minorities who are numerically very small cannot get elected. Therefore it is in the interest of those minorities, not only communal minorities but also political minorities that there should be some provision to take them in if necessary. It is in the interest of democracy that the President should be given a certain amount of discretion in this matter. I do not say that full discretion should be given to the President but the President as long as he commands the confidence of this House can be trusted to use that for certain purposes which could not justifiably be dealt with by the House. Therefore I suggest that this amendment is not really necessary and has to be thrown out. Greater justice can be done to minority political opinions only when the President is vested with discretion in such matters. If necessary the President could also find it possible to include more constitutional experts by this means Therefore I very strongly urge that this amendment is not necessary. Further this clause need not be so extremely rigid. It is in the interest of all concerned as far as this issue rises that a certain amount of discretion should vest in the President. For these reasons I would urge the mover to withdraw his amendment.

MR. K. SIVARAMA PILLAI *(Thovala—General)*: Sir, I oppose this amendment. We are here to constitute an advisory committee to report on fundamental rights and safeguards for the minorities,

LIBRARY.ARCHIVES Kerala Legislative Assembly

[Mr. K. Sivarama Pillai]

Of course when it is seen that by election certain minority communities could not be found out, some device has to be thought of. It is highly essential that certain communities who are not represented in this Body must come in. By nomination they have to be taken so that their view also might be heard on the matter. And only by nomination such interests could be heard in a small committee. Then the question arises who could be given the right of nomination. It is better that such a right is exercised by the person who commands the confidence of the whole House. Therefore it is that the President of this Body is allowed to nominate so that the inequality may be set aright. Then my friend wants by means of this amendment that 6 members should be elected. If it is from this House, by election it will mean that people who command the majority opinion of the House could alone come in so that the minorities could not be properly represented. On that ground the amendment has to be voted out. Lastly, the form of election proposed is by single transferable vote. Such device is advocated only to see that the entire parties in the Assembly may get themselves represented in a small committee. But when we give special representation by nomination then we cannot say that they must also be elected by proportional representation according to the strength of the parties in this Body. My friend Mr. Nataraja Pillai wanted to know which are those communities and whether we are to prepare a list of 50 or 60 such communities and to vote in proportion to their number and so on. If that were so, then one party may say that three communities are needed, another two communities and a third only one community. That way it will go on.

The President may also require the services of experts to the committee. It is rather hard to say that those experts should subject themselves to the election of this House. In such a case, they may not come forward at all, as they may not care to stand for election. Further what happens to the report? The report comes here and we are given full opportunity to accept it or not. Therefore I am of the opinion that full discretion should be given to the President to nominate members and that the amendment should be thrown out.

MR. C. NARAYANA PILLAI: (*Mavelikara I—General*) : അനിയന്ത്രിതമായ അധികാരങ്ങളും ഒരു വ്യക്തിയിൽ നിക്ഷിപ്തമാക്കുന്ന എല്ലാ വ്യവസ്ഥകളേയും എതിർക്കുകയല്ലാതെ മറ്റു ഗത്യന്തരമില്ല. നാം ഇന്നലെ വരെ അംഗീകരിച്ചുവന്ന നയത്തിനു ഇന്നു് വ്യതിയാനം വരുത്തുന്നതു് അതു് ആശാസ്യമാണു് എന്നു് എനിക്കു് തോന്നുന്നില്ല. ഈ സഭയിലെ

LIBRARY ARCHIVES Kerala Legislative Assembly

തെരഞ്ഞെടുക്കപ്പെട്ട മന്ത്രിയായാലും ഉത്തരവാദിത്വമുള്ള പ്രസിഡന്റായാലും ഉത്തരവാദിത്വമില്ലാത്ത ഗവണ്മെന്റായാലും ശരി ഒരു തിരഞ്ഞെടുപ്പു നടത്താതെ അനിയന്ത്രിതാധികാരം പ്രയോഗിക്കുന്നതായാൽ അതിനേയും എതിർക്കാതിരിക്കാൻ നിവൃത്തിയില്ല. അദ്ധ്യക്ഷൻ അവർകൾക്ക് ഈ സഭയിൽ നിന്നും ആരെ വേണമെങ്കിലും തിരഞ്ഞെടുക്കാനുള്ള അധികാരമുണ്ട്. ഇവിടെ നമുക്ക് ആവശ്യമുള്ളത് ഒരു നയരൂപീകരണമാണ്. അതിലേക്ക് വെളിയിൽനിന്നും വിദഗ്ദ്ധന്മാരെ വരുത്തി ഉപദേശം വാങ്ങിക്കണമെന്നുള്ള അഭിപ്രായത്തോട് എനിക്ക് യോജിക്കുവാൻ നിവൃത്തിയില്ല. എത്ര വിദഗ്ദ്ധന്മാരെ വേണമെങ്കിലും ശമ്പളത്തിന് കിട്ടും. ഈ സഭയോടൊ പുറത്തു ജനങ്ങളോടൊ ഉത്തരവാദിത്വമില്ലാത്ത ഒരു വ്യക്തിയെ ഈ സംഘങ്ങളോടൊന്നിച്ചിരുന്ന തീരുമാനങ്ങൾ ചെയ്യുവാൻ അനുവദിക്കുന്നത് ജനായത്തസിദ്ധാന്തങ്ങൾക്കു വിരുദ്ധമാണ്. ന്യൂനപക്ഷതാല്പര്യങ്ങളെ പരിരക്ഷിക്കുന്നതിനുള്ള ഒരു വ്യവസ്ഥയാണിതെന്ന് വാദിച്ചു കണ്ടില്ല. മറെറാരു വാദഗതി ഇവിടെ കേട്ടു. ഇന്ത്യൻ കോണ്സംബ്ളിയിൽ വിദഗ്ദ്ധന്മാരെ വെളിയിൽനിന്നും തെരഞ്ഞെടുക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും അതേ തത്വം തന്നെ ഇവിടെയും അംഗീകരിക്കുന്നത് നന്നായിരിക്കുമെന്നും എന്റെ ഒരു മാന്യസ്നേഹിതൻ ഇവിടെ പറയുകയുണ്ടായി. അതിനെപ്പറ്റി നമുക്ക് യാതൊരറിവുമില്ല. ആ വ്യവസ്ഥയേപ്പറ്റി അവിടെ വാദപ്രതിവാദങ്ങൾ നടക്കുമ്പോൾ മെമ്പറന്മാർ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടമാക്കിയതു് എന്തെല്ലാമായിരുന്നു എന്നുള്ള കാര്യത്തെപ്പറ്റി ഒരു വിവരവും നമുക്കറിഞ്ഞുകൂടാ. അവിടത്തെ നടപടികൾ രഹസ്യങ്ങളായിരുന്നു. എന്നാൽ കോണ്സംബ്ളിയിലെ പല വ്യവസ്ഥകളും നാം ഇവിടെ അംഗീകരിക്കയും ചിലതു് നിരാകരിക്കയും ചെയ്തിട്ടുണ്ട്. ഇന്ത്യൻ കോണ്സംബ്ളിയിലെയെന്നല്ലാ ലോകത്തു് എവിടെയുള്ള ഭരണവ്യവസ്ഥയായാലും നമുക്ക് അതു അംഗീകൃതമാണെന്നു കാണുന്നുവെങ്കിൽ അല്ലാതെ മറെറാതൊരു പരിതഃസ്ഥിതിയിലും അതു് സ്വീകരിക്കത്തക്കതല്ല. അതുകൊണ്ട് നമ്മുടെ അറിവും അനുഭവവും സംബന്ധിച്ചിടത്തോളം ഈവക കാര്യങ്ങൾക്ക് അനിയന്ത്രിതാധികാരം ഒരു വ്യക്തിയിൽ നിക്ഷിപ്തമാക്കുന്നതു് ബുദ്ധിപൂർവ്വമാണോ എന്നു ചിന്തിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. T. CHACKO: സർ, ഇത്ര നിസ്സാരമായ ഒരു കാര്യത്തെ പ്പറ്റി ഇത്ര ഗംഭീരമായ ഒരു വാദപ്രതിവാദത്തിൽ ഏർപ്പെ ടേണ്ടിവന്നതിൽ വളരെ വ്യസനിക്കുന്നു. ഈ ഭേദഗതി അവ തരിപ്പിച്ചതുതന്നെ നിർഭാഗ്യകരമായിപ്പോയി എന്ന് വിചാരിക്കേണ്ടി യിരിക്കുന്നു. പ്രസിഡൻറ് "അനിയന്ത്രിതമായ അധികാരം" ഉപയോ ഗിച്ച് നാലഞ്ചുപേരെ പെളിയിൽനിന്നും നാമിനേറ്റ ചെയ്യുന്നതുമൂലം രാജ്യത്തിൻെറ ഭാഗധേയനിർവ്വഹണത്തിന് വലിയ തകരാറു വന്നുപോ കുന്നുമെന്ന് തോന്നുന്നു മി. സി. നാരായണപിള്ള ഇവിടെ ചില വാദഗതികളും ഉന്നയിച്ചു. കക്ഷിരഹിതനായ ഒരു പ്രസിഡൻറിനാണ് ഈ അധികാരം കൊടുക്കുന്നതെന്നും, അങ്ങനെ കൊടുക്കുന്നതു പ്രാതി നിധ്യം ലഭിക്കാത്ത ഇതര താല്പര്യങ്ങളുടെ മൗലികാവകാശസംരക്ഷണ ത്തിനുവേണ്ടി മാത്രമാണെന്നും എൻെറ സ്നേഹിതൻ ചിന്തിച്ചി ട്ടുണ്ടോ എന്ന് ഞാൻ സംശയിക്കുന്നു. ഈ രാജ്യത്തിൻെറ ഭരണഘടന എഴുതിയുണ്ടാക്കുന്നതിന് വേണ്ടി ഒരു വ്യക്തിക്ക് അധികാരം കൊടുക്ക കയാണെങ്കിൽ അതു് ആ വ്യക്തിക്ക് അനിയന്ത്രിതമായ അധികാരം നൽകുകയാണെന്ന് വാദിക്കാം. എന്നാൽ ഒരു പേരടങ്ങിയ ഒരു കമ്മിറ്റിയെ നിയമിക്കുകയും, ആ കമ്മിറ്റിയുടെ റിപ്പോർട്ട് സഭയുടെ സവിശേഷമായ ശ്രദ്ധയ്ക്ക് വിഷയീഭവിപ്പിക്കയും ചെയ്തശേഷമേ അതി നേപ്പറ്റി അവസാനമായ ഒരു തീരുമാനമുണ്ടാകുന്നുള്ളൂ. ആ സ്ഥിതിക്ക് കക്ഷിരഹിതനായ അദ്ധ്യക്ഷനു് അതിൽ ആറുപേരെ നോമിനേറ്റ ചെയ്യാനുള്ള അധികാരം കൊടുക്കുന്നതുകൊണ്ട് എന്തുദോഷമാണ് സംഭവിക്കാൻ പോകുന്നതെന്ന് എനിക്കു മനസ്സിലാകുന്നില്ല. അംഗ ങ്ങളെ മുഴുവൻ തെരഞ്ഞെടുക്കുന്നുള്ള അധികാരം ഈ സഭയ്ക്കുതന്നെ വേണമെന്നു എൻെറ സ്നേഹിതൻ ഇവിടെ അഭിപ്രായപ്പെട്ടു. പക്ഷെ എനിക്കു അതിനോടു യോജിക്കുവാൻ നിവൃത്തിയില്ല. കാരണം, ഈ സഭയിൽ പല കക്ഷികളുമുണ്ട്. സഭ തെരഞ്ഞെടുപ്പുനടത്തിയാൽ രാഷ്ട്രീയകാര്യങ്ങളെ സംബന്ധിച്ചിടത്തോളം കക്ഷിപരമായ അഭിപ്രാ യങ്ങൾക്കു പ്രാമാണ്യം ലഭിച്ചുകൊണ്ടിരിക്കും. ഞാൻ ഉൾപ്പെട്ട കക്ഷിക്ക് വമ്പിച്ച ഭൂരിപക്ഷമുണ്ട്. സഭ തെരഞ്ഞെടുപ്പുനടത്തിയാൽ ഈ കക്ഷി യുടെ അഭിപ്രായങ്ങളോടു് യോജിപ്പുള്ളവർക്ക് മാത്രമെ ജയം ലഭിക്ക യുള്ളൂ. അതു് നമ്മുടെ ഉദ്ദേശസാദ്ധ്യത്തിനു് വിരുദ്ധമാണ്. എല്ലാ കക്ഷികൾക്കും ഉപരിയായി, ഒരു കക്ഷിയിലുംപെടാതെ നിന്നുകൊണ്ട് വേണം ന്യൂനപക്ഷസംരക്ഷണത്തിനുള്ള രക്ഷാവ്യവസ്ഥ ഉണ്ടാക്കേണ്ടതെ ന്നാണ് എൻെറ അഭിപ്രായം. ഇതിനിടെ നടന്നതായ റിഫാംസ്

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റിയുടെ റിപ്പോർട്ടിൽ തന്നെ ന്യൂനപക്ഷങ്ങൾക്ക് റിസർവേഷൻ കൊടുത്തിട്ടുണ്ടെന്ന് കാണാം. എന്നാൽ റിസർവേഷൻമൂലവും പ്രാതിനിധ്യംകിട്ടാത്തതായ പല ന്യൂനപക്ഷതാല്പര്യങ്ങളും നമ്മുടെ രാജ്യത്ത് അവശേഷിച്ചിട്ടുണ്ടെന്നുള്ള വസ്തുത നാം വിസ്മരിക്കാവുന്നതല്ല. അത്തരക്കാരുടെ താല്പര്യസംരക്ഷണത്തിന് വേണ്ടിയാണ് കക്ഷിരഹിതനായ പ്രസിഡൻറിന് വെളിയിൽനിന്നും അംഗങ്ങളെ നോമിനേറ്റുചെയ്യുന്നതിനുള്ള അധികാരം കൊടുക്കണമെന്ന് പറയുന്നത്. പുറത്തുനിന്നും എടുക്കപ്പെടുന്ന അംഗങ്ങൾക്ക് ഈ സഭയോടു ഉത്തരവാദിത്വവുമില്ല. എന്നാൽ അവരുടെ റിപ്പോർട്ട് അതേപടി സഭ സ്വീകരിക്കാൻ പോകുന്നില്ല. മാത്രമല്ല, അവരെ അംഗങ്ങളായി നോമിനേറ്റുചെയ്യുന്നതുകൊണ്ട് സഭയുടെ അവകാശങ്ങൾക്കോ അധികാരങ്ങൾക്കോ യാതൊരു ഹാനിയും സംഭവിക്കുന്നില്ലെന്നും ബഹുമാനപ്പെട്ട മെമ്പറന്മാരെ ഞാൻ അനുസ്മരിപ്പിച്ചുകൊള്ളുന്നു. ഈ ഭരണഘടനയുടെ നാലാം വകുപ്പ് യഥാർത്ഥത്തിൽ ന്യൂനപക്ഷസംരക്ഷണത്തിനുവേണ്ടി നിർമ്മിച്ചിട്ടുള്ളതാണെങ്കിൽ, വെളിയിൽനിന്നും നോമിനേറ്റുചെയ്യാനുള്ള അധികാരം പ്രസിഡൻറിനുതന്നെ കൊടുക്കേണ്ടതാണെന്നും എൻറെ സ്നേഹിതന്മാരായ ബഹുമാനപ്പെട്ട എല്ലാ മെമ്പറന്മാരും ഏകോപിച്ച് കക്ഷിരഹിതമായ മനോഭാവത്തോടുകൂടി ഈ വകുപ്പിനെ അനുകൂലിക്കണമെന്നും ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

MR. A. P. UDAYABHANU : ഞാൻ ഈ ഭേദഗതിയോട് അനുകൂലിക്കുന്നു. ഇവിടെ നടന്ന വാദപ്രതിവാദങ്ങൾ കേട്ടൽ രാജ്യത്തുള്ള എല്ലാ ന്യൂനപക്ഷസമുദായങ്ങളുടേയും മതപരിപാലനകാര്യസംരക്ഷണത്തിനുവേണ്ടിയാണ് ഇവിടെ ഒരു കമ്മിറ്റി ഉണ്ടാക്കാൻ പോകുന്നതെന്ന് തോന്നും. മാത്രമല്ല ഈ ഭേദഗതി അവതരിപ്പിക്കുന്നതുകൊണ്ടു എല്ലാ ന്യൂനപക്ഷതാൽപര്യങ്ങളും സംരക്ഷിക്കപ്പെടുമെന്നുള്ള ഒരു ധാരണക്കുടി ഇതിൻറെ അവതാരകനു ഉണ്ടെന്നും തോന്നുന്നു. കമ്മറ്റിയിലുള്ള ൨൦ അംഗങ്ങളിൽ ൨൦ പേരേയും സഭയിൽനിന്നു എടുക്കണോ, അതോ, ൧൫ പേരെ വെളിയിൽനിന്ന് എടുത്താൽ മതിയോ എന്നുള്ളതാണ് പ്രശ്നം. മറൊരു അഭിപ്രായം റിപ്രസെൻറേഷൻ കിട്ടിയിട്ടില്ലാത്ത ന്യൂനപക്ഷങ്ങളിൽനിന്നും നോമിനേഷൻ നടത്തുന്നതായാൽ അവർക്കുകൂടി ഈ സഭയിൽ തങ്ങളുടെ നിവേദനം സമർപ്പിക്കുന്നതിനുള്ള സന്ദർഭം ഉണ്ടാകുമെന്നുള്ളതാണ്. ഇനിയും, ന്യൂനപക്ഷങ്ങളെപ്പറ്റി പറയുകയാണെങ്കിൽ തിരുവിതാംകൂറിൽ ന്യൂനപക്ഷമല്ലാതെ ഭൂരിപക്ഷമൊന്നുമില്ല. എന്നാൽ

LIBRARY, ARCHIVES Kerala Legislative Assembly

ഇന്ന ഭൂരിപക്ഷമെന്ന പറയപ്പെടുന്ന സമുദായങ്ങളിൽത്തന്നെ പല അവാന്തര വിഭാഗങ്ങളും ഉണ്ട്. ഈ സഭയിൽത്തന്നെ കണക്കുകൂട്ടി നോക്കിയാൽ ഹിന്ദുക്കളിൽത്ത ത വിഭാഗക്കാർ ഉണ്ട്. ഇവരിൽത്തന്നെ പല ഉപ്പുപ്പിരിവുകളും ഉണ്ടെന്നുള്ള തു നമുക്കെല്ലാവർക്കും അറിയാം. എന്നാൽ സഭയിൽ നിന്നും കമ്മിറ്റിയിലേക്ക തെരഞ്ഞെടുക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ള അംഗങ്ങളുടെ എണ്ണം പതിനാറ മാത്രമാണ്. അതുകൊണ്ട മതിയാകുമോ എന്ന എനിക്ക തോന്നുന്നില്ല. ഇതു കൂടാതെ കൃസ്ത്യാനികളിൽ നിന്നും ന്യ വിഭാഗക്കാർക്ക് ഇവിടെ പ്രാതിനിധ്യം കൊടുത്തിട്ടുണ്ട്. അങ്ങിനെ പന്ത്രണ്ടും ആറും, ഒന്നും, പിന്നെ പത്തൊൻപതു പേരെ ഈ സഭയിലുനിന്നും എടുക്കേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ ഇവിടത്തെ പ്രാതിനിധ്യം ശരിയാകയുള്ളു. ഇങ്ങനെ ഓരോ സമുദായങ്ങളെ എടുത്തു നോക്കിയാലും അവരാരും ഭൂരിപക്ഷസമുദായങ്ങളല്ലെന്ന് കാണാവുന്നതാണ്.

MR. K. RAMAKRISHNA ACHARI: മെമ്പർ പറയുന്നതുപോലെയാണെങ്കിൽ "ന്യൂനപക്ഷം" എന്ന പദത്തിന്റെ ഒരു വ്യാഖ്യാനം കൂടി ഇവിടെ വിശദമാക്കാൻ സാധിക്കുമോ ?

MR. A. P. UDAYABHANU: ഈ പദത്തിന്ന് ഇനിയും ഒരു പ്രത്യേക വ്യാഖ്യാനം വേണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല.

MR. P. C. ADICHAN: ന്യൂനപക്ഷം എന്നുള്ളതിന്ന് ഒരു വ്യാഖ്യാനം കൂടിവേണം.

MR. A. P. UDAYABHANU: ഈ വ്യാഖ്യാനംകൊണ്ട തൃപ്തിപ്പെടുമെങ്കിൽ കൊള്ളാം. ഈ കമ്മിറ്റി ന്യൂനപക്ഷങ്ങളുടെയെല്ലാം ഒരു പ്രദർശനശാല ആകരുത്. ന്യൂനപക്ഷങ്ങൾക്ക പ്രാതിനിധ്യം കൊടുക്കുക എന്ന വാദത്തിന വേണ്ടി അവരെ വെളിയിൽ പോയി അന്വേഷിച്ചു കണ്ടുപിടിച്ചു കൊണ്ടുവരേണ്ട ആവശ്യമില്ല. അങ്ങനെ പ്രവർത്തിക്കാനും സാധ്യമല്ല. ന്യൂനപക്ഷങ്ങളുടെ താൽപ്പര്യ സംരക്ഷണമാണ് ആലോചനയിലുള്ളത്. അതിനുവേണ്ടി നമുക്കെന്തെങ്കിലും ചെയ്യുവാനുണ്ടെങ്കിൽ ചെയ്യണമെന്നല്ലാതെ, അവരെല്ലാം കൂടിയുള്ള ഒരു പ്രദർശനശാലയായി ഈ കമ്മിറ്റിയെ രൂപാന്തരപ്പെടുത്തരുത്. അങ്ങനെയാണെങ്കിൽ ഈ അറുപേരെ, പ്രസിഡൻറ് തന്നെ നാമനിർദ്ദേശം ചെയ്യണമെന്നില്ല. മാത്രമല്ല കക്ഷിരഹിതനെന്നും മറ്റും നാം പറഞ്ഞുകൊണ്ടിരിക്കുന്ന പ്രസിഡൻറ് ന്യ പേരെ നാമനിർദ്ദേശംചെയ്യ ഒരു ബ്ലാക്കായ് വോട്ട

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാവുന്ന ആളുകളെ വരുത്തുന്നതിന് ഇടകൊടുക്കാതെ ഈ അധികാരം സഭയ്ക്കു വിട്ടുകൊടുക്കുകയായിരിക്കും ഉത്തമമെന്നാണ് എന്റെ അഭിപ്രായം. അല്ലാതെ ഈ പേരെ സോഠംബ്ലാക്കായി നാമനിർദ്ദേശം ചെയ്യാനുള്ള അധികാരം പ്രസിഡൻറിന് കൊടുക്കാൻ പാടില്ല. ഇത്രയുമാണ് എനിക്കു പറയുവാനുള്ളത്.

MR. P. C. ADICHAN : സർ, ഈ ഭേദഗതിയെ അനുകൂലിക്കാനായിട്ടാണ് ഞാൻ എഴുന്നേൽക്കുന്നത്. ന്യൂനപക്ഷങ്ങൾക്ക് ശരിയായ പ്രാതിനിദ്ധ്യം ലഭിക്കുന്നതിനുവേണ്ടി ഉണ്ടാക്കുന്ന ഒരു കമ്മിറ്റിയിൽ ആറു പേരെ നാമനിർദ്ദേശം ചെയ്യാൻ ഉള്ള അധികാരം പ്രസിഡൻറിന് വിട്ടുകൊടുക്കാതിരിക്കത്തക്കവണ്ണം ഉള്ളതാണ് ഭേദഗതി. സർ, ഈ കഴിഞ്ഞ വകുപ്പിനേയും നമ്പർ 2 വകുപ്പിനേയും സംബന്ധിച്ച് പല മെമ്പറന്മാരും പ്രസംഗിച്ചു കഴിഞ്ഞു. അവരുടെ പ്രസംഗങ്ങളിൽ നിന്നെല്ലാം മനസ്സിലാകുന്നത് തിരഞ്ഞെടുപ്പുകൊണ്ട് ശരിയായ പ്രാതിനിദ്ധ്യം കിട്ടുകയില്ലെന്ന് അവരുടെ മനസ്സ് പറയുന്നുവെന്നാണ്. അങ്ങിനെ ന്യൂനപക്ഷ സമുദായങ്ങളുടെ കാര്യങ്ങളെക്കുറിച്ച് പറയുന്ന ഒരു കമ്മിറ്റിയിൽ അവരുടെ ശരിയായ പ്രതിനിധികളെ തിരഞ്ഞെടുക്കണമെന്നല്ലാതെ പ്രസിഡൻറിന്റെ ഇഷ്ടംപോലെ നാമനിർദ്ദേശം പാടില്ല എന്നുമാത്രമല്ല നാമനിർദ്ദേശമെല്ലാം അവസാനിപ്പിച്ച് യഥാർത്ഥ തിരഞ്ഞെടുപ്പു മാത്രം തോന്നാക്കി വച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ തീർച്ചയായിട്ടും അതു ഉപേക്ഷിക്കേണ്ടതാണ്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ ഭേദഗതിയെ അനുകൂലിക്കുന്നു.

MR. K. A. MATHEW : നാമനിർദ്ദേശം അസംബ്ലിയിലേക്കാണോ ?

MR. P. C ADICHAN : അല്ല കമ്മിറ്റിയിലേക്ക്. അതുകൊണ്ടു ഞാൻ പറയുന്നത് നാമനിർദ്ദേശമാണെങ്കിൽ അവർ ഗവണ്മെൻറിനെ, അതായത് നാമനിർദ്ദേശം ചെയ്യുന്നവരെ അനുകൂലിച്ചേ എപ്പോഴും നിൽക്കുകയുള്ളൂ.

MR. K. A. MATHEW : ഇതിനുമുമ്പ് അങ്ങിനെ പലതും ഉണ്ടായിട്ടുണ്ടായിരിക്കും.

MR K. K. CHELLAPPAN PILLAI : (*Mavelikkara II-General*) : ഞാൻ ഭേദഗതിയെ എതിർക്കുന്നു ജനപ്രതിനിധിത്വസിദ്ധാന്തങ്ങൾക്ക് വിഘാതമാകത്തക്കവണ്ണം ഈ വാദഗതി പ്രയോഗമിപ്പിക്കാതിരിക്കണമെന്നാണ് എന്റെ മാന്യ സ്നേഹിതന്മാരോട് എനിക്ക് അപേക്ഷിക്കുവാനുള്ളത്. ജനപ്രതിനിധിത്വം തന്നെ എന്താണെന്ന് നമുക്ക് ചിന്തിക്കാം. ന്യൂന

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. K. Chellappan Pillai]

പക്ഷം ആളുകൾക്ക് അവശതകളും മറ്റും പരിഹരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഇവിടെ ജനപ്രാതിനിധ്യം അംഗീകരിച്ചിട്ടുള്ളത്. അങ്ങനെ ആ ജനപ്രാതിനിധ്യം അംഗീകരിച്ചു കഴിഞ്ഞിട്ട് അതിന്റെ പ്രവർത്തനത്തിന്റെ പ്രധാനാംഗങ്ങളെപ്പറ്റി ആരായുകയാണ് വേണ്ടത്. അമേരിക്കയിൽ ജനപ്രാതിനിധ്യമനുസരിച്ചാണ് അവിടത്തെ ഇലക്ഷൻ നടക്കുന്നതെന്ന് എല്ലാവർക്കും അറിയാം. ജനങ്ങൾ ഇലക്ടറെ ചെയ്തു കഴിഞ്ഞാൽ ക്യൂത്തൽ അധികാരങ്ങളും പ്രത്യേകമായ നിലയിൽ പ്രവർത്തിക്കുന്നതിനുള്ള അവകാശങ്ങളും അദ്ദേഹത്തിന് കൊടുക്കുന്നു. ജനങ്ങൾ ഒന്നിച്ചു തിരഞ്ഞെടുത്തു കഴിഞ്ഞാൽ ജനങ്ങളുടെ വിശ്വാസത്തെ ശരിക്കുപയോഗിച്ചുകൊണ്ടാണ് അവിടത്തെ പ്രസിഡൻറ് കാര്യങ്ങൾ നടത്തുന്നത്. അങ്ങനെയാണ് അവിടത്തെ കാൺസ്റ്റിറ്റിറ്റ്യൂഷൻ. അതിനാൽ ഇവിടെയും പ്രസിഡൻറിനു അതുപോലെയുള്ള അധികാരങ്ങൾ കൊടുക്കുന്നത് സമുചിതമായിരിക്കും. മിസ്റ്റർ ആദിച്ചൻ പറഞ്ഞു ഇവിടെ തിരഞ്ഞെടുപ്പുമൂലം പ്രത്യേകം പ്രാതിനിധ്യം കിട്ടുകയില്ലെന്നും മറ്റുമൊക്കെ യഥാർത്ഥത്തിൽ ഇങ്ങനെയെല്ലാം ആലോചിക്കേണ്ടതുതന്നെയാണ്. എന്നാൽ ജനപ്രാതിനിധ്യപരമായ തത്വങ്ങൾ നടപ്പിൽ വരുമ്പോൾ ഇതുമാതിരി ഒന്നും ഉണ്ടാവുകയില്ലെന്ന് ഓർക്കേണ്ടതാണ്. മാത്രമല്ല ഇവിടെയും ന്യൂനപക്ഷ കക്ഷികൾക്കു ജയം സിദ്ധിച്ചുവെന്നു വരുന്നതല്ല.

MR. P. C. ADICHAN: അതെന്തുകൊണ്ടാണ്.

MR. K. K. CHELLAPPAN PILLAI: അതു മനുഷ്യസഹജമായ പ്രകൃതികൊണ്ടുതന്നെയാണ്. സമുദായപ്രാതിനിധ്യവാദം രാഷ്ട്രീയവാദത്തിൽനിന്ന് വിഭിന്നമായിരിക്കേണ്ടതാണ്. മാത്രമല്ല, ജനപ്രാതിനിധ്യം വന്ന ഉടൻതന്നെ സകലവിധമായ അവകാശങ്ങളും ഒരു ദിവസംകൊണ്ട് സാധിച്ചു കിട്ടുമെന്നുള്ള വിശ്വാസവും അസ്ഥാനത്തിലാണ്. അതു പ്രായോഗികമായ പരിഗണനകളെക്കൂടെ ആശ്രയിച്ചിരിക്കുകയാണ്. അതുകൊണ്ട് ഇതുപോലുള്ള ഒരു കമ്മിറ്റി ന്യൂനപക്ഷത്തിനു അനീതി ചെയ്യുമെന്ന് ഒരിക്കലും വിശ്വസിക്കാൻ പാടില്ല. അതിനാൽ പ്രസിഡൻറിന് നോമിനേഷനുള്ള അധികാരങ്ങളും കൊടുക്കുന്നതിൽ യാതൊരു വിരോധവുമില്ല. എനിക്കു വേറൊരു കാര്യം കൂടി പറയുവാനുള്ളതു്, റൂൾസ് ഇത്തരത്തിൽ വന്നു കഴിഞ്ഞു. ഏതായാലും അതു മാറ്റാൻ പാടില്ല. നമ്മുടെ സ്നേഹവിശ്വാസങ്ങളും ആർജ്ജിച്ച പ്രസിഡൻറിന് ഈ അധികാരം കൊടുക്കുന്നതിൽ യാതൊരു തടസ്സവും ഇല്ല. ഇതുയും പറഞ്ഞുകൊണ്ട് ഭേദഗതിയെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. THARIATHU KUNJITHOMMAN (*Muvattupuzha II- General*) : മന്ത്രിമാരിന്റെ ഭേദഗതിയെ എതിർക്കേണ്ടിവന്നതിൽ വ്യസനിക്കുന്നു. അദ്ദേഹം കൊണ്ടുവന്നിട്ടുള്ള ഭേദഗതി അച്ചടിച്ചിട്ടുള്ളത് ഇംഗ്ലീഷിലാണ്. അദ്ദേഹം അതിന്റെ ആവശ്യകതയെപ്പറ്റി വിവരിച്ചു പ്രസംഗിച്ചതു് ഇംഗ്ലീഷിലാണ്. അദ്ദേഹത്തെ അനുകൂലിച്ച മെമ്പാരന്മാരും ഇംഗ്ലീഷിൽ പ്രസംഗിക്കുകയുണ്ടായി. അതു എനിക്ക് മനസ്സിലായിട്ടില്ല. എങ്കിലും കുറെ മെമ്പറന്മാരെ ബഹുമാനപ്പെട്ട പ്രസിഡന്റിനു് നോമിനേറു ചെയ്യുന്നതിനുള്ള വ്യവസ്ഥ ഭേദപ്പെടുത്തണമെന്നാണ് അദ്ദേഹം കൊണ്ടുവന്നിട്ടുള്ള ഭേദഗതിയെന്നു് വിചാരിക്കുന്നു. ഏതെങ്കിലും ആരുപേരെ പ്രസിഡന്റിനു് നോമിനേറു ചെയ്യാനുള്ള വ്യവസ്ഥ ഉണ്ടായിരിക്കുന്നതിൽ എന്തു ദോഷമാണുള്ളതെന്നു് എനിക്കു മനസ്സിലാകുന്നില്ല. എന്നാൽ ഈ ഒരു വ്യവസ്ഥ വന്നതിന്റെ ആവശ്യകതയെപ്പറ്റി എനിക്കു ഒന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ടു്. അതായതു് ഇവിടെ രണ്ടുമൂന്നു പാർട്ടിയുണ്ടു. ഏറവും പ്രധാനപ്പെട്ട ഒരു പാർട്ടിയിലെ അംഗമാണു് ഞാൻ. അതായതു്, സ്റ്റേറുകോൺഗ്രസ്സു്, മുസ്ലീംലീഗു് പാർട്ടിയുണ്ടു്, തമിഴ്നാടു പാർട്ടിയുണ്ടു്, സ്വതന്ത്ര മെമ്പരും ഉണ്ടു്. ഇവിടെ വോട്ടെടുത്താൽ ന്യായമായി ഭൂരിപക്ഷ പാർട്ടിക്കായിരിക്കും ജയം. ഫ ഒ പേരെ എടുക്കുക എന്നു പറഞ്ഞതു് മിക്കവാറും വോട്ടിനിട്ടാലെങ്കിൽ ഭൂരിപക്ഷം പേരുടെ ഹിതത്തിനനുസരണമായ ആളുകളെ നിശ്ചയമായും തിരഞ്ഞെടുക്കുമെന്നു് വിചാരിക്കുവാൻ ന്യായമുണ്ടു്. അങ്ങനെ തിരഞ്ഞെടുക്കുവാനാണു് നിയമം അനുശാസിക്കുന്നതും. അല്ലാതെ നിങ്ങൾക്കു് നാലോ അഞ്ചോ ആളുകളുടെ കക്ഷിരഹിതനായ പ്രസിഡന്റു് അവർക്കുതന്നെ നാമിനേഷൻ നടത്തുന്നതിൽ ആക്ഷേപം സംശയത്തിനു് വകയില്ല. അതിനാൽ ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

MR. K. RAMAKRISHNAN ACHARI : സർ, ഇതു സംബന്ധിച്ചുള്ള വാദപ്രതിവാദം അവസാനിപ്പിക്കണമെന്നു് ഞാൻ അഭിപ്രായപ്പെടുന്നു.

(ക്ലോസർമോഷൻ വോട്ടിനിടുകയും പാസ്സാക്കുകയും ചെയ്തു)

MR. PRESIDENT : ഈ ഭേദഗതി വോട്ടിനിടുന്നതിനുമുമ്പായി എനിക്കു് വേറൊരു സംഗതി പറയേണ്ടിയിരിക്കുന്നു. ഇതേ വകുപ്പിനു്, മി. ഇലങ്കത്തു്, വേറൊരു ഭേദഗതി അയച്ചുതന്നിട്ടുണ്ടു്. അതായതു് ഈ റൂളിൽ ഫ ഒ പേർ എന്നുള്ളിടത്തു് ഫ ഗ പേർ എന്നും ന പേർ എന്നുള്ളിടത്തു് ന പേർ എന്നും ആക്കണമെന്നാണു്. ആ ഭേദഗതി

LIBRARY ARCHIVES Kerala Legislative Assembly

[Mr. President]

ക്കുടി അവതരിപ്പിച്ചതിന് ശേഷം മെസേഴ്സ് കെ. പി. നീലകണ്ഠപിള്ളയുടേയും പി. എസ്. മഹമ്മദിന്റേയും ഭേദഗതികളും കൂടി അവതരിപ്പിക്കുന്നതാണ്. ഈ ഭേദഗതികളെല്ലാം പ്രത്യേകം പ്രത്യേകം അവതരിപ്പിച്ചുകൊണ്ട് വാദപ്രതിവാദങ്ങൾ നടന്നതിനുശേഷം എല്ലാ ഭേദഗതികളും പ്രത്യേകം പ്രത്യേകം വോട്ടിനിടാമെന്നാണ് വിചാരിക്കുന്നത്.

MR. K. R. ELANKATH : സർ, എന്റെ ഭേദഗതി ഇതാണ്: In rule 35 substitute "eighteen" for "fifteen" and "three" for "six". "പതിനഞ്ച് അംഗങ്ങളെ" തെരഞ്ഞെടുക്കുക എന്നതിനു പകരം "പതിനെട്ട് അംഗങ്ങളെ" എന്നും "ആറ് അംഗങ്ങളെ" നാമനിർദ്ദേശം ചെയ്യുക എന്നതിനു പകരം "മൂന്ന് അംഗങ്ങളെ" എന്നുമാണ്. സർ, ഇവിടെ നടന്ന വാദപ്രതിവാദത്തിനുശേഷം മി. കെ. പി. നീലകണ്ഠപിള്ളയുടെ ഭേദഗതിയെ അനുകൂലിക്കുന്നവരുടെയും പ്രതികൂലിക്കുന്നവരുടെയും അഭിപ്രായഗതികളെ യോജിപ്പിക്കുന്നതിനുള്ള ഒരു രഞ്ജക ഭേദഗതിയായിട്ടാണ് ഞാൻ എന്റെ ഭേദഗതിയെ കരുതുന്നത്. ഇവിടെ നടന്ന വാദപ്രതിവാദങ്ങളിൽ പ്രധാനമായികണ്ട അഭിപ്രായഗതി ഒരു ഭാഗക്കാരെ സംബന്ധിച്ചിടത്തോളം ഈ കമ്മിറ്റിക്ക് നാമനിർദ്ദേശം ചെയ്യുന്നരീതി ഈ സഭയുടെ പ്രാതിനിധ്യസ്വഭാവത്തെ ചോദ്യംചെയ്യുന്നതാണെന്നും എതിർഭാഗക്കാരെ സംബന്ധിച്ചിടത്തോളം പ്രായോഗികവൈഷമ്യമുണ്ടെന്നുള്ളവയായിരുന്നു. എന്റെ ഈ ഭേദഗതി സഭയുടെ പ്രാതിനിധ്യസ്വഭാവത്തെ കഴിയുന്നത്ര പരിപാലിക്കുന്നതിനും എന്നാൽ അത്യന്താപേക്ഷിതമായ നിലയിൽ നാമനിർദ്ദേശൻ നടത്തുന്നതിനെ അനുവദിക്കുന്നതിനും ഇടം നൽകുന്ന ഒന്നാണ്. കേവലം പ്രായോഗികമായ സൗകര്യക്കൂടുതലിനെ പരിഗണിച്ചുമാത്രമാണ് ഞാൻ ഇത്തരത്തിൽ ഒരു ഭേദഗതി അവതരിപ്പിക്കുന്നത്. പതിനഞ്ച് അംഗങ്ങളെ നിയമസഭയിൽനിന്നു തെരഞ്ഞെടുക്കുന്നതിനും ആറു പേരെ ഈ സഭയിൽനിന്നോ അല്ലെങ്കിൽ വെളിയിൽനിന്നോ അദ്ധ്യക്ഷന്റെ യുക്തംപോലെ നാമനിർദ്ദേശം ചെയ്യുന്നതിനും വ്യവസ്ഥയുണ്ടായിരുന്നാൽ വേണമെന്നുവന്നാൽ ഏതെങ്കിലും സംഘടനകളോ അല്ലെങ്കിൽ പ്രതിനിധിസ്ഥാപനങ്ങളോ തെരഞ്ഞെടുത്തയക്കുന്ന പ്രതിനിധികളെതന്നെയും നാമനിർദ്ദേശം ചെയ്യുവാൻകൂടി അദ്ധ്യക്ഷനു സൗകര്യം ലഭിക്കുന്നതാണ്. ന്യൂനപക്ഷസംരക്ഷണത്തിനും മൗലികാവകാശസുരക്ഷിതത്വത്തിനും വേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

യാണ് ഈ കമ്മിറ്റി ഉണ്ടാക്കുന്നത്. ന്യ പേർ എന്നുള്ളത് ന പേർ മതിയെന്നവച്ചതുകൊണ്ടു നാമിനേറു ചെയ്യുന്നവരുടെ സംഖ്യ കുറഞ്ഞു പോയി എന്നഭിപ്രായമുള്ളവരോട് എനിക്കു പറയുവാനുള്ള സമാധാനം ഇതാണ്. ന്യ പേക്ഷകം ൧൦ പേരെ വച്ചാലു ഈ രാജ്യത്തെ ന്യൂനപക്ഷങ്ങൾക്കെല്ലാം പ്രാതിനിധ്യം നൽകുവാൻ സാധിക്കുമോ? നിശ്ചയമായും സാധിക്കുകയില്ല. കൂടുതൽ അംഗങ്ങളെ നാമിനേറു ചെയ്യുക എന്നു പറയുന്നതുതന്നെ ഈ സഭയുടെ പ്രാതിനിധ്യസ്വഭാവത്തെ ചോദ്യംചെയ്യുന്ന തന്നാണ്. എന്നാൽ അങ്ങനെ ചോദ്യം ചെയ്യുന്ന ഒരു വ്യവസ്ഥ ഉൾപ്പെടുത്തുന്നതുകൊണ്ട് കാര്യമായ പ്രയോജനം ഒരിക്കുന്നുമില്ല അഥവാ ഈ വ്യവസ്ഥടകൊണ്ടു യാതൊരു വിശേഷവുമില്ല. കൂടുതൽ ആളുകളെ നാമിനേറുചെയ്യുന്നതുകൊണ്ട് ന്യൂനപക്ഷങ്ങളെ തൃപ്തിപ്പെടുത്താൻ സാധ്യമല്ലെന്നുള്ളതു വ്യക്തമാണ്. ഈ ന പേർ എന്നുള്ളതുതന്നെയും ഗത്യന്തരമില്ലെന്നുകണ്ടാൽ നാമിനേറുചെയ്വാൻവേണ്ടി വ്യവസ്ഥചെയ്തിരിക്കുകയാണ്. അവരെ നാമിനേറുചെയ്യുവാനുള്ള അധികാരം പ്രസിഡൻറിന് നൽകിയിട്ടുണ്ട്. അപ്പോൾ പ്രസിഡൻറിനു യുക്തമെന്നു തോന്നുന്ന ഒരു ചെറിയന്യൂനപക്ഷം ആളുകളെ നാമിനേറുചെയ്യുന്നതുകൊണ്ട് സഭയുടെ പ്രാതിനിധ്യസ്വഭാവത്തിന് അതു വളരെ അധികം ബാധകമാകുന്നില്ല. മുഴുവൻ ആളുകളെത്തന്നെയും ഈ സഭയിൽനിന്നും തിരഞ്ഞെടുത്താൽ പോരാ എന്നു തക്കതായ കാരണങ്ങളാൽ തോന്നുന്നപക്ഷം വേണ്ടിവന്നാൽ വെളിയിൽനിന്നുകൂടി ആളുകളെ എടുക്കാനുള്ള ഒരു പ്രൊവിഷൻ ഉണ്ടായിരിക്കണമെന്നുള്ളതുകൊണ്ടാണ് ന പേരെ എങ്കിലും നാമിനേറുചെയ്യണമെന്ന് വ്യവസ്ഥചെയ്യുന്നതു്. മഹിളാവകുപ്പിന് പ്രത്യേകം ഒരാളിന്റെ ഉപദേശം വേണമെന്നു കമ്മിറ്റി വിചാരിക്കുന്നുവെങ്കിൽ ആ ആളിനെ കമ്മിറ്റിയിലേക്കു നിയമിക്കുവാനുള്ള അധികാരം പ്രസിഡൻറിനുണ്ടായിരിക്കണം. അതുപോലെതന്നെ ന്യൂനപക്ഷപ്രശ്നത്തേപ്പറ്റിയും. ഇങ്ങനെ നിയമിക്കുന്ന ആളുകളുടെ ഉപദേശമാണ്, വോട്ടല്ല കാര്യം. അങ്ങനെ വരുന്ന ആളുകളുടെ വോട്ട് കമ്മിറ്റിയുടെ തീരുമാനത്തെ കാര്യമായവിധത്തിൽ ബാധിക്കുമെന്നും തോന്നുന്നില്ല. വിദഗ്ദ്ധോപദേശം നൽകുന്നതിലേക്കുള്ള അംഗത്വം മാത്രമേ അവർക്കുള്ളൂ. കമ്മിറ്റിയിലേക്ക് നാമിനേറുചെയ്യുന്നവരുടെ സംഖ്യ ന ആക്കുന്നപക്ഷം അതിലെ അംഗങ്ങളുടെ ൪൦ ശതമാനം

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Elankath]

നാമിനേറ്റുചെയ്യപ്പെട്ടവരായിത്തീരുന്നു. ഈ സംഖ്യ കുറച്ചുകൂട്ടുതലാണ്. നേരേമറിച്ച് അതു മൂന്നാക്കുകയാണെങ്കിൽ 60 ശതമാനത്തിൽ കുറവാകുന്നതാണ്. ഈ സഭയുടെ പ്രാതിനിധ്യസ്വഭാവത്തെ ഇതു് അത്ര വളരെ ചോദ്യം ചെയ്യുന്നില്ല. എന്നുമാത്രമല്ല, നമ്മുടെ ഉദ്ദേശങ്ങളെല്ലാം ഈ വ്യവസ്ഥകൊണ്ടു് സാധിക്കുകയും ചെയ്യും. ഓരോ വിഷയത്തെസംബന്ധിച്ചും വിദഗ്ദ്ധോപദേശങ്ങൾ നൽകുവാൻ കഴിവുള്ള ആളുകളെ തിരഞ്ഞുപിടിച്ച് അദ്ധ്യക്ഷൻതന്നെ നാമിനേറ്റുചെയ്യുകൊള്ളും. ഇൻഡ്യൻ കാൺസ്റ്റിട്ടൂവൻറ് അസംബ്ലിയിലും ഇങ്ങനെ നാമിനേറ്റുചെയ്യുന്ന രീതിയുള്ളതുകൊണ്ടു് നാം ഈ വിഷയത്തിൽ അവരെ അനുകരിക്കുകമാത്രമാണു് ചെയ്യുന്നതു്. പക്ഷെ നാമിനേറ്റുചെയ്യുന്നവരുടെ എണ്ണം അവിടത്തേതിൽനിന്നും കുറയ്ക്കേണ്ടതാവശ്യമാണു് എന്തെന്നാൽ ഇൻഡ്യൻ കാൺസ്റ്റിട്ടൂവൻറ് അസംബ്ലിയിലെ അംഗത്വവും ഈ സഭയിലെ അംഗത്വവും തമ്മിൽ വ്യത്യാസമുണ്ടു്. തിരുവിതാംകൂറിലെ ഈ സഭ പ്രായപൂർത്തിവോട്ടവകാശം കൊണ്ടു തെരഞ്ഞെടുക്കപ്പെട്ടവർ മാത്രം അടങ്ങിയ സഭയാണു്. ജനസാമാന്യത്തെ പൊതുവേ പ്രതിനിധീകരിക്കുന്ന ഒരു സ്വഭാവം ഈ സഭയ്ക്കുണ്ടു്. ഗണനീയരായ എല്ലാ ന്യൂനപക്ഷസമുദായങ്ങൾക്കും പ്രാതിനിധ്യം കൊടുത്തിട്ടാണു് തെരഞ്ഞെടുപ്പുനടത്തിയിട്ടുള്ളതു്. അതുകൊണ്ടു് ന്യൂനപക്ഷത്തെ സംബന്ധിക്കുന്ന എല്ലാ പ്രശ്നങ്ങൾക്കും ഏറെക്കുറെ പരിഹാരം ഈ സഭയിൽനിന്നുതന്നെ ലഭിക്കും. അതുകൊണ്ടു കൂടുതൽ ആളുകളെ വെളിയിൽനിന്നും നാമിനേറ്റുചെയ്യേണ്ടതായി വരുകയില്ല. അതിനാൽ 15 എന്നുള്ളതു് 12 എന്നാക്കി കുറക്കണമെന്നാണു് എൻറെ അഭിപ്രായം. പക്ഷം ഈ സഭയിൽനിന്നു തിരഞ്ഞെടുക്കപ്പെടുന്നവരുടെ സംഖ്യ 72 ആക്കി ക്രമീകരിക്കേണ്ടതാണു്.

MR. PANDAVATHU SANKARA PILLAI (*Karthigapalli III-General*): ഞൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു.

MR. ABDUL AZIZ : സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ന്യൂനപക്ഷപ്രശ്നത്തെസംബന്ധിച്ചു ഈ സഭയുടെ പരിചിന്തനത്തിനായി പ്രത്യേകം വേർതിരിച്ചിട്ടുള്ള രണ്ടു വകുപ്പുകളാണു് 11-ം, 12-ം വകുപ്പുകൾ. ഈ സഭ സമ്മേളിക്കുന്നതുവരെ വെളിയിൽ പൊതുജനങ്ങളുടെ ഇടയിൽ ഉണ്ടായിരുന്ന ധാരണ ഇവിടെ ന്യൂനപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

താൽപര്യങ്ങളും സുരക്ഷിതമായിരിക്കുന്നതാണെന്നും ഭൂരിപക്ഷസമുദായക്കാർ ന്യൂനപക്ഷതാല്പര്യങ്ങളെ സ്വയമേവ വകവെച്ചുകൊടുക്കുന്ന ഒരു പരിതഃസ്ഥിതി സംജാതമാകുന്നതാണെന്നും ആയിരുന്നു. ഈ സദ്ധ്യേയത്തു് സമുദായമൈത്രിയേയും ന്യൂനപക്ഷതാല്പര്യസംരക്ഷണത്തെയും ആരോഗ്യകരമായ വിധത്തിൽ പുലത്തിക്കൊണ്ടുപോകുന്ന ഒരു പരിതസ്ഥിതി ആയിരിക്കും ഉണ്ടാകുക എന്നു ഇവിടത്തെ ജനങ്ങളും വിശ്വസിച്ചിരിക്കയുമാണു്. ഈ ധാരണയ്ക്കു് ഏതാണ്ടു് ഒരു വൈകല്യം ഇപ്പോൾ ഇവിടെ നടക്കുന്ന വാദപ്രതിവാദങ്ങളുംകൊണ്ടു് ഉണ്ടാകുവാൻ ഇടവരുത്തുന്നതു് വളരെ നിർഭാഗ്യകരമാണെന്നു് പറയാതെ നിവൃത്തിയില്ല. ഈ രണ്ടു വകുപ്പുകളെ സംബന്ധിച്ചുള്ള വാദപ്രതിവാദങ്ങളിൽ, ആ വകുപ്പുകളെ എതിർത്തുകൊണ്ടായാലും ശരി, അനുകൂലിച്ചുകൊണ്ടായാലും ശരി, അഭിപ്രായപ്പെടുന്ന ഈ സഭയിലെ ബഹുമാനപ്പെട്ട മെംബറന്മാരെല്ലാവരും ഒരു കാര്യത്തിൽ ഏകാഭിപ്രായക്കാരായിട്ടാണു് കാണുന്നതു്: ന്യൂനപക്ഷതാല്പര്യങ്ങളെ സംരക്ഷിക്കേണ്ടതു് അത്യാവശ്യമായ ഒരു കാര്യമാണെന്നു് എല്ലാവരും ഒരുപോലെ സമ്മതിക്കുന്നുണ്ടു്. എന്നാൽ പ്രായോഗികമായ കാര്യങ്ങളിൽക്കൂടിയാണു് ന്യൂനപക്ഷതാല്പര്യസംരക്ഷണത്തെപ്പറ്റിയുള്ള നമ്മുടെ ശ്രദ്ധ ചെലുത്തേണ്ടതെന്നും വെറും അഭിപ്രായവാദംകൊണ്ടു് അതും തൃപ്തിപ്പെടുകയില്ലെന്നും ബഹുമാനപ്പെട്ട മെംബറന്മാർ മനസ്സിലാക്കിയിരുന്നെങ്കിൽ ഈ രണ്ടു വകുപ്പുകളെപ്പറ്റിയും ഇത്രയേറെ വാദപ്രതിവാദങ്ങൾക്കു് ഇടവരികയില്ലായിരുന്നു. നമ്മുടെ രാജ്യത്തെ ദൃഷ്ടികൊണ്ടു ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്, മതപരിവർത്തനസ്വാതന്ത്ര്യത്തിനും ന്യൂനപക്ഷസംരക്ഷണത്തിനുമായി ഒരു ഉപദേശകകമ്മിറ്റിയെ നിയമിക്കണമെന്നുള്ളതാണു്. അതു വേണ്ടാ എന്നു ചിലർ അഭിപ്രായപ്പെടുന്നു. അതേ വകുപ്പിനു് അനുരൂപമായി ഇൻഡ്യൻ കാൺസ്റ്റിട്ടൂഷനിൽ അമെൻഡ്മെന്റിയിൽ ഒരു അഡ്വൈസറി കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ന്യൂനപക്ഷസംരക്ഷണത്തിനു് മൈനോറിട്ടി സബ് കമ്മിറ്റി എന്നൊരു പ്രത്യേക സബ് കമ്മിറ്റിയും, മതപരിവർത്തനസ്വാതന്ത്ര്യത്തിനു് മറ്റൊരു സബ് കമ്മിറ്റിയും ഉണ്ടു്. ഇങ്ങനെ അഡ്വൈസറി കമ്മിറ്റി പല സബ് കമ്മിറ്റികളിലായിട്ടാണു് ജോലിചെയ്യുന്നതു്. ഇവിടെയും അതുപോലെ സബ് കമ്മിറ്റികൾ ഏർപ്പെടുത്തി ന്യൂനപക്ഷതാല്പര്യങ്ങളേയും മതപരിവർത്തനസ്വാതന്ത്ര്യത്തേയുംപറ്റി കൂലങ്കഷമായി ചർച്ചചെയ്യണമെങ്കിൽ ആ പ്രശ്നങ്ങളെസംബന്ധിച്ചു് പ്രത്യേകം

LIBRARY ARCHIVES Kerala Legislative Assembly

[Mr. Abdul Aziz]

ശ്രദ്ധയോടുകൂടി പഠിക്കുവാനും അന്വേഷണം നടത്തി കാര്യങ്ങൾ ഗ്രഹിക്കുവാനും ഒരു കമ്മിറ്റി ഉണ്ടായിരിക്കുകതന്നെവേണം. ആ കമ്മിറ്റിയുടെ കാൺസ്റ്റിട്ടൂഷൻ ഏതുവിധമായിരിക്കണം എന്നുള്ളതിനെപ്പറ്റിയും മറ്റും ആലോചിക്കുവാൻവേണ്ടിയാണ് നമ്മുടെ ഭരണത്തിൽ കൊടുത്തിരിക്കുന്ന വ്യവസ്ഥ. ഈ രീതി അനുസരിച്ച് ആ കമ്മിറ്റിയിൽ ഫ്രാ അംഗങ്ങൾ ഉണ്ടായിരിക്കണമെന്നും അതിൽ ഫ്രാ പേരെ ഈ സഭയിൽനിന്നു തെരഞ്ഞെടുക്കണമെന്നും ബാക്കി നാലു പേരെ ഈ സഭയിൽനിന്നുമാത്രമോ അഥവാ പുറത്തുനിന്നോ എടുക്കാമെന്നുമാണ് വ്യവസ്ഥചെയ്തിരിക്കുന്നത്. ഇതു കേട്ടപ്പോൾ, ജനായത്തഭരണസംപ്രദായമെന്നും, ആദർശങ്ങളെന്നും മറ്റും പറഞ്ഞു ഭൂമിയും ആകാശവും തൊടാതെ നിന്നുകൊണ്ട് വാദിക്കുന്ന ചിലയാളുകൾ ചുവപ്പുകണ്ട കാളയെപ്പോലെ വിരളുന്നതു എന്തുകൊണ്ടാണെന്ന് എനിക്കു മനസ്സിലാകുന്നില്ല. മി. നമ്പ്യാതിരിപ്പാടിപിള്ള പറഞ്ഞു നാമിനേഷന്റെ കാലം കഴിഞ്ഞു എന്ന്. നാമിനേഷന്റെ കാലം കഴിഞ്ഞെങ്കിലും അതു എന്തിനുവേണ്ടി നിലനിന്നിരുന്നുവോ ആ ആവശ്യം ഇന്നും നിലനിൽക്കുന്നു ന്യൂനപക്ഷസംരക്ഷണത്തിന്റെ ആവശ്യത്തിനാണ് മുമ്പു് ഇവിടെ നാമിനേഷൻ ഉണ്ടായിരുന്നതെങ്കിൽ ഇപ്പോഴും ഇവിടെ സംരക്ഷണം ആവശ്യമായിരിക്കത്തക്കനിലയിൽ അവശതയോടുകൂടിയാണ് ന്യൂനപക്ഷങ്ങൾ നിലകൊള്ളുന്നതു്. നാമിനേഷൻ വേണ്ടെന്നു വയ്ക്കാം. പക്ഷേ ന്യൂനപക്ഷങ്ങൾക്കു് അതിന്റെ ആവശ്യമില്ലെന്നതോന്നത്തക്ക ഒരു പരിതഃസ്ഥിതി സൃഷ്ടിച്ചിരിക്കണം. പഴയ കാലം കഴിഞ്ഞു എന്നുള്ളതു വാസ്തവംതന്നെ. എന്നാൽ പുതിയകാലം വന്നുചേർന്നിട്ടുണ്ടോ. നാം ഇപ്പോൾ ഒരു പുതിയ ദശയിലാണ് നിലകൊള്ളുന്നതു്. അതുകൊണ്ടു് ബുദ്ധിപൂർവ്വമായി ചെയ്തിരിക്കുന്ന ഈ വ്യവസ്ഥ, അതായതു് ഫ്രാ പേരെ തിരഞ്ഞെടുക്കുകയും നാലു പേരെ നാമിനേറ്റുചെയ്യുകയും ചെയ്യാമെന്നുള്ള വ്യവസ്ഥ ഇവിടത്തെ ന്യൂനപക്ഷങ്ങളേയും അവരുടെ താല്പര്യങ്ങളേയും പറ്റി പ്രത്യേകമായി പരിചിന്തിക്കേണ്ടതിന്റെ ആവശ്യത്തെക്കൂടി അനുസരിച്ചുകൊണ്ടു ചെയ്തിട്ടുള്ള വ്യവസ്ഥയാണ്. ന്യൂനപക്ഷങ്ങളിലുള്ള അംഗങ്ങൾകൂടി ആ കമ്മിറ്റിയിൽ ഉൾപ്പെടണമെന്നുള്ള ആഗ്രഹംകൊണ്ടാണ് ഇങ്ങനെ വ്യവസ്ഥചെയ്തതു്. ഈ സഭ അവരുടെ കാര്യം ഭദ്രമായി നോക്കിക്കൊള്ളുമെന്നു പറഞ്ഞാൽ ആ അഭിപ്രായത്തെ ഇവിടത്തെ ന്യൂനപ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷങ്ങൾ പാടെ സ്വീകരിച്ചുകൊള്ളണമെന്നു പറയാവുന്നതല്ല. ന്യൂന പക്ഷപ്രശ്നങ്ങൾ ഭൂരിപക്ഷത്തിൽപ്പെട്ട അംഗങ്ങൾക്ക് ന്യൂനപക്ഷത്തിൽപ്പെട്ട അംഗങ്ങളേക്കാൾ കൂടുതലായി കൈകാര്യം ചെയ്യുവാൻ അവകാശം ഉണ്ടായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. അതു കൊണ്ടു ന്യൂനപക്ഷതാല്പര്യത്തെപ്പറ്റി ആലോചിക്കുവാനുള്ള കമ്മിറ്റിയിൽ ന്യൂനപക്ഷ അംഗങ്ങളുടെ അഭിപ്രായങ്ങൾ മാത്രമേ സ്വീകാര്യയോഗ്യമായി എടുക്കാവൂ എന്നതുകൂടി ഭൂരിപക്ഷകക്ഷിയിൽപ്പെട്ട അംഗങ്ങൾ ധരിച്ചിരിക്കേണ്ടതാണ്. ഭൂരിപക്ഷത്തിന്റെ അഭിപ്രായം പറയുവാനുള്ള അവകാശം മുഴുവൻ ഭൂരിപക്ഷക്കാർക്കുകൊടുക്കുകയും അതേസമയം ന്യൂനപക്ഷതാല്പര്യത്തെക്കൂടി ഭൂരിപക്ഷക്കാർ നോക്കിക്കൊള്ളുമെന്നു പറയുകയും ചെയ്യുന്നതു രണ്ടു താല്പര്യങ്ങളുംകൂടി ചിലപ്പോൾ ചില സംഘട്ടനങ്ങൾക്കു ഇടകൊടുക്കാതിരിക്കാൻ സാദ്ധ്യമല്ലാത്തനിലയിൽ കാര്യങ്ങൾകൊണ്ടു എത്തിച്ചേക്കുന്നതിനു ഇടയാക്കും. ഭൂരിപക്ഷക്കാർ ന്യൂനപക്ഷതാല്പര്യങ്ങൾ നോക്കിക്കൊള്ളുമെന്നു പറയുന്നതിനെ ന്യൂനപക്ഷക്കാർ വിശ്വസിച്ചു തൃപ്തിപ്പെട്ടിരിക്കുമെന്നും തോന്നുന്നില്ല. അതിനാൽ ഈ നാമനിർദ്ദേശത്തിന്റെ ഉദ്ദേശം എന്താണെന്നു വ്യക്തമാണ് നാമനിർദ്ദേശത്തിന്റെപേരിൽ നടത്തുന്ന ഈ നിയമനങ്ങൾ ഒരാളിൽ നിക്ഷിപ്തമായ അധികാരമാത്രം വിനിയോഗിച്ചു നടത്തണമെന്നു പറയുന്നതു ശരിയല്ലെന്നും ചിലർ ഇവിടെ പ്രസ്താവിക്കുണ്ടായി. ഇക്കാര്യത്തിൽ ഭൂരിപക്ഷത്തിന്റെ നിഷ്പക്ഷമായ തെരഞ്ഞെടുപ്പു കൂടുതൽ കാര്യക്ഷമമാണെന്നാണ് എന്റെ അഭിപ്രായം. ഇവിടെ ഇക്കാര്യത്തിൽ ചിലർ എതിർക്കുന്നതു ന്യൂനപക്ഷതാല്പര്യസംരക്ഷണത്തിൽ അവർ വിമുഖരായതുകൊണ്ടാണെന്നാണ് എനിക്കു തോന്നുന്നതു. ഈ അഡ്വൈസറികമ്മിറ്റി ചെയ്യുന്ന ഏതു തീരുമാനവും ഈ സഭയിലെ ഭൂരിപക്ഷ അംഗങ്ങളുടെ ഹിതമനുസരിച്ചു മാത്രമേ പാസ്സാക്കുകയുള്ളൂ എന്നതുകൂടി ബഹുമാനപ്പെട്ട മെമ്പറന്മാർ ധരിക്കേണ്ടതാണ്. തുല്യസന്ദർഭവും തുല്യഅവകാശവും അവർക്കു നഷ്ടപ്പെടാതിരിക്കുവാനുള്ള വ്യവസ്ഥകൂടി ഉണ്ടായിരിക്കണമെന്നേ ഇവിടത്തെ ന്യൂനപക്ഷം ആഗ്രഹിക്കുന്നുള്ളൂ.

MR. PONNARA C. SREEDHAR : ന്യൂനപക്ഷ സമുദായങ്ങൾ എന്നു നിങ്ങൾ പറയുന്നതിൽ ആരെയെല്ലാമാണ് ഉൾപ്പെടുത്തിയിരിക്കുന്നതു?

LIBRARY ARCHIVES Kerala Legislative Assembly

MR. ABDUL AZIZ : ന്യൂനപക്ഷസമുദായം എന്നുള്ളതിന്റെ അർത്ഥ വിതരണം ഞാൻ ഇപ്പോൾ പറയുവാൻ ഉദ്ദേശിക്കുന്നില്ല. മി. ഉദയഭാനു മറ്റു സമുദായങ്ങൾക്കെല്ലാം ഉപവിഭാഗങ്ങൾ ഉണ്ടെന്നും എന്നാൽ മുസ്ലിം സമുദായത്തിനുമാത്രം ഉപവിഭാഗങ്ങൾ ഇല്ലെന്നും പറഞ്ഞുകേട്ടു. ആ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ ഞാൻ മനസ്സിലാക്കുന്നത് തിരുവിതാംകൂറിലെ ഭൂരിപക്ഷം മുസ്ലീം സമുദായമാണെന്നും ബാക്കിയുള്ളവരെല്ലാം ന്യൂനപക്ഷമാണെന്നുമാണ്. ന്യൂനപക്ഷമെന്നു പറയുമ്പോൾ ന്യൂനപക്ഷസമുദായങ്ങൾ എന്നുമാത്രമാണ് ചിലർ ധരിക്കുന്നതു. ന്യൂനപക്ഷമെന്നു പറഞ്ഞാൽ സമുദായം മാത്രമല്ല പല ന്യൂനപക്ഷതാല്പര്യങ്ങളുംകൂടിയുണ്ട്. അങ്ങനെ ഈ ന്യൂനപക്ഷസമുദായങ്ങളുടെ കാര്യത്തിലും ന്യൂനപക്ഷതാല്പര്യങ്ങളുടെ കാര്യത്തിലും ചർച്ച ചെയ്യുന്ന കമ്മിറ്റിയിൽ അതാതു കാര്യങ്ങളിൽ വിദഗ്ധാഭിപ്രായമുള്ള അംഗങ്ങളെക്കൂടി എടുക്കേണ്ടതാണു.

MR. G. CHANDRASEKHARA PILLAI : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. മി. കെ. പി. നീലകണ്ഠപ്പിള്ളയുടെ ഭേദഗതിയെപ്പറ്റിയുള്ള വാദപ്രതിവാദങ്ങൾ അവസാനിപ്പിക്കണമെന്ന ഒരു പ്രമേയം ഇവിടെ വരുകയും അതു പാസ്സാക്കുകയും ചെയ്തിട്ടുണ്ടല്ലോ. ഇപ്പോൾ ബഹുമാനപ്പെട്ട മെംബർ അങ്ങനെ വാദപ്രതിവാദം അവസാനിപ്പിച്ച ആ വിഷയത്തെപ്പറ്റി വീണ്ടും പ്രസ്താവിക്കുന്നതു ശരിയാണോ.?

MR. PRESIDENT : ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതി നാമിനേറ്റുചെയ്യുന്നവരുടെ എണ്ണം അഞ്ചായിരിക്കണമോ അതോ മൂന്നായിരിക്കണമോ എന്നാണു്. മൂന്നു വേണമെന്നുള്ള അഭിപ്രായത്തെ മി. അസിസ് എതിർക്കുകയാണുചെയ്യുന്നതു്.

MR. PONNARA G. SREEDHAR : ആദ്യത്തെ ഭേദഗതിയെ എതിർത്തു സംസാരിച്ചവർക്ക് ഇനിയും സംസാരിക്കാമോ ?

MR. PRESIDENT : ഈ ഭേദഗതിയെപ്പറ്റി സംസാരിക്കാം.

MR. ABDUL AZIZ : സർ, നാമിനേറ്റുചെയ്യുന്നവരുടെ സംഖ്യ നാലതിയെന്നു നിശ്ചയിച്ചാൽ കാര്യമായ യാതൊരു പ്രാതിനിധ്യവും മൈനാറിറ്റിക്കു കൊടുക്കാൻ സാധ്യമല്ല. അഞ്ചു പേർ തിരഞ്ഞെടുക്കപ്പെടുന്നപക്ഷം അതിൽ ന്യൂനപക്ഷങ്ങളുടെ സംഖ്യ വളരെ കുറവായിരിക്കും, നേരേമറിച്ച് തിരഞ്ഞെടുക്കപ്പെടുന്നവരുടെ സംഖ്യ ഏഴു

LIBRARY ARCHIVES Kerala Legislative Assembly

എന്നു നിർണ്ണയിച്ചാൽ അതിൽ ആറോ ഏഴോ പേർ ന്യൂനപക്ഷക്കാരായിരിക്കും. നാമിനോറുചെയ്യുന്ന ആറുപേരും ന്യൂനപക്ഷക്കാരായിരിക്കും. അങ്ങനെ ഫസ്റ്റ് പേർ അടങ്ങിയ ഈ അഡൈ്വസറി കമ്മിറ്റിയിൽ ഏകദേശം ഫസ്റ്റ് പേരോളം ന്യൂനപക്ഷക്കാർതന്നെയായിരിക്കും. അതുകൊണ്ട് ഏതൊരു കക്ഷിയെ സംബന്ധിച്ചാണോ കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുവാൻ വിചാരിക്കുന്നത് ആ കക്ഷിയുടെ പിൻബലം ആ റിപ്പോർട്ടിനു് ഉണ്ടായിരിക്കുമെന്നാണു് ഈ വ്യവസ്ഥ കൊണ്ടുള്ള ഗുണം. അതുകൊണ്ടുതന്നെയാണു് ഇൻഡ്യൻകാൺസ്റ്റിറ്റ്യൂവൻറ് അസംബ്ളി ചട്ടങ്ങളിലും ഈ വ്യവസ്ഥ ചെയ്തിരിക്കുന്നത്. പ്രജാധിപത്യതത്ത്വങ്ങൾക്ക് അതുകൊണ്ട് യാതൊരു ദോഷവും ഉണ്ടാകുന്നില്ല. നേരേമറിച്ച് ന്യൂനപക്ഷങ്ങൾക്ക് ഭൂരിപക്ഷകക്ഷികളിൽ നിന്നും ഇതുവരെ ഉണ്ടായിട്ടുള്ള അനുഭവങ്ങളെ വച്ചുനോക്കുമ്പോൾ അവരെ വിശ്വസിച്ച് കണ്ണുമടച്ച് ഇരിക്കുവാൻ തയാറില്ലാത്ത പരിതഃസ്ഥിതികളേയും സംശയങ്ങളേയും ദൂരീകരിക്കുവാൻ ഈ വ്യവസ്ഥ ഉപകരിക്കുകയും ചെയ്യും. ഇക്കാരണത്താൽ ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

MR. E. JOHN PHILIPOSE: Sir, a point of order. I thought the closure motion was applied as far as the original amendment was concerned. The only amendment now before the House is Mr. Elankath's amendment, *viz.*, "there should be 6 and 3." A closure motion was applied for the original amendment. Therefore, is the honourable member in order in talking about the original amendment for which a closure was applied?

MR. PRESIDENT: No. അടുത്തതായി ഈ കമ്മിറ്റിയിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ വോട്ടിംഗിസിസ്റ്റം ഏതായിരിക്കണമെന്നുള്ളതിനെപ്പറ്റിയുള്ള മി. കെ. പി. നീലകണ്ഠപ്പിള്ളയുടെ ഭേദഗതി അവതരിപ്പിക്കുന്നതാണു്.

MR. K. P. NILAKANTA PILLAI: Sir, I move—

"In Rule 35, sub-rule (1) substitute the words "cumulative voting", for the words "proportional representation by means of the single transferable vote."

I request the permission of the Chair to explain this motion in English, because it is very difficult to find appropriate Malayalam translations for the expression, "cumulative voting".

MR. PRESIDENT: ഈ വാക്കുകൾ ഇംഗ്ലീഷിൽതന്നെ പറയാം. പ്രസംഗം മലയാളത്തിലുമാകാം.

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. NILAKANTA PILLAI: I plead inability, Sir, (*Laughter*). However much I might explain the system of proportional representation in Malayalam, even in English it is very difficult to understand. (*Laughter*).

കൂമിലോറിവുവോട്ട് എന്നുവച്ചാൽ ഏതുയാളുകളെ തിരഞ്ഞെടുക്കണമെന്നുണ്ടോ അതുയും സ്ഥാനാർത്ഥികളെ നിൽക്കാൻ അനുവദിക്കുകയും ഓരോ വോട്ടർക്കും അതുയും വോട്ട് ഉണ്ടായിരിക്കുകയും ചെയ്യുക എന്ന രീതിയാണ്. അല്ല, സർ, തെറ്റിപ്പോയി.

That is the difficulty, Sir. (*Loud laughter.*)

Therefore I say the system of cumulative voting means that as many votes are allowed to a voter as there are seats for election and every voter is allowed ample discretion to distribute each vote as he pleases. That is what is meant by the system of cumulative voting. The principle of proportional representation by the single transferable vote means that an attempt is made to represent the surplus vote which a candidate may receive over and above the minimum necessary for returning that candidate in the election and to allow the surplus vote to be used by the next candidate whom he has chosen in order of preference. That is what is meant by the principle of proportional representation by a single transferable vote.

Now this is the method which is recommended by the Committee in its report. My amendment is to substitute the system of cumulative voting in the place of the system of proportional representation by the single transferable vote. Sir, when the mover of the bill explained this particular section of the bill, I put a question to him. "What is the main object of adopting the method of proportional representation in preference to cumulative voting?" His answer was that provision has been adopted by the Indian Constituent Assembly on the one hand and secondly he thought that it would serve the purpose of the minorities to get adequate representation in the election.

Sir, I even differ there. The principle of proportional representation, whether it would give adequate representation to the minorities is itself a matter which has not been finally settled by the Western countries. Of course it is adopted in America and the Indian Constituent Assembly too has done it. For adopting this principle in America the reason was this. When electorates are divided into unwieldy districts, when there are well organised political groups the members of which are spread over these unwieldy electorates, there, if the system of proportional representation is adopted, it may give a chance to the members of the minority groups which are distributed throughout the different regions to concentrate their votes upon a set of elected candidates by adopting the principle of proportional representation and by making use of surplus vote to be shifted to the next man in the order. Even then, according to one school of thought this principle would not give adequate representation to the minority political groups. There are other schools of thought.

LIBRARY ARCHIVES Kerala Legislative Assembly

According to some politicians in some cases even this may result in minority dominating over majority and well organised political groups.

MR. V. O. MARKOS: A question. Can the honourable member mention the name of the politician who has said that?

MR. K. P. NILAKANTA PILLAI: I do not remember his name now. I will illustrate. Suppose for a moment there are 10 electoral districts and 10 members are to be returned. There are 10 constituencies with 100 voters in each constituency. In each constituency A and B represent two political groups. In 4 constituencies out of 10 A group gets 90 votes and from the remaining 6 that group secures 40 votes. Suppose B group gets 10 votes in 4 constituencies and 60 in the remaining constituencies. The result would be that A's political group secures 600 while B only 400. It means the minority political group B is to return 6 candidates to the legislature while A group which commanded 600 votes out of one thousand could return only 4 members. There is that inequity. Sometimes the result would be that the minority would dominate in elections and return more candidates which according to the strength of the voters is not justifiable. Of course the Indian Constituent Assembly has adopted this method for some purpose and I do not know why they did so.

MR. ABDUL AZIZ: Does the honourable member know that it was for justifiable reasons?

MR. K. P. NILAKANTA PILLAI: I could not hear the honourable member well at this distance.

My point is, for the purpose of conducting elections in this Body, such a cumbrous and un-understandable procedure of proportional representation may be discarded for this reason. Again, out of 15 pages in this booklet, the rules proper cover 9 pages and the rules how to apply the principle of proportional representation is contained in the remaining six pages. It is very difficult to understand such a cumbersome arrangement. On the other hand, according to me when there are well integrated political parties, election by the process of proportional representation may not give the desired effect. I may say this very principle itself is out of place here. There are 3 well knit and integrated groups, the State Congress, the Tamil Congress and the Muslim League and for purposes of election to committees some sort of understanding has been arrived at. Distribution somehow is so effected and the committe personnel would be chosen to represent all the political groups. By adopting the principle of cumulative voting too, as many members could be returned and there may not be any substantial change in the result. That is the reason why I said the principle of proportional representation is a very difficult procedure, cumbersome and un-understandable and the benefit is quite disproportionate to the trouble and task which the members are asked to undertake. In these circumstances even by adopting the simple and understandable method of cumulative voting there may not be material difference in

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Nilakanta Pillai]

